# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 03    മാർച്ച്–2011    ലക്കം 2**

ഒറ്റപ്രതി 10 രൂപ    വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

ആദരാഞ്ജലികൾ ........................................................ 03
ജൂബിലി ഗ്രീറ്റിംഗ്സ് ........................................................ 05
ഇടയലേഖനം ........................................................ 07
സർക്കുലർ ........................................................ 13
അറിയിപ്പ് - നീലഗിരി റീജിയൺ ........................................................ 18
കെ.സി.ബി.സി. സർക്കുലർ ........................................................ 19
DECREE ........................................................ 22
ജൂഡ്സ് മൗണ്ട് ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി.. 23
പാരീഷ് സോഫ്റ്റ്‌വെയർ പ്രോഗ്രാം ........................................................ 27
രൂപതാകച്ചേരി വാർത്തകൾ ........................................................ 29
വൈദികസമ്മേളനം - റിപ്പോർട്ട് ........................................................ 38
മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനം - റിപ്പോർട്ട് ... 41
പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട് ... 43
മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ
ഫോളോഅപ്പ് കമ്മിറ്റി ........................................................ 45
വൊക്കേഷൻ ബ്യൂറോ ........................................................ 46
സെമിനാരി വാർത്തകൾ ........................................................ 48
മതബോധനരംഗം ........................................................ 49
ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................................ 57
ചെറുപുഷ്പമിഷൻലീഗ് ........................................................ 60
കെ. സി. വൈ. എം. ........................................................ 65
ക്രിസ്റ്റീൻ വാർത്തകൾ ........................................................ 71
കുടുംബപ്രേഷിതത്വം ........................................................ 72
സിയോൻ വാർത്തകൾ ........................................................ 74
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................................ 77
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................................................ 81
റേഡിയോ മാറ്റൊലി ........................................................ 84
Mary Matha Arts and Science College ........................................................ 86
CEDOM (വിദ്യാഭ്യാസ മണ്ഡലം) ........................................................ 87
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................................ 92
ബിഷപ്സ് പ്രോഗ്രാം ........................................................ 93

# ആദരാഞ്ജലികൾ



## റവ.ഫാ. പീറ്റർ ചെറുകരമുട്ടം

മാനന്തവാടി രൂപതയിലെ വൈദികനായ റവ.ഫാ. പീറ്റർ ചെറുകരമുട്ടം (68) 2011 ഫെബ്രുവരി 7–ാം തീയതി തിങ്കളാഴ്ച കർത്താവിൽ നിദ്ര പ്രാപിച്ചു. തലശ്ശേരി അതിരൂപതയിലെ കണിച്ചാർ ഇടവകയിലെ ചെരുകരമുട്ടം ചെറിയാൻ കത്രീന ദമ്പതികളുടെ അഞ്ചാമത്തെ പുത്രനായി 1943–ൽ ജനിച്ചു. റീത്താമ്മ, അന്നമ്മ, മാത്തുക്കുട്ടി, മേരി, റോസമ്മ, ജോയിച്ചൻ, പരേതനായ ജോർജ്ജ്കുട്ടി എന്നിവരാണ് സഹോദരങ്ങൾ. മക്കിയാട് സെന്റ് ജോസഫ്സ് ആശ്രമത്തിലും ബാംഗ്ലൂർ ക്രിസ്തുജ്യോതി കോളേജിലും വൈദിക പരിശീലനം പൂർത്തിയാക്കി 1976 ഡിസംബർ 16–ാം തീയതി മക്കിയാട് ആശ്രമത്തിൽ വച്ച് കോഴിക്കോട് രൂപത മെത്രാൻ അഭിവന്ദ്യ ആൽദോ മരിയ പത്രോണി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. മക്കിയാട് ബെനഡിക്ടൻ സന്യാസ സഭയിലെ അംഗമായിരുന്ന അച്ചൻ 1978–ൽ മാനന്തവാടി രൂപതയിൽ ചേർന്നു. മാനന്തവാടി രൂപതയിലെ പുത്തൂർവയൽ, മണ്ണുവയൽ, മച്ചിക്കൊല്ലി, ഏലപ്പീടിക, മഞ്ഞൂറ, നെല്ലിയോടി, തോമാട്ടുചാൽ, കണിയാമ്പറ്റ എന്നീ ഇടവകകളിൽ വികാരിയായും സെമിനാരിവില്ല

എസ്റ്റേറ്റിൽ മാനേജരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അസുഖത്തെ തുടർന്ന് 2009 മെയ് 15 മുതൽ പച്ചിലക്കാട് സ്വഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 33 വർഷത്തെ പൗരോഹിത്യ സേവനത്തിലൂടെ അനാഥരും ആലംബഹീനരുമായ അനേകം കുഞ്ഞുങ്ങളെ ജീവിതത്തിന്റെ വിവിധ തുറകളിലേയ്ക്ക് അച്ചൻ കൈപിടിച്ചുയർത്തി.

പരേതന്റെ മൃതദേഹം 7-ാം തീയതി രാത്രി 9 മണിയോടെ പൗരോഹിത്യശുശ്രൂഷയുടെ അവസാന 7 വർഷങ്ങൾ സേവനം ചെയ്ത കണിയാമ്പറ്റ സെന്റ് മേരീസ് ദേവാലയത്തിൽ എത്തിക്കുകയും അവിടെ പൊതുദർശനത്തിന് ശേഷം അച്ചൻ വിശ്രമജീവിതം നയിച്ച പച്ചിലക്കാട് സ്വഭവനത്തിലേയ്ക്ക് കൊണ്ടുപോവുകയും കണിയാമ്പറ്റ വികാരി ബഹു.ജോസ് മുണ്ടയ്ക്കാമറ്റം അച്ചൻ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്തിന് നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് രാത്രി പതിനൊന്നരയോടുകൂടി ദ്വാരക പാസ്റ്ററൽ സെന്ററിലെ ചാപ്പലിലേയ്ക്ക് കൊണ്ടുപോയി അവിടെ പൊതുദർശനത്തിന് വച്ചു. പിറ്റേദിവസം രാവിലെ 11 മണിയ്ക്ക് മാനന്തവാടി രൂപത വികാരി ജനറാൾ വെരി.റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ മൃതസംസ്കാര ശുശ്രൂഷയുടെ 2-ാം ഭാഗത്തിന് നേതൃത്വം നൽകുകയും തുടർന്ന് മൃതദേഹം സിയോൻ ഹാളിലേയ്ക്ക് മാറ്റുകയും ചെയ്തു. ബത്തേരി രൂപത വികാരിജനറാൾ മോൺ. ചാമക്കാലായിൽ, മണ്ഡ്യ രൂപത പ്രൊവികാരി ജനറാൾ വെരി. റവ. ഫാ. പോൾ കൂട്ടാല തുടങ്ങിയവർ അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ദ്വാരക സിയോൻ ഹാളിൽ മൃതസംസ്കാര ശുശ്രൂഷയുടെ ഭാഗമായ സമൂഹബലിയ്ക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും ബഹു. പീറ്ററച്ചനെ അനുസ്മരിച്ചുകൊണ്ട് ചരമ പ്രസംഗം നടത്തുകയും മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. മണ്ഡ്യ രൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞരളക്കാട്ട് പിതാവ് വി.ബലിയിലും മൃതസംസ്കാര ശുശ്രൂഷയിലും സഹകാർമ്മികനായിരുന്നു.

അനേകരുടെ ആത്മീയവും ഭൗതീകവുമായ ഉയർച്ചയ്ക്ക് തീക്ഷണതയോടെ സേവനം ചെയ്ത പീറ്ററച്ചന് ദൈവം നിത്യസൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെ ദീപ്തമായ സ്മരണയ്ക്കുമുമ്പിൽ മാനന്തവാടി രൂപത മുഴുവന്റെയും പ്രാർത്ഥനാ നിർഭരമായ ആദരാഞ്ജലികൾ....

# JUBILEE GREETINGS

**പൗരോഹിത്യ രജത ജൂബിലി നിറവിലായിരിക്കുന്ന ബഹു. വൈദികർക്ക് ആശംസകൾ**



**Rev. Fr. Kuriakose Kumbakeel**
**Ordination : 13-5-1986**



**Rev. Fr. Mathew Perumattikunnel**
**Ordination : 17-5-1986**



**Rev. Fr. John Puthukulathil**
**Ordination : 26-12-1986**



**Rev. Fr. Thomas Vazhachalil**
**Ordination : 29-12-1986**



# ഇടയലേഖനം



***Pastoral Letter No. 01/2011***
***Prot. No. 10445/2011***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. പശ്ചാത്താപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും അടയാളമായി നെറ്റിയിൽ കരി പൂശി നാം നോമ്പാരംഭിക്കുന്നു. നോമ്പ് കാലത്ത് നമ്മൾ ആഘോഷങ്ങൾ വേണ്ടെന്ന് വയ്ക്കുന്നു. ഭക്ഷണപാനീയങ്ങളിൽ മിതത്വം പാലിക്കുകയും കൂടുതലായി പ്രായശ്ചിത്തപ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നു. ദാനധർമ്മങ്ങളും നോമ്പുകാലത്ത് കൂടുതലായി ചെയ്യാൻ നാം പരിശ്രമിക്കുന്നു. തീർത്ഥാടനങ്ങളും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. നോമ്പുകാലത്ത് കൂടുതലായി വിശുദ്ധ കുമ്പസാരത്തിലൂടെ നമ്മൾ നമ്മെത്തന്നെ വിശുദ്ധീകരിക്കുകയും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത് കർത്താവിന്റെ തിരുശരീരവും തിരുരക്തവും സ്വീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെയെല്ലാം നമ്മൾ ദൈവത്തോട് കൂടുതൽ അടുക്കുവാൻ പരിശ്രമിക്കുകയാണ്. അതേ, ദൈവത്തോട് അടുത്ത് നിൽക്കണമെങ്കിൽ അഥവാ ശരിയായ ക്രൈസ്തവ ജീവിതം നയിക്കണമെങ്കിൽ നാം ഇങ്ങനെയെല്ലാം ചെയ്തേ മതിയാകൂ. കാരണം നമ്മൾ ബലഹീനരായ കേവലം മനുഷ്യരാണ്.

എന്നാൽ നോമ്പുകാലാനുഷ്ഠാനങ്ങൾ നോമ്പുകാലത്തേയ്ക്ക് മാത്രമുള്ളതാണോ? അല്ല എന്നതാണ് വസ്തുത. ഡോക്ടറാകാനും

എഞ്ചിനീയറാകാനും അധ്യാപകനാകാനും എല്ലാം നാം പരിശീലനം നേടേണ്ടതുണ്ട്. അവയിൽ ചിലത് വർഷങ്ങൾ നീണ്ട് നിൽക്കുന്നതുമാണ്. അങ്ങനെ പഠിക്കുന്നതും പരിശീലിക്കുന്നതുമായ കാര്യങ്ങൾ ജോലികിട്ടുമ്പോൾ പ്രാവർത്തികമാക്കാനാണ്, മറക്കാനല്ല. അതുപോലെതന്നെയാണ് നോമ്പ് കാലത്ത് നാം അനുഷ്ഠിക്കുന്ന ഉപവാസം, മാംസവർജ്ജനം, മറ്റ് പ്രായശ്ചിത്തപ്രവൃത്തികൾ, തീർത്ഥാടനങ്ങൾ, ദാനധർമ്മങ്ങൾ തുടങ്ങിയവയുടെ കാര്യവും. അവ നോമ്പുകാലത്തിന് ശേഷവും നമ്മുടെ ജീവിതത്തിന്റെ ഭാഗമാകണം. ക്രൈസ്തവജീവിതം അങ്ങനെയാണ് ജീവിക്കേണ്ടത്. നോമ്പുകാലത്ത് മാത്രം അവ അനുഷ്ഠിച്ചതുകൊണ്ട് കൂടുതലായി എന്തെങ്കിലും പ്രത്യേകമൂല്യം ഇല്ല. മറ്റ് ചില മതങ്ങളിലേതുപോലെ ക്രൈസ്തവ ആദ്ധ്യാത്മികത സ്ഥലകാലബദ്ധമല്ല. അവ അനുഷ്ഠാനങ്ങളിലൂടെ ലഭ്യമാകുന്നതുമല്ല.

നോമ്പുകാലാനുഷ്ഠാനങ്ങൾ എന്നും സാദ്ധ്യമാണോ അല്ലെങ്കിൽ വേണമോ എന്ന് ആരെങ്കിലും ചോദിച്ചേക്കാം. അവ എന്നും വേണമെന്നില്ല. പക്ഷേ അവയിലൂടെ നേടിയെടുക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ എന്നും നമ്മുടെ ജീവിതത്തിലുണ്ടായിരിക്കണം.

ഭക്ഷണപാനീയങ്ങളിലുള്ള നമ്മുടെ നിയന്ത്രണം വഴി നാം നേടുന്നത് നമ്മുടെ ശരീരത്തിന്റേയും മനസ്സിന്റേയും മേലുള്ള പൂർണ്ണനിയന്ത്രണമാണ്. നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ അങ്ങനെയേ കഴിയൂ എന്ന കാര്യവും ഈ അനുഷ്ഠാനങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രമമായി എല്ലാ നേരവും ഭക്ഷണം കഴിക്കുന്ന ഒരാൾ ഏതാനും നാളത്തേയ്ക്ക് ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിലും ഒന്നും സംഭവിക്കയില്ല. എങ്കിലും ഉപവാസത്തെപ്പറ്റി ചിന്തിക്കുമ്പോൾ തന്നെ വിശപ്പ് തോന്നുന്നത് പലരുടേയും അനുഭവമാണ്. അപ്പോൾ അത് ഒരു പരിധി വരെ മനസ്സിന്റെ ഒരു പ്രശ്നമാണ്. മനസ്സിൻമേൽ കൂടുതൽ നിയന്ത്രണം വന്നു കഴിയുമ്പോൾ ആ പ്രശ്നം ഇല്ലാതാകുന്നു. മത്സ്യമാംസങ്ങൾ നമ്മുടെ ഭക്ഷണം കൂടുതൽ ആസ്വാദ്യകരമാക്കുന്നവയാണ്. എന്നാൽ അവ കഴിച്ചില്ലെങ്കിലും നമ്മുടെ ശരീരം ആരോഗ്യത്തോടെ തന്നെയിരിക്കും എന്ന് മാംസവർജ്ജനം നമ്മെ പഠിപ്പിക്കുന്നു. മറ്റുള്ളവരുമായി നമുക്കുള്ളത് പങ്കുവയ്ക്കണമെങ്കിൽ നാം ചിലതെല്ലാം വേണ്ടെന്ന് വച്ചാൽമതി എന്നും ഇതിലൂടെ നാം പഠിക്കുന്നു. മിച്ചമുണ്ടായിട്ട് മറ്റുള്ളവർക്ക് കൊടുക്കാം എന്ന് കരുതുന്നത് മൗഢ്യമായിരിക്കും. കാരണം അങ്ങനെ ഒരു സ്ഥിതി ഒരിക്കലും ഉണ്ടാകാൻ സാദ്ധ്യതയില്ല. വലിയ ധനവാനും പണം എത്ര കിട്ടിയാലും തികയുകയില്ല.

ഉപവാസം എങ്ങനെയായിരിക്കണം എന്ന് വി. മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നു. *നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരേപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നു എന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. അവർക്ക് പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുന്നത് അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന് ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതി ഫലം നൽകും* (മത്തായി 6:16–18). നമ്മുടെ നോമ്പുകാലാനുഷ്ഠാന ങ്ങൾ ഇങ്ങനെയായിരിക്കണമെന്ന് സാരം. കേവലം ബാഹ്യമായ ഒരു ഉപവാസം നമുക്ക് ഒന്നും നേടിത്തരുന്നില്ല. ഉപവാസവും മാംസവർജ്ജ നവും പ്രാർത്ഥനയും തീർത്ഥാടനവും പ്രായശ്ചിത്തപ്രവൃത്തികളും എല്ലാം നമ്മുടെ ഹൃദയത്തെ ദൈവത്തോടടുപ്പിക്കുമ്പോഴേ അവ ഉദ്ദേ ശിക്കുന്ന ഫലം ചെയ്യുന്നുള്ളു. ബാഹ്യമായ കാര്യങ്ങളിൽ പുലർത്തുന്ന ശ്രദ്ധയിലേറെ ആന്തരികമായ വിശുദ്ധിയിലായിരിക്കണം നാം ശ്രദ്ധ വയ്ക്കേണ്ടത്. അതിലൂടെ നമ്മുടെ മനോഭാവങ്ങളിലും മാറ്റമുണ്ടാകണം.

ഉപവാസത്തെപ്പറ്റി ഏശയ്യാപ്രവാചകൻ പറയുന്നത് ഇപ്രകാര മാണ്. *എന്നാൽ ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണ് തേടു ന്നത്. നിങ്ങളുടെ വേലക്കാരെ നിങ്ങൾ പീഢിപ്പിക്കുന്നു. കലഹിക്കുന്ന തിനും ശണ്ഠകൂടുന്നതിനും ക്രൂരമായി മുഷ്ടികൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്. നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല.* (ഏശയ്യ 58:3–4). തെറ്റായ മനോഭാവത്തോടെയുള്ള ഉപവാസം ഉദ്ദേശിക്കുന്ന ഫലം നൽകുകയില്ല. എന്നുതന്നെയല്ല ഉപവാസം തന്നെ മറ്റുള്ളവർക്ക് പീഢ നമായി മാറുന്ന കാഴ്ചയാണ് പ്രവാചകൻ ഇവിടെ വരച്ച് കാണിക്കു ന്നത്. ഉപവസിക്കുകയും അതേ സമയം അക്രൈസ്തവമായ പ്രവൃ ത്തികളിൽ മുഴുകുകയും ചെയ്യുന്നവരുടെ ഉപവാസം ഫലശൂന്യമാണ് എന്നും പ്രവാചകനിലൂടെ കർത്താവ് ഭംഗ്യന്തരേണ അരുളിച്ചെയ്യുന്നു.

നാം ചെയ്യുന്ന പലതും ഉപവാസമെന്ന് വിളിക്കപ്പെടാനേ അർഹ തയില്ലാത്തവയാണ്. പ്രവാചകൻ ചോദിക്കുന്നു: *ഇത്തരം ഉപവാസ മാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളി മപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തല കുനിക്കുന്നതും ചാക്ക് വിരിച്ച് ചാരവും വിതറി കിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസം എന്നും*

*വിളിക്കുക?* (ഏശയ്യാ 58:5). അതായത് ഏതാനും ദിവസത്തേയ്ക്ക് ഒരു നേരം ഭക്ഷണം വേണ്ടെന്ന് വയ്ക്കുന്നതും അതല്ലെങ്കിൽ ഏതെങ്കിലും പ്രത്യേകഭക്ഷണം ഉപേക്ഷിക്കുന്നതും നോമ്പുകാലത്ത് മാത്രമായി മദ്യപാനം പുകവലി തുടങ്ങിയവ ഉപേക്ഷിക്കുന്നതും ഒന്നും യഥാർത്ഥ ഉപവാസമാകണമെന്നില്ല എന്നർത്ഥം. അവയോടൊപ്പം മറ്റ് ചിലത്കൂടിയുണ്ടാകണം. അവയെന്താണ് എന്നാണ് ഇനി പറയുന്നത്: *ദുഷ്ടതയുടെ കെട്ട് പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?* (ഏശയ്യാ 58:6–7). ചുരുക്കത്തിൽ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹത്തിലും എല്ലാം അനീതി കൊടികുത്തിവാഴാൻ നമ്മൾ അനുവദിക്കുമ്പോൾ ഭക്ഷണപാനീയത്തിലുള്ള ഉപവാസം ഉപവാസമേയല്ല. അവയിൽ ദൈവം പ്രസാദിക്കുന്നുമില്ല. ആ ഉപവാസത്തിലൂടെ അനീതികളെ ഇല്ലായ്മ ചെയ്യാനുള്ള മനസ്സും ശക്തിയും നേടുമ്പോഴാണ് ഉപവാസം ഉപവാസമായിത്തീരുന്നത്. കൈക്കൂലി വാങ്ങുന്നവരും അഴിമതി നടത്തുന്നവരും, കൈക്കൂലി കൊടുക്കാത്തവരേയും അഴിമതിക്കു കൂട്ടുനിൽക്കാത്തവരേയും പീഢിപ്പിക്കുന്നവരും, അക്രമത്തിലൂടെയും വഞ്ചനയിലൂടെയും മറ്റും ലാഭമുണ്ടാക്കുന്നവരും എന്നാൽ അനുഷ്ഠാനങ്ങളിൽ കുറവ് വരുത്താത്തവരും ആയവരെ ചിന്തിപ്പിക്കേണ്ടതാണ് ഈ പ്രവാചകവചനങ്ങൾ.

യഥാർത്ഥമായി ഉപവസിക്കുന്നവരുടെ കാര്യത്തിൽ എന്ത് സംഭവിക്കുമെന്നും പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നുണ്ട്. *അപ്പോൾ നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും. നീ വേഗം സുഖം പ്രാപിക്കും. നിന്റെ നീതി നിന്റെ മുമ്പിലും കർത്താവിന്റെ മഹത്വം നിന്റെ പിൻപിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും. നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഢിതർക്ക് സംതൃപ്തി നൽകുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ട വേളകൾ മദ്ധ്യാഹ്നം പോലെ*

*യാകും. കർത്താവ് നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്ക് സമൃദ്ധി നൽകും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ച് വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെ ആകും നീ.* (ഏശയ്യാ 58:8–11).

മറ്റ് വാക്കുകളിൽ പറഞ്ഞാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും സംഭവിക്കുന്നില്ലെങ്കിൽ അതിനർത്ഥം പ്രശ്നം നമ്മളിൽ തന്നെയാണെന്നാണ്. ഈ നോമ്പു കാലത്ത് നാം നമ്മളിലേയ്ക്ക് തന്നെ തിരിഞ്ഞു നോക്കണം. ആത്മാർത്ഥ മായി ആത്മശോധന ചെയ്യണം: എവിടെയാണ് എനിക്ക് പിശക് പറ്റിയ തെന്നും, എവിടെയാണ് ഞാൻ മാറേണ്ടതെന്നും. അപ്രകാരമുള്ള ഒരു മനംമാറ്റത്തിലേക്കും മാനസാന്തരത്തിലേയ്ക്കും നയിക്കുന്നതാകണം നമ്മുടെ നോമ്പാചരണം.

വലിയ നോമ്പിൽ ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം പാലിച്ച് പ്രാർത്ഥിച്ച് ഒരുങ്ങി പ്രത്യേകവേഷവും ധരിച്ച് കാൽനടയായും അല്ലാ തെയും മലയാറ്റൂർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് തീർത്ഥാടനം നട ത്തുന്നവർ നമ്മുടെയിടയിൽ ധാരാളമുണ്ട്. ചിലരാകട്ടെ മരക്കുരിശും വഹിച്ചാണ് പോകുന്നത്. കർത്താവ് കുരിശ് ചുമന്ന് കാൽവരിയിലേയ്ക്ക് പോയതിന്റെ ഓർമ്മയാണ് ഇവിടെ ആചരിക്കപ്പെടുന്നത്. എന്നാൽ നാമൊന്ന് ഓർക്കേണ്ടതുണ്ട്. ഒരു മരക്കുരിശെടുക്കാനോ, നമ്മുടെ കഷ്ട പ്പാടുകൾ ചുമക്കാനോ മാത്രമല്ല കർത്താവ് നമ്മോട് ആവശ്യപ്പെടു ന്നത്. കുരിശെടുക്കുന്നതിനെപ്പറ്റി പറയുന്ന ഭാഗം വി. സുവിശേഷത്തിൽ നാം ഇപ്രകാരം വായിക്കുന്നു: *യേശു ശിഷ്യന്മാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമി ക്കട്ടെ* (മത്തായി 16:24). മരിക്കാൻ ഒരുങ്ങി ജെറുസലേമിലേക്ക് പോകുന്ന സമയത്താണ് യേശു ഇത് പറയുന്നത്. കുരിശ് അവിടുത്തേക്ക് മരി ക്കാനുള്ള ഉപകരണമാണ്. അപ്പോൾ കുരിശെടുക്കുക എന്ന് പറഞ്ഞാൽ മരിക്കാനുള്ള ഉപകരണം എടുക്കുക എന്നാണർത്ഥം. എന്നാൽ ഒരു ശാരീരികമരണത്തെപ്പറ്റിയല്ല അവിടുന്ന് പറയുന്നത് എന്നു നാം ശ്രദ്ധി ക്കണം. എന്നിലെ ഞാൻ അഥവാ അഹം മരിച്ച് അവിടെ ദൈവം ജീവി ക്കണം എന്നാണ് കർത്താവ് പറയുന്നത്. എന്റെ ആഗ്രഹങ്ങളല്ല ദൈവത്തിന്റെ ഇഷ്ടമാണ് ഞാൻ നിർവ്വഹിക്കേണ്ടത്. നമ്മിലെ താൻപോരിമ ഇല്ലാതാക്കണം. അപ്പോൾ നാം കുരിശെടുത്തു എന്ന്

പറയാം. വി. പൗലോസിനെപ്പോലെ നമുക്കും അപ്പോൾ പറയാൻ കഴിയും: *ഇനി ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.*

കുരിശ് ചുമന്ന് തീർത്ഥാടനത്തിന് പോകുന്നവരുടെ ജീവിതത്തിൽ ഇപ്രകാരം സംഭവിക്കുമ്പോഴാണ് പ്രതീകാത്മകമായി അവർ ചെയ്യുന്ന പ്രവൃത്തിയ്ക്ക് അർത്ഥമുണ്ടാകുന്നത്. നോമ്പെടുക്കുന്ന നമ്മിൽ എല്ലാവരിലും സംഭവിക്കേണ്ടതാണ് ഇത്. അപ്പോൾ നമ്മുടെ വ്യക്തിജീവിതവും സമൂഹജീവിതവും സന്തോഷപ്രദമാകും. ഇതിനുള്ള പരിശീലനകാലമാണ് നോമ്പ് എന്ന് പറയാം.

യഥാർത്ഥക്രൈസ്തവജീവിതം പരിശീലിക്കുന്നതിനുള്ള അവസരമായി ഈ നോമ്പുകാലം മാറട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ നോമ്പുകാലത്തിന്റെ അവസാനം ആഘോഷിക്കപ്പെടുന്ന ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾക്കെല്ലാവർക്കും മുൻകൂട്ടി നേരുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2011 ഫെബ്രുവരി മാസം 20 ന് നൽകപെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2011 മാർച്ച് 6-ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 2/2011***
***Prot. No.10446/2011***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കത്തോലിയ്ക്കാവിശ്വാസികളുടെ ജീവിതത്തിൽ വൈദികരുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ് എന്ന് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാമല്ലോ. കാരണം നമ്മുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്ര ബിന്ദു പരിശുദ്ധ കുർബാനയാണ്. ആ പരിശുദ്ധ കുർബാന സാധ്യമാക്കുന്ന ദൈവീകസ്ഥാപനമാണ് പൗരോഹിത്യം. നാം പലപ്പോഴും വേണ്ട വണ്ണം ചിന്തിയ്ക്കാത്ത ഒരു കാര്യമാണിത്. സഭയിൽ നിന്ന് പൗരോഹിത്യം അപ്രത്യക്ഷമായാൽ പരിശുദ്ധ കുർബാന അപ്രത്യക്ഷമാകും. അതോടെ സഭയും. മാത്രമല്ല ആരാധനാസമൂഹത്തിന്റെയും നമ്മുടെ സമുദായത്തിന്റെ തന്നേയും നേതൃത്വനിരയാണ് വൈദികർ. വൈദികരുടെ അഭാവം അനുഭവപ്പെടുന്ന പാശ്ചാത്യരാജ്യങ്ങളിൽ സഭയ്ക്ക് വന്നുഭവിച്ചിരിക്കുന്ന ദുരവസ്ഥ നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. അവിടെ പള്ളികളും ഇടവകകളും സാവധാനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കാരണം കുട്ടികൾക്കും യുവജനങ്ങൾക്കും മറ്റും ക്രൈസ്തവരൂപീകരണം കൊടുക്കാനായി ആവശ്യത്തിന് വൈദികരില്ല. സമർപ്പിതരുമില്ല. സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന അക്രൈസ്തവ സ്വാധീനങ്ങളെപ്പറ്റി അവർക്ക് മുന്നറിയിപ്പ് കൊടുക്കാനും അവർക്ക് വിശ്വാസ പരിശീലനം ഉറപ്പ് വരുത്താനും ആവശ്യത്തിന് വൈദികർ ഇല്ലെന്ന് മാത്രമല്ല, ഉള്ളവർ ഇന്നത്തെ തലമുറയെ നേരിടാൻ പര്യാപ്തമായ പരിശീലനം കിട്ടിയവരുമല്ല, കാരണം അവർ ഏറിയ പങ്കും പ്രായം ചെന്നവരാണ്.

മേൽ വിവരിച്ച സ്ഥിതിവിശേഷം നമ്മുടെ സഭയിലും പ്രത്യക്ഷപ്പെട്ട് തുടങ്ങിയെന്നത് നമ്മെ അസ്വസ്തരാക്കേണ്ടതാണ്. കുട്ടികൾ വൈദികജീവിതത്തിലേയ്ക്ക് കടന്നുവരാൻ മടി കാണിക്കുന്നതിന്റെ കാരണമായി പലരും പറഞ്ഞു കേൾക്കുന്നത് കുട്ടികളുടെ കുറഞ്ഞു

വരുന്ന എണ്ണമാണ്. അത് ഒരു കാരണം മാത്രമാണ് എന്നാണ് എനിക്ക് തോന്നുന്നത്. പ്രധാന കാരണങ്ങൾ മറ്റ് ചിലതാണ് എന്ന് വേണം കരുതാൻ. മുൻ കാലങ്ങളിൽ കുട്ടികളുടെ ക്രൈസ്തവരൂപീകരണം ഏറിയ പങ്കും നടന്നിരുന്നത് കുടുംബങ്ങളിലാണ്. അക്കാര്യത്തിൽ മാതാപിതാക്കൾ വളരെയധികം ശ്രദ്ധ കാണിച്ചിരുന്നു. കുട്ടികൾ പ്രത്യേകിച്ച് ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും എങ്കിലും വി. കുർബാനയിൽ സംബന്ധിക്കുന്നുണ്ടെന്നും വിശ്വാസപരിശീലന ക്ലാസുകളിൽ പോകുന്നുണ്ടെന്നും അവർ ഉറപ്പുവരുത്തിയിരുന്നു. കൃത്യമായി ചൊല്ലിയിരുന്ന കുടുംബപ്രാർത്ഥനകൾ അവരുടെ വിശ്വാസജീവിതത്തെ പുഷ്ടിപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിരുന്നു. ടെലിവിഷനും, ഇന്റർനെറ്റും, മൊബൈൽ ഫോണും ഒന്നും ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ വിശ്വാസജീവിതം ഉറപ്പാക്കുക താരതമ്യേന എളുപ്പമായിരുന്നു താനും. മാത്രമല്ല ട്യൂഷൻ, കോച്ചിംഗ്ക്ലാസ്സുകൾ തുടങ്ങിയവ പോലുള്ള കാര്യങ്ങളും അന്നുണ്ടായിരുന്നില്ല. എന്നാൽ പഠനത്തിലുപരിയായി വിശ്വാസജീവിതത്തിന് മാതാപിതാക്കൾ പ്രാധാന്യം കൊടുത്തിരുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

വിശ്വാസപരിശീലനം മാതാപിതാക്കളുടെ കൈകളിൽ സുരക്ഷിതമായിരുന്നതിനാൽ ഇടവകയിൽ വികാരിയച്ചന്മാർക്ക് കാര്യങ്ങൾ എളുപ്പമായിരുന്നു. എന്നാൽ ആ സ്ഥിതി വളരെയധികം മാറിക്കഴിഞ്ഞു. മാതാപിതാക്കളിൽ ഏറിയ പങ്കിനും പല കാരണങ്ങളാൽ തങ്ങളുടെ കുട്ടികളെ ശരിയായ രീതിയിൽ വിശ്വാസജീവിതത്തിൽ വളർത്താൻ കഴിയുന്നില്ല എന്നതാണ് സത്യം. അവർക്ക് തന്നെ വിശ്വാസ ജീവിതത്തിൽ ഉണ്ടായിട്ടുള്ള മാന്ദ്യതയും അതിന് കാരണമാണ്. അതേസമയം ഇടവകയിൽ വൈദികർക്ക് ജോലികൾ വർദ്ധിക്കുകയും അവർക്ക് കുട്ടികളുടെയും മറ്റും കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനുള്ള അവസരം കുറഞ്ഞു വരുകയും ചെയ്തിരിക്കുന്നു. കുട്ടികളെ ഇടവകപ്പള്ളിയിൽ കിട്ടുന്ന സമയവും കുറവാണല്ലോ.

ഈ സ്ഥിതിയിൽ മാതാപിതാക്കൾ കൂടുതലായി ശ്രദ്ധിക്കണം. എങ്കിൽ മാത്രമേ കുട്ടികൾ വിശ്വാസജീവിതത്തിൽ വളരുകയും വൈദിക ജീവിതത്തിലേയ്ക്കും സമർപ്പിതജീവിതത്തിലേയ്ക്കും മറ്റും പ്രവേശിക്കാൻ താൽപ്പര്യപ്പെടുകയും ചെയ്യുകയുള്ളൂ. മിക്ക കുടുംബങ്ങളിലും രണ്ട് കുട്ടികൾ മാത്രമേ ഇന്നുള്ളു. അതിൽ ഒന്ന് മാത്രമായിരിക്കും ആൺകുട്ടി. അവൻ വൈദികനായാൽ തങ്ങളുടെ വാർദ്ധക്യത്തിൽ തങ്ങളെ ആര് സംരക്ഷിയ്ക്കും എന്ന ചിന്തയും ചില മാതാപിതാക്കളെ അലട്ടുന്നുണ്ടാകും. എന്നാൽ മാതാപിതാക്കൾ ഒന്നോർക്കേണ്ടതുണ്ട്.

ആ ഒരു മകൻ പോലും നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളോടൊത്ത് ഉണ്ടാകണമെന്നില്ല. ഒരു പരിധിവരെ അതിന്റെ ഉത്തരവാദിത്വവും മാതാപിതാക്കളുടെ ഭാഗത്ത് തന്നെയാണ്. താൻ ആവശ്യപ്പെടുന്ന എന്തും മാതാപിതാക്കളിൽ നിന്ന് കിട്ടുകയും ശിക്ഷണങ്ങൾക്ക് വിധേയനാകാതിരിക്കുകയും ചെയ്യുന്ന ഒരു കുട്ടി മാനുഷിക ഗുണങ്ങളിൽ ഏറെ പിന്നിലായിരിക്കും. അതിന്റെ കൂടെ ദൈവവിശ്വാസത്തിന്റെ അഭാവം കൂടിയാകുമ്പോൾ ചിത്രം പൂർണ്ണമായി. അതിസ്വാർത്ഥനായ ഒരു വ്യക്തിയായിരിക്കും രൂപപ്പെടുന്നത്. ആരേയും, മാതാപിതാക്കളെപ്പോലും, സഹായിക്കാൻ ആ വ്യക്തി തയ്യാറാകുകയില്ല. കത്തോലിയ്ക്കാ ധാർമ്മികത എന്നല്ല സ്വാഭാവിക ധാർമ്മികമൂല്യങ്ങൾ പോലും ഉൾകൊള്ളാതെ വളരുന്ന ആ വ്യക്തി പ്രായമായ മാതാപിതാക്കളെ ഉപയോഗശൂന്യമായ വസ്തുക്കളായിട്ടായിരിക്കും പരിഗണിക്കുന്നത്.

ഇടവകയിൽ സേവനം ചെയ്യുന്ന സമർപ്പിതസമൂഹങ്ങളും കുട്ടികൾ വൈദികജീവിതത്തിലേയ്ക്ക്, പ്രത്യേകിച്ച് രൂപതാവൈദികരുടെ ജീവിതത്തിലേയ്ക്ക്, പ്രവേശിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. കാരണം സമർപ്പിതസമൂഹങ്ങളുടെ നിലനിൽപ്പ് ഇടവകയിലെ കുടുംബങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നത്. നല്ല ഇടവകവികാരിയുള്ളിടത്തേ നല്ല ക്രൈസ്തവകുടുംബങ്ങൾ കെട്ടിപ്പടുക്കുകയുള്ളൂ. നല്ല കുടുംബങ്ങളിൽ നിന്നേ കുട്ടികൾ സമർപ്പിതജീവിതത്തിലേയ്ക്കും വൈദികജീവിതത്തിലേയ്ക്കും പ്രവേശിക്കുകയുള്ളൂ. അഥവാ നല്ല കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കേ നല്ല സമർപ്പിതരും വൈദികരും ആകാൻ കഴിയുകയുള്ളൂ.

ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ വികാരിയച്ചന്മാരുടെ ജോലിഭാരം വളരെയധികം വർദ്ധിച്ചിരിക്കുന്നു. മാത്രമല്ല പുതിയ തലമുറയെ വിശ്വാസത്തിൽ പരിശീലിപ്പിക്കാനുള്ള പാടവവും എല്ലാവർക്കും ഉണ്ടാകണമെന്നില്ല. ഈ സന്ധിയിൽ സമർപ്പിതരുടെ സേവനം കൂടുതലായി ഇടവകകളിൽ ഉണ്ടാകണം. അത് കേവലം കുടുംബസന്ദർശനങ്ങളിലും മതബോധന ക്ലാസുകൾ എടുക്കുന്നതിലും ഒതുങ്ങി നിൽക്കുന്നില്ല. അക്കാര്യങ്ങളിൽ പോലും ആവശ്യമായ പരിശീലനം നേടിയവരല്ലെങ്കിൽ കുട്ടികളുടെ അടുത്ത് സ്വീകാര്യത ഉണ്ടാകുകയില്ല. തങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും പ്രശ്നങ്ങളിൽ തങ്ങളെ സഹായിക്കാനും കഴിയാത്തവരെ അവർ അവഗണിക്കുന്നത് സ്വാഭാവികം മാത്രം.

സ്കൂൾ വർഷം തീരാൻ പോകുകയാണല്ലോ. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്ന സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ സെമിനാരിയിലേക്ക് പറഞ്ഞു വിടുന്ന കാര്യത്തിൽ

മാതാപിതാക്കളും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ശ്രദ്ധിക്കണം. നമ്മുടെ രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് ഇപ്പോൾ തന്നെ അപേക്ഷ അയ്ക്കാവുന്നതാണ്. അതിനായി പരീക്ഷകൾ തീരാൻ കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: Rev. Fr. Thomas Kachirayil, Mount Mary College, PB No. 1, Mananthavady 670 645. നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ: 9446892434. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചുകഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും നിങ്ങൾ പങ്കെടുക്കണം.

നമ്മുടെ രൂപതയ്ക്കായി ഈ വർഷം 54 മൈനർ സെമിനാരിക്കാരും 36 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 22 പേർ തങ്ങളുടെ ബിരുദാനന്തരബിരുദപഠനവും നടത്തുന്നുണ്ട്. 7 പേർ അടുത്ത സ്കൂൾ വർഷത്തിൽ തിരികെ വന്ന് ദൈവശാസ്ത്രപഠനത്തിനായി ഒരുങ്ങുന്നുണ്ട്. നമ്മുടെ രൂപതയ്ക്കായി അഞ്ച് പേരാണ് ഈ വർഷം വൈദികപട്ടം സ്വീകരിച്ചത്.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. എന്നാൽ ആഗോളസാമ്പത്തികമാന്ദ്യവും മറ്റും മൂലം ഈ ഏജൻസികൾക്ക് കിട്ടുന്ന സംഭാവനകൾ വളരെയേറെ കുറഞ്ഞു പോയി. അതിനാൽ അവർ തരുന്ന തുക കൊണ്ട് മാത്രം കുട്ടികളുടെ ചെലവുകൾ നടക്കുകയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാകൂ. മൈനർ സെമിനാരിയിൽ ഒരു കുട്ടിയ്ക്ക് ഏകദേശം 30000 രൂപയും മേജർ സെമിനാരിയിൽ ഏകദേശം 25000 രൂപയും ചെലവാകുന്നു. അങ്ങനെ ഒരു വർഷം നമുക്കാവശ്യം 2170000 രൂപയാണ്. ഏതാനും വ്യക്തികൾ ഇപ്പോൾ തന്നെ കുട്ടികളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീസമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളു എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു.

പല വേദികളിലും ഇക്കാര്യം നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു.

വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവ് ഇടവകകൾ പങ്കുവയ്ക്കുക എന്ന ആശയത്തിലാണ് ഒടുവിൽ നാം എത്തിച്ചേർന്നിരിക്കുന്നത്. ചില ഇടവകകൾ ഇപ്പോൾ തന്നെ ഒരു കുട്ടിയ്ക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട്. അങ്ങനെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സഹകരിക്കണം എന്നാണ് തീരുമാനം. അതേപ്പറ്റി വിശദമായി പിന്നീട് അറിയിക്കുന്നതാണ്.

ഏതാനും വർഷമായി വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവിനായി നാം ഒരു പൊതുസംഭാവനസമാഹരണം നടത്തുന്നുണ്ടല്ലോ. ഈ വർഷം അത് മാർച്ച് 20-ന് ഞായറാഴ്ചയാണ് നടത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളാകും എന്നത് നിസംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും വലിയ അനുഗ്രഹങ്ങൾ അതുവഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2011 ഫെബ്രുവരി 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---


**NB:- ഈ സർക്കുലർ 2011 മാർച്ച് മാസം 13-ാം തീയതി വി.കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**

# നീലഗിരി റീജിയൺ

***Prot. No.10450/2011***

ഗൂഡല്ലൂർ റീജിയണിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെ അഭ്യർത്ഥന പരിഗണിച്ചും ഗൂഡല്ലൂർ റീജിയണിന് പുറത്ത് നീലഗിരി ജില്ലയിൽ മാനന്തവാടി രൂപതയ്ക്ക് ഇടവകകൾ ഉള്ളതിനാലും 2011 മാർച്ച് 1 മുതൽ ഗൂഡല്ലൂർ റീജിയൺ എന്ന പേര് മാറ്റി നീലഗിരി റീജിയൺ എന്നാക്കിയിരിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2011 ഫെബ്രുവരി 20 ന് നൽകപെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# കെ.സി.ബി.സി. സർക്കുലർ

## ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഭാരതത്തിലെ പ്രഥമ അജപാലന തീർത്ഥാടനത്തിന്റെ രജതജൂബിലി ആഘോഷങ്ങൾ
## 2011 ഫെബ്രുവരി 7, തിങ്കൾ

**പ്രിയ സഹോദരീസഹോദരന്മാരേ,**

പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഭാരതത്തിൽ നടത്തിയ പ്രഥമ അജപാലന തീർത്ഥാടനത്തിന്റെ 25-ാം വാർഷികം 2011 ഫെബ്രുവരിയിൽ നാം ആചരിക്കുകയാണ്. 1986 ഫെബ്രുവരി മാസം 1 മുതൽ 10 വരെയാണ് അദ്ദേഹം ഭാരതത്തിൽ തന്റെ പ്രഥമ സന്ദർശനം നടത്തിയത്. 1986 ഫെബ്രുവരി 7-ാം തീയതി വെള്ളിയാഴ്ച കേരളത്തിൽ എത്തിയ മാർപാപ്പ രാവിലെ തൃശ്ശൂരിലെ പരിപാടികളിൽ പങ്കെടുക്കുകയും ഉച്ചകഴിഞ്ഞ് കൊച്ചിയിൽ കളമശ്ശേരിയിലെ മൈതാനത്ത് ദിവ്യബലി അർപ്പിക്കുകയും ചെയ്തു. തുടർന്ന് എറണാകുളത്തുള്ള സെന്റ് മേരീസ് ബസിലിക്കയും സെന്റ് ഫ്രാൻസീസ് അസ്സീസ്സി കത്തീഡ്രലും സന്ദർശിച്ചു. ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച കോട്ടയത്തെ നെഹ്റു സ്റ്റേഡിയത്തിൽ പരിഷ്കരിച്ച സീറോമലബാർ കുർബാന അർപ്പിച്ച് അൽഫോൻസാമ്മയെയും ചാവറകുര്യാക്കോസ് ഏലിയാസച്ചനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. അന്നേദിവസം കോട്ടയത്തെ ക്രിസ്തുരാജ കത്തീഡ്രൽ ദൈവാലയവും നല്ല ഇടയന്റെ ദൈവാലയവും തിരുവനന്തപുരത്തെ പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലും സെന്റ് മേരീസ് കത്തീഡ്രലും സന്ദർശിച്ചു. കേരളത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ നടത്തിയ രണ്ടുദിവസത്തെ സന്ദർശന വേളയിൽ ഇതര ക്രൈസ്തവ സഭാദ്ധ്യക്ഷന്മാരുമായും മത നേതാക്കളുമായും കൂടിക്കാഴ്ച്ച നടത്താനും അവസരം കണ്ടെത്തി. കേരളത്തിൽ ഇപ്പോൾ വളർന്നുവരുന്ന സഭൈക്യചർച്ചകളുടെ ആരംഭം കുറിച്ചത് ഈ സന്ദർശനം ആണ്.

നമുക്ക് ഒരിക്കലും മറക്കുവാൻ സാധിക്കാത്ത ഏറെ അനുഗൃഹീ

തമായ അനുഭവങ്ങൾ നൽകിക്കൊണ്ടാണ് മാർപാപ്പ കേരളത്തോടു വിട പറഞ്ഞത്. വിശ്വസാഹോദര്യവും മാനവികതയും പരസ്പരസ്നേഹവും നമ്മുടെ നാട്ടിൽ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഭാരതത്തിന്റെ വിവിധ സ്ഥലങ്ങളിൽ പരിശുദ്ധ പിതാവ് തീർത്ഥാടനം നടത്തിയത്. ഓരോ രാജ്യത്തും ആദ്യമായി സന്ദർശനം നടത്തുമ്പോൾ ഭൂമി ചുംബിച്ച് നമസ്കരിച്ചിരുന്നത് ആ രാജ്യത്തെയും അവിടുത്തെ ജനങ്ങളെയും ഹൃദയത്തിൽ സ്വീകരിച്ചതിന്റെ അടയാളമായിട്ടായിരുന്നു. പത്രോസിന്റെ പിൻഗാമിയെ ഒരു നോക്ക് കാണുവാനും വാക്കുകൾ ശ്രവിക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കാനും വലിയ ജനക്കൂട്ടമാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തടിച്ചുകൂടിയിരുന്നത്. യേശുവിന്റെ സ്നേഹത്തെക്കുറിച്ച് നമ്മോടു സംസാരിച്ച പരിശുദ്ധ പിതാവ് യഥാർത്ഥ ദൈവസ്നേഹിയും മനുഷ്യസ്നേഹിയുമായിരുന്നു. ജാതി മത വ്യത്യാസമില്ലാതെ എല്ലാവരോടും മാർപാപ്പ ആ സ്നേഹം പങ്കുവച്ചു.

1920 മെയ് 18-ന് പോളണ്ടിൽ ജനിച്ച ജോൺ പോൾ രണ്ടാമൻ 1978 ഒക്ടോബർ 16-ന് പത്രോസിന്റെ പിൻഗാമിയായി അവരോധിക്കപ്പെട്ടു. 2005 ഏപ്രിൽ 2-ന് ദൈവസന്നിധിയിലേക്ക് യാത്രയായ അദ്ദേഹം 26 വർഷവും 168 ദിവസവും ക്രിസ്തുവിന്റെ വികാരിയായി സാർവത്രിക സഭയെ നയിച്ചു. ഈ കാലയളവിൽ 146 രാജ്യങ്ങളിലേക്ക് മാർപാപ്പ തന്റെ അജപാലന തീർത്ഥാടനങ്ങൾ നടത്തി. 600-ൽ പരം നഗരങ്ങൾ സന്ദർശിച്ചു. രണ്ടായിരത്തിനാനൂറിലധികം പ്രസംഗങ്ങൾ നടത്തി. 50 -ൽ പരം സുപ്രധാന സഭാപ്രബോധനരേഖകൾ പുറത്തിറക്കി. ഇവയിൽ 14 എണ്ണം ചാക്രികലേഖനങ്ങളാണ്. ഇങ്ങനെ ലോകജനസംഖ്യയുടെ മൂന്നിലൊന്നു സമൂഹത്തെ നേരിൽ കണ്ട് സ്നേഹത്തിന്റെ ദൈവിക ചൈതന്യം സമ്മാനിച്ച മറ്റൊരു മാർപാപ്പ സഭാചരിത്രത്തിലില്ല.

ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പ്രഥമഭാരത സന്ദർശനത്തിന്റെ 25-ാം വാർഷിക ആഘോഷങ്ങൾ ഭാരതത്തിൽ ഡൽഹി, ബോംബെ, കൽക്കട്ട, റാഞ്ചി, കൊച്ചി എന്നിവിടങ്ങളിൽ വച്ച് നടത്തപ്പെടുകയാണ്. കേരളത്തിലെ അനുസ്മരണ പരിപാടികൾ 2011 ഫെബ്രുവരി 7-ാം തീയതി തിങ്കളാഴ്ച എറണാകുളത്തെ സെന്റ് മേരീസ് ബസിലിക്കയിൽവച്ച് കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടും.

രൂപതകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന അൽമായ-സന്യസ്ത -പുരോഹിത പ്രതിനിധികളുടെ സമ്മേളനം അന്നേദിവസം ഉച്ചയ്ക്ക് 2 മണിക്ക് എറണാകുളം ബസിലിക്ക ഹാളിൽ നടത്തപ്പെടുന്നതാണ്. ആ സമ്മേളനം മലങ്കര കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ മേജർ

ആർച്ചുബിഷപ്പ് ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യും. നാലുമണിക്ക് അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പ്രതി നിധി കർദ്ദിനാൾ മർഫി ഓകോണർ മുഖ്യ കാർമ്മികനായിരിക്കും. ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റും ബോംബെ അതി രൂപതയുടെ അധ്യക്ഷനുമായ കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, ഭാര തത്തിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് സാൽവത്തോരെ പെന്നാക്കിയോ, സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ എന്നിവർ ഉൾപ്പെടെ കേരളത്തിലെ എല്ലാ മെത്രാന്മാരും ദിവ്യബലിയിൽ സഹകാർമ്മികരായിരിക്കും. അന്നേദിവ സത്തെ പരിപാടികളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ അതാത് രൂപതാ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്നതാണ്.

ക്രിസ്തുവിന്റെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായി സഭയെ നയിച്ച ദൈവദാസനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഭാരതത്തിൽ നടത്തിയ അജപാലനതീർത്ഥാടനം സഭയ്ക്ക് ഏറെ ഉണർവ്വും നവീകരണവും പ്രദാനം ചെയ്ത അത്യപൂർവ്വമായ സംഭവ മായിരുന്നു. പ്രത്യേകിച്ച് കേരള സഭയിൽ നിന്ന് സാർവത്രികസഭ യ്ക്കായി രണ്ട് വാഴ്ത്തപ്പെട്ടവരെ പ്രഖ്യാപിച്ച മാർപാപ്പയുടെ സന്ദർശനം കേരള സഭാചരിത്രത്തിലെ സുപ്രധാന നാഴിക കല്ലാണ്. കേരളം സന്ദർശിച്ചിട്ടുള്ള ഏക മാർപാപ്പയായ ജോൺ പോൾ രണ്ടാമന്റെ ഭാരത തീർത്ഥാടനത്തിന്റെ 25-ാം വാർഷിക ആഘോഷങ്ങൾ രൂപതാ ഇടവക തലത്തിലും സംഘടനാ-സ്ഥാപനതലങ്ങളിലും നടത്തണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

നമ്മൾ നടത്തുന്ന ജൂബിലി പരിപാടികൾ സാർവത്രിക സഭയോ ടുള്ള ഐക്യവും പരിശുദ്ധ സിംഹാസനത്തോടുള്ള വിധേയത്വവും വിശ്വ സ്തതയും വ്യക്തമാക്കാൻ സഹായകമാകുമെന്നും ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ പ്രബോധനങ്ങളും ആശയങ്ങളും പ്രചരിപ്പി ക്കാനും പ്രാവർത്തികമാക്കാനും പ്രേരണ നൽകുമെന്നും സർവ്വോപരി കത്തോലിക്കാവിശ്വാസത്തിൽ ആഴത്തിൽ വളരാനുള്ള അവസരമാകു മെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. നമ്മുടെ എല്ലാ സംരംഭങ്ങളെയും സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥി ച്ചുകൊണ്ട്,

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**1. ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, പ്രസിഡന്റ്**
**2. ആർച്ചുബിഷപ് ഫ്രാൻസീസ് കല്ലറക്കൽ, വൈസ് പ്രസിഡന്റ്**
**3. ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്, സെക്രട്ടറി ജനറൽ**

Prot. No. 40/2011

# <u>DECREE</u>

The erection of the Chanda Mission on 15 August 1962 was the beginning of a spring time for the mission *ad gentes* of the Syro-Malabar Church. Now we are at the threshold of the Golden Jubilee of this epoch making event and it is to be celebrated in a befitting manner. This Jubilee celebration should be viewed as the celebration of the first evangelization drive of the Syro-Malabar Church in the virgin land, i.e., spreading the Gospel among the non-Christians, in the past century that began with the erection of Chanda as *Missio sui iuris* with the later Bishop Januarius Palathurthy, CMI, as Mission Superior. It is hoped that the celebration would give the opportunity to create more mission awareness in all the sections of our own Church.

Therefore, in accordance with the decision of the XIX Synod (2011), Session 1, the undersigned Varkey Cardinal Vithayathil, the Major Archbishop of the Syro-Malabar Church, hereby declares the Year starting from 15 August 2011 to 15 August 2012 as the Mission Year and decrees that it be celebrated throughout the Syro-Malabar Church with programmes and functions aimed at enhancing the mission awareness and missionary Zeal of our faithful, envisaged by the Central Organizing Committee approved by the Synod of Bishops of the Syro-Malabar Church.

All contrary dispositions notwithstanding.

Given this at Kakkand, from the Major Archiepiscopal Curia of the Syro-Malabar Church on 14 January 2011.

**Varkey Cardinal Vithayathil**
Major Archbishop of the Syro-Malabar Church

**Fr. Antony Kollannur**
Chancellor, Major Archiepiscopal Curia

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

*January 24, 2011*

***Prot. No. 10350/2011***

## മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം, ജൂഡ്സ് മൗണ്ട് സെന്റ് ജൂഡ്സ് സ്ഥാപിച്ചിട്ടുള്ള സ്വതന്ത്ര കുരിശുപള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

കല്ലോടി – ഒഴുക്കൻമൂല ഇടവകയുടെ ഇടയിലായി പിള്ളേരി–കുണ്ടിച്ചിറ (ജൂഡ്സ് മൗണ്ട്) ഭാഗത്ത് താമസിക്കുന്ന മേൽപ്പറഞ്ഞ ഇടവകയിൽപ്പെട്ട സീറോ–മലബാർ കുടുംബങ്ങൾക്ക് ആ പ്രദേശത്ത് ഒരു ദേവാലയം ഉണ്ടാകുക എന്നത് വലിയ ആഗ്രഹമായിരുന്നു.ഈ ആഗ്രഹം അവർ പലവട്ടം അവരുടെ വികാരിയച്ചന്മാരുടെ പക്കലും രൂപതാധികാരികളുടെ മുൻപിലും സമർപ്പിച്ചിരുന്നു. 1994 – ൽ കല്ലോടി ഫൊറോന പള്ളിയുടെ വികാരിയായിരുന്ന പരേതനായ ബഹു. ജോസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചൻ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവുമായി ആലോചിച്ച് കുണ്ടിച്ചിറയിൽ 1 ഏക്കർ 10 സെന്റ് സ്ഥലം (വയൽ) വാങ്ങുകയുണ്ടായി. ഒക്ടോബർ മാസത്തിൽ ആ പ്രദേശത്തുള്ള ജനങ്ങൾ അവിടെ ഒന്നിച്ചുകൂടി ജപമാല ചൊല്ലുകയും അതിന്റെ സമാപനത്തിൽ വി. കുർബാനയും അർപ്പിക്കുകയും ചെയ്തു പോന്നു. അഭിവന്ദ്യ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവ് ഈ സ്ഥലം സന്ദർശിച്ചപ്പോൾ അത് വയലായതിനാലും താഴ്ന്ന പ്രദേശമായതിനാലും പള്ളിക്ക് യോജിച്ച മറ്റൊരു സ്ഥലം കണ്ടെത്തുവാൻ നിർദ്ദേശിച്ചു. ബഹു. ജോസ് തേക്കനാടിയച്ചൻ കല്ലോടി പള്ളിയുടെ വികാരിയായിരിക്കെ കല്ലോടി ഇടവകക്കാരുടെയും രൂപതാകേന്ദ്രത്തിന്റെയും സഹകരണത്തോടെ 2003 ൽ ഒരേക്കർ കര സ്ഥലവും കൂടി വാങ്ങി.

ആ പ്രദേശത്തുള്ള വിശ്വാസികളുടെ നിർല്ലോഭമായ സഹകരണത്താലും മറ്റ് ഉദാരമതികളായ ആളുകളുടെ സഹായത്താലും അവിടെ ചെറുതെങ്കിലും മനോഹരമായ ഒരു പള്ളിയും അതിനോട് ചേർന്ന് അച്ചന് താമസിക്കാനുള്ള ചെറിയ സൗകര്യങ്ങളും നിർമ്മിക്കുവാൻ സാധിച്ചു. 2005 ഏപ്രിൽ 27 ന് വി.യൂദാ തദേവൂസിന്റെ നാമത്തിലുള്ള ഈ പള്ളി ഞാൻ കൂദാശ ചെയ്തു. അന്നുമുതൽ എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും അവിടെ വി. കുർബാനയും വി. യൂദാ തദേവൂസിന്റെ നൊവേനയും നടത്തി വരുന്നു. കൂടാതെ 2005 ജൂൺ മാസം മുതൽ അവിടെ വച്ച് 1 മുതൽ 4 വരെ മതപഠന ക്ലാസ്സുകളും നടന്നുവരുന്നു. ഇങ്ങനെ ഏറെ നാളായി ഒരു സമൂഹമായി പ്രവർത്തിച്ചുവരുന്ന ഈ പ്രദേശത്തെ ഒരു സ്വതന്ത്ര കുരിശുപള്ളിയാക്കണമെന്ന് അവിടെയുള്ള വിശ്വാസികൾ ആഗ്രഹിക്കുകയും അവരുടെ പ്രതിനിധികൾ പലവട്ടം എന്നെ വന്ന് കണ്ട് അപേക്ഷിക്കുകയും ചെയ്തു. അതിനാൽ ആ പ്രദേശത്തെ വിശ്വാസികളുടെ ആഗ്രഹവും കല്ലോടി-ഒഴുക്കൻമൂല ഇടവകകളിൽ യഥാക്രമം 11-9-2005, 18-9-2005 തീയതികളിൽ കൂടിയ പൊതുയോഗങ്ങളുടെ തീരുമാനങ്ങളും അവിടെയുള്ള ബഹു. വികാരിയച്ചന്മാരുടെ ശുപാർശകളും കണക്കിലെടുത്ത്, ഒഴുക്കൻമൂല ഇടവകയിലെ വെള്ളമുണ്ട പ്രദേശത്തുള്ള സെന്റ് ജോസഫ്സ് A, B വാർഡുകളിലും, കല്ലോടി ഫൊറോന പള്ളിയുടെ കുണ്ടിച്ചിറ പ്രദേശത്തുള്ള വാർഡുകളിലുമുള്ള സീറോ-മലബാർ കുടുംബങ്ങളെയും കൂട്ടിച്ചേർത്ത് കുണ്ടിച്ചിറയിലുള്ള സെന്റ് ജൂഡ്സ് പള്ളിയെ സ്വതന്ത്രമായ പൊതുയോഗവും, കൈക്കാരന്മാരും, കണക്കുകളും ഉള്ള ഒരു സ്വതന്ത്രകുരിശുപള്ളിയായി 2005 ഡിസംബർ 4 ന് ഞാൻ ഉയർത്തിയിരുന്നു.

കല്ലോടിയിൽ നിന്നും ജൂഡ്സ് മൗണ്ടിൽ ചേരേണ്ട കുടുംബങ്ങളിൽ 48 കുടുംബങ്ങൾ തങ്ങൾക്ക് അങ്ങോട്ട് ചേരുന്നതിലുള്ള പ്രയാസം രേഖാമൂലം എന്നെ അറിയിക്കുകയും തുടർന്നു നടത്തിയ വിശദമായ പഠനത്തിന്റെ വെളിച്ചത്തിൽ 13 കുടുംബങ്ങളെ കല്ലോടിയിൽ തന്നെ തുടരുവാൻ അനുവദിക്കുകയും ചെയ്തിരുന്നു. ബാക്കി 35 കുടുംബങ്ങൾ 5 വർഷത്തേയ്ക്ക് ജൂഡ്സ് മൗണ്ട് കുരിശുപള്ളിയുടെ അംഗങ്ങളായിരിക്കുമെന്ന് തീരുമാനിച്ചിരുന്നെങ്കിലും കല്ലോടിയിൽ തന്നെ തുടരുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും രൂപതാ കേന്ദ്രത്തെ അവർ സമീപിച്ചതിന്റെ വെളിച്ചത്തിൽ ഇതേക്കുറിച്ച് പഠിക്കുവാനായി 2006 മെയ് 30 ന് അന്നത്തെ വികാരി ജനറാൾ ബഹു. ജോർജ്ജ് മൂലയിലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 35 കുടുംബങ്ങൾ അടുത്ത 3 വർഷത്തേയ്ക്കുകൂടി കല്ലോടി ഇടവകാംഗങ്ങളായി തുടരുമെന്നും മൂന്ന് വർഷത്തെ കാലാവധി പൂർത്തിയാകുന്നതോടെ ജൂഡ്സ് മൗണ്ട് ഇടവകയിൽ അംഗങ്ങളാകുമെന്നുമായിരുന്നു തീരുമാനിച്ചിരുന്നത്.

എന്നാൽ ആത്മാക്കളുടെ രക്ഷയും ഇടവകയുടെ നന്മയും കണക്കിലെടുത്ത് ആ തീരുമാനം 2011 ജനുവരി 4 ന് ഞാൻ ഭേദഗതി ചെയ്യുകയും ജൂഡ്സ് മൗണ്ട് പള്ളിയിലെ ആത്മസ്ഥിതി രജിസ്റ്ററിൽ പേര് രേഖപ്പെടുത്തിയിരിക്കുന്ന 118 കുടുംബങ്ങൾക്ക് പുറമെ മുകളിൽ സൂചിപ്പിച്ച 48 കുടുംബങ്ങളിൽ ആർക്കെങ്കിലും ജൂഡ്സ് മൗണ്ട് കുരിശുപള്ളിയിൽ അംഗങ്ങളാകുവാൻ താൽപര്യമുണ്ടെങ്കിൽ 2011 ജനുവരി 20-ന് മുമ്പായി രേഖാമൂലം ജൂഡ്സ് മൗണ്ട് പള്ളി വികാരി ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചനെ അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അവർ കല്ലോടി പള്ളി ഇടവകാംഗങ്ങളായി തുടരുന്നതാണെന്നും അറിയിച്ചിരുന്നു. എങ്കിലും ഇതുവരെ ആരും ജൂഡ്സ് മൗണ്ട് ഇടവകയിൽ ചേരുവാൻ ജൂഡ്സ് മൗണ്ട് പള്ളിയിലെ ബഹു. വികാരിയച്ചന് അപേക്ഷ നൽകിയിട്ടില്ല.

ബഹു. എമ്മാനുവേൽ വടക്കേൽ അച്ചൻ സ്വതന്ത്രകുരിശുപള്ളിയുടെ ഉത്തരവാദിത്വം വഹിച്ചിരുന്ന സമയത്ത് സെമിത്തേരി പണിയുകയും ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാലച്ചൻ 8/4-ൽ കുരിശുപള്ളിയ്ക്കായി 5 സെന്റ് സ്ഥലം വാങ്ങുകയും പള്ളി സീലിംങ് ചെയ്ത് നവീകരിക്കുകയും ചെയ്തു. ഇപ്രകാരം സ്വതന്ത്ര അജപാലന പ്രവർത്തനങ്ങളുമായി മുൻപോട്ടു പോകുന്ന ജൂഡ്സ് മൗണ്ട് സ്വതന്ത്ര കുരിശുപള്ളിയെ ആ പ്രദേശത്തെ ദൈവജനത്തിന്റെ താല്പര്യം പരിഗണിച്ചും 2010 ഡിസംബർ 6-ന് ചേർന്ന വൈദിക സെനറ്റിന്റെ (Presbyteral Council) അഭിപ്രായം കണക്കിലെടുത്തും രൂപത മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാരമുപയോഗിച്ചും ഇപ്പോൾ നിലവിലുള്ള 118 കുടുംബങ്ങളെ ഉൾപ്പെടുത്തി 2011 ജനുവരി 26 മുതൽ സ്വതന്ത്ര ഇടവകയായി ഉയർത്തുന്നു. സെന്റ് ജൂഡ്സ് ചർച്ച്, ജൂഡ്സ് മൗണ്ട് എന്നതായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിലുള്ള മറ്റ് ഇടവകകൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നുമുതൽ പ്രസ്തുത ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

താഴെ പറയുന്ന അതിർത്തികൾക്കുള്ളിൽ താമസിക്കുന്നവരും ഇനി താമസക്കാരായി വരുന്നവരുമായ സീറോ-മലബാർ സഭാംഗങ്ങൾ ഇനിമുതൽ മേൽ ഇടവകയുടെ അംഗങ്ങളായിരിക്കും.

**അതിർത്തികൾ:**

**കിഴക്ക് –** ഏഴേനാൽ – പാതിരിച്ചാൽ റോഡ് – തീർത്ഥക്കടവ് റോഡ്

**വടക്ക് –** തീർത്ഥക്കടവ് റോഡ് – വയൽ – ആശാൻകവല, കുണ്ടിച്ചിറ റോഡ്

**പടിഞ്ഞാറ് –** മടത്തുംകുന്ന്, ഇണ്ടേരിക്കുന്ന് റോഡ്

**തെക്ക് –** നിരവിൽപുഴ – മാനന്തവാടി റോഡ്

ഈ ഇടവകയുടെ പ്രഥമ വികാരിയായി ബഹു. മൈക്കിൾ വടക്കേ മുളഞ്ഞനാൽ അച്ചനെ ഞാൻ നിയമിക്കുന്നു. ഇടവകക്കാരെല്ലാം മൈക്കിൾ അച്ചനെ സ്വന്തം ഇടയനായി സ്വീകരിച്ച് എല്ലാ കാര്യങ്ങളിലും അച്ചനോട് സഹകരിച്ചും, അച്ചന് വിധേയപ്പെട്ടും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കണമെന്ന് താൽപര്യപ്പെടുന്നു.

ജൂഡ്സ് മൗണ്ട് സ്വതന്ത്ര കുരിശുപള്ളിയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച എല്ലാവരേയും കല്ലോടിയിൽ മുൻ വികാരിമാരായിരുന്ന ബഹു. ജോസ് തേക്കനാടിയച്ചൻ, ബഹു. മാത്യു അത്തിക്കലച്ചൻ, ബഹു. സെബാസ്റ്റ്യൻ ഉണ്ണിയപ്പിള്ളിയച്ചൻ, ബഹു. ജോർജ് മമ്പള്ളിയച്ചൻ, ജൂഡ്സ് മൗണ്ട് കുരിശുപള്ളിയുടെ ഉത്തരവാദിത്വം ഉള്ള വൈദികരായിരുന്ന ബഹു.കുര്യാക്കോസ് പൈനുങ്കൽ അച്ചൻ, ബഹു. എമ്മാനുവൽ വടക്കേൽ അച്ചൻ, നിലവിലുള്ള വികാരി ബഹു. മൈക്കിൾ വടക്കേമുളഞ്ഞനാൽ അച്ചൻ എന്നിവരെയും നന്ദിയോടെ അനുസ്മരിക്കുകയും ഹൃദയപൂർവ്വം അനുമോദിക്കുകയും ചെയ്യുന്നു. പുതിയ ഇടവകയുടെ ബഹുമാനപ്പെട്ട വികാരിയച്ചനെയും, കല്ലോടിയിൽ നിന്നും വന്ന് അവിടെ സേവനം ചെയ്യുന്ന ഫ്രാൻസിസ്കൻ ക്ലാര സമൂഹത്തിലെ ബഹു. സഹോദരിമാരെയും, കൈക്കാരന്മാർ, കമ്മിറ്റിക്കാർ എന്നിവരെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ, ഇടവകയുടെ മദ്ധ്യസ്ഥനായ വി.യൂദാ തദേവൂസിന്റെ മദ്ധ്യസ്ഥതയിലൂടെ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും രണ്ടായിരത്തി പതിനൊന്നാമാണ്ട് ജനുവരി 24-ാം തീയതി നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

CHANCELLOR
DIOCESE OF MANANTHAVADY

JOSE PORUNNEDOM
BISHOP OF MANANTHAVADY

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 10439 / 2011*** *February 19, 2011*

# പാരീഷ് സോഫ്സ്റ്റ്‌വെയർ പ്രോഗ്രാം

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

ഇടവകയിലെ രജിസ്റ്ററുകളും വരവു ചെലവു കണക്കുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ ഇക്കഴിഞ്ഞ വൈദിക സമ്മേളനത്തിൽ ഞാൻ നിർദ്ദേശിച്ചിരുന്നല്ലോ. നമ്മുടെ രൂപതയിൽ ഇതുവരെ 20 ഇടവകകളിൽ പാരിഷ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. വൈദിക സമ്മേളനദിവസം തന്നെ മുപ്പതോളം ഇടവകകൾ പ്രോഗ്രാം ഇൻസ്റ്റാൾ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ ഇടവകയിലെയും സാഹചര്യങ്ങൾ വ്യത്യസ്തമാണെങ്കിലും നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും എത്രയും വേഗം ഈ പ്രോഗ്രാം നടപ്പിലാക്കുന്നത് നന്നായിരിക്കും. എല്ലാ ഇടവകകളിലും ഈ പ്രോഗ്രാം ഇൻസ്റ്റാൾ ചെയ്യുമ്പോഴേ ഉദ്ദേശിക്കുന്ന അജപാലന നന്മകൾ നമ്മുടെ ജനത്തിന് ലഭ്യമാകുകയുള്ളൂ. സാമ്പത്തികം കുറഞ്ഞ ഇടവകകൾ ഒരു വ്യക്തിയെക്കൊണ്ടോ, പല വ്യക്തികളെക്കൊണ്ടോ കമ്പ്യൂട്ടർ സ്പോൺസർ ചെയ്യിപ്പിക്കുവാൻ ശ്രമിക്കുമല്ലോ.

മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ പാരിഷ് സോഫ്റ്റ്‌വെയറിനെക്കുറിച്ചും അക്കൗണ്ടിംഗ് പ്രോഗ്രാമിനെക്കുറിച്ചും ഒരു

ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിൽ എല്ലാ വൈദികരും സെക്രട്ടറിമാരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാർതന്നെ സെക്രട്ടറിമാരെ ഇക്കാര്യം അറിയിച്ച് അവരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം.

പാരിഷ് സോഫ്റ്റ്‌വെയർ പ്രോഗ്രാമും അക്കൗണ്ടിംഗ് പ്രോഗ്രാമും ഇനിയും ഇൻസ്റ്റാൾ ചെയ്യുവാൻ താല്പര്യമുള്ള ഇടവകകൾ എത്രയും വേഗം താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

Mr. Biju - Mob: 9447385551
Mr. Jomon - Mob: 8891033012
Dory Technology Office : 0484 - 6057001-7

ദൈവാനുഗ്രഹം നേർന്നുകൊണ്ട്,



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# രൂപതാകച്ചേരി വാർത്തകൾ

**അഭിവന്ദ്യ പിതാവിന്റെ നാമഹേതുകതിരുനാൾ**

മാർച്ച് 19-ാം തീയതി തിരുസഭ വി.യൗസേപ്പിതാവിന്റെ ഓർമ്മ ത്തിരുനാൾ ആചരിക്കുകയാണല്ലോ. ഔസേപ്പ് പിതാവിന്റെ നാമധാരി യായ നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവിന് നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ രൂപത മുഴുവനും വേണ്ടി സ്നേഹപൂർവ്വം നമുക്ക് ആശംസിക്കാം. ഉണ്ണി ഈശോയെയും പരി. മറിയത്തേയും കാത്തുസംരക്ഷിച്ച വി.യൗസേപ്പ് പിതാവ് അഭിവന്ദ്യ പിതാവിനെയും കാത്തുപരിപാലിക്കുകയും തന്റെ സൂക്ഷത്തിന് ഏൽപി ച്ചിരിക്കുന്ന മാനന്തവാടി രൂപതയെ നയിക്കുവാനുള്ള ശക്തിയും കൃപയും ഈശോയിൽ നിന്നും വാങ്ങി നൽകണമേയെന്ന് പ്രാർത്ഥി ക്കുകയും ചെയ്യാം. വി.യൗസേപ്പിന്റെ നാമധാരികളായ ബഹു.വൈദി കരെയും നമ്മുടെ പ്രാർത്ഥനയിൽ അന്നേദിവസം പ്രത്യേകം ഓർക്കാം. വി.യൗസേപ്പ് പിതാവിന്റെ നാമധാരികളായ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ....

**അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം**

ഏപ്രിൽ 4 തിങ്കളാഴ്ച അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ 5-ാം ചരമവാർഷികമാണ്. അന്നേദിവസം വിശുദ്ധ ബലിയിലും പ്രാർത്ഥന യിലും അഭിവന്ദ്യ പിതാവിനെ നമുക്ക് അനുസ്മരിക്കാം.

**മാർ എമ്മാനുവേൽ പോത്തനാമുഴി പിതാവിന്റെ ചരമവാർഷികം**

നമ്മെ വിട്ടു പിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ പിതാവ് മാർ എമ്മാ നുവേൽ പോത്തനാമുഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി ബുധനാഴ്ചയാണല്ലോ. അന്നേദിവസം കത്തീഡ്രൽ ദേവാലയത്തിൽ രാവിലെ 11.15 ന് പിതാവിനു വേണ്ടിയുള്ള തിരുക്കർമ്മങ്ങൾ നടത്തുന്ന തായിരിക്കും. ആ ദിവസങ്ങളിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ്

ആദ് ലിമിന സന്ദർശനത്തിനായി റോമിനു പോകുന്നതിനാൽ വികാരി ജനറാൾ വെരി.റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം വഹിക്കുന്നതാണ്. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ, എല്ലാ ഇടവകകളിലും ഇടവക ചെലവിൽ പിതാവിനു വേണ്ടി വി.കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

### സ്നേഹസ്മരണ

ബഹു. ഫ്രാൻസീസ് വാളായിലച്ചന്റെ ചരമദിനമായ മാർച്ച് 10-ാം തീയതി വ്യാഴാഴ്ച രാവിലെ 7 മണിക്ക് സീയോൻ ചാപ്പലിൽ അച്ചനു വേണ്ടിയുള്ള തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കും. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

### കൂരിയ അവധി

ഏപ്രിൽ 18 മുതൽ മെയ് 4 വരെ കൂരിയ അവധി ആയിരിക്കുമെന്ന് ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### വൈദികരുടെ സ്ഥലംമാറ്റം

ഈ വർഷം വൈദികരുടെ സ്ഥലംമാറ്റം മെയ് 14-ാം തീയതി ശനിയാഴ്ച ആയിരിക്കും.

### മൈനർ ഓർഡേഴ്സ്

നമ്മുടെ രൂപതയ്ക്കായി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രം പഠിച്ചുകൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മൈനർ ഓർഡേഴ്സ് ഏപ്രിൽ 18-ന് തിങ്കളാഴ്ച രാവിലെ 7 മണിക്ക് മാനന്തവാടി മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു.

### മേജർ സെമിനാരിക്കാരുടെ സമ്മേളനം

ഇക്കൊല്ലം മേജർ സെമിനാരിക്കാരുടെ സമ്മേളനം മെയ് 7-ാം തീയതി വൈകുന്നേരം 6 മണി മുതൽ 10-ാം തീയതി വരെ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. സമ്മേളനത്തിനിടയിൽ 9-ാം തീയതി തിങ്കളാഴ്ച രാവിലെ 7 മണിക്ക് പി.ജി. പഠനം പൂർത്തിയാക്കിയ ബ്രദേഴ്സിന്റെ വെസ്റ്റിഷൻ ഉണ്ടായിരിക്കുന്നതാണ്.

### വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ പാസാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം ഏപ്രിൽ 3-ാം തീയതി ഞായ

റാഴ്ച നടത്തേണ്ടതാണ്. വാർഡ് പ്രതിനിധികളെ രണ്ടു വർഷത്തേയ്ക്കാണല്ലോ തിരഞ്ഞെടുക്കുന്നത്. അതിനാൽ കഴിഞ്ഞ വർഷം തിരഞ്ഞെടുപ്പ് നടത്താത്ത സ്ഥലങ്ങളിൽ രണ്ടു വർഷത്തേയ്ക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്. സഭാശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഭിവന്ദ്യ പിതാവിന്റെ പ്രത്യേക പാസ്റ്ററൽ ലെറ്റർ നമ്പർ 02/2008, Prot. No. 6414/2008 ൽ പറഞ്ഞിട്ടുണ്ട്. അതിലെ ചില കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. സഭാശുശ്രൂഷകർക്കായി നിയോഗിക്കപ്പെടുന്ന സഭാംഗങ്ങൾ, ഏതുതരത്തിൽപ്പെട്ടവരായാലും ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും ആചാരാനുഷ്ഠാനങ്ങളും ശരിയായി മനസ്സിലാക്കി അവ തെറ്റുകൂടാതെയും കുറവു കൂടാതെയും വിശ്വസിച്ച് ജീവിക്കുന്നവർ ആകണം.

❖ വിശ്വാസജീവിതം നയിക്കാത്തവരും അതു പരസ്യമായി പറയാൻ മടിക്കുന്നവരും ശുശ്രൂഷയുടെ സ്ഥാനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെടരുത്.

❖ ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും അംഗീകരിക്കാത്ത പ്രസ്ഥാനങ്ങളിലും സംഘടനകളിലും അംഗങ്ങളാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

❖ സീറോ മലബാർ സഭയുടെ പള്ളിയോഗ നടപടി ക്രമം 6.1.1 അനുസരിച്ച് സഭയുടെ വിശ്വാസത്തെയും സഭാപ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ പൊതുയോഗത്തിലും പ്രതിനിധിയോഗത്തിലും അംഗങ്ങളാകുവാൻ പാടില്ല. അവർ ശുശ്രൂഷാസ്ഥാനങ്ങളിൽ നിയോഗിക്കപ്പെടാനും പാടില്ല.

❖ കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് അംഗീകരിച്ച് നിയമിക്കാനായി രൂപതാകേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്ന പൊതുയോഗ തീരുമാനത്തോടൊപ്പം രൂപതാകേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുള്ള പ്രത്യേക പ്രതിജ്ഞാപത്രം തെരഞ്ഞെടുക്കപ്പെടുന്നവരുടെയും ബഹു. വികാരിയുടെയും സാക്ഷികളുടെയും ഒപ്പു സഹിതം കഴിഞ്ഞ വർഷം ചെയ്തതുപോലെ വാർഷിക പൊതുയോഗ തീരുമാനത്തോടൊപ്പം തരേണ്ടതാണ്. പ്രതിജ്ഞാപത്രം കൊണ്ടുവരാത്തവരുടെ പൊതുയോഗ തീരുമാനങ്ങൾ അംഗീകരിക്കുന്നതല്ല.

❖ പ്രതിനിധിയോഗാംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പിനുശേഷം അവർ സ്ഥാനമേൽക്കുന്നതിനുമുമ്പായി മേൽപ്പറഞ്ഞ പ്രകാരം സത്യപ്രതിജ്ഞാപത്രം ഒപ്പിട്ട് ബഹു. വികാരിയെ ഏൽപ്പിക്കേണ്ടതാണ്. വികാരി അവ ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

❖ മതാധ്യാപകരായി നിയമിക്കപ്പെടുന്നവരും സത്യപ്രതിജ്ഞാപത്രം ഒപ്പിട്ടു നൽകുകയും വികാരി അത് ഇടവക ഫയലിൽ സൂക്ഷിക്കുകയും വേണം.

**ഓഡിറ്റിംഗ്**

കഴിഞ്ഞ വർഷം ചെയ്തതുപോലെ എല്ലാ ഇടവകകളുടെയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ്സ് പരിശോധിക്കുന്നതാണ്. FC account ഉള്ളവരും രൂപത വഴി വിദേശ സഹായം കിട്ടിയവരും അവയുടെ കണക്കും ഓഡിറ്റിംഗിനായി വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. കഴിഞ്ഞവർഷം ഓഡിറ്റർമാർ നൽകിയ നിദ്ദേശങ്ങൾ അനുസരിച്ച് വേണ്ട രേഖകൾ ഹാജരാക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്. ഉച്ചയ്ക്കു ശേഷം 2 മണിക്കായിരിക്കും ഓഡിറ്റിംഗ് ആരംഭിക്കുന്നത്. ഓഡിറ്റേഴ്സ് പലരുള്ളതിനാൽ ഓരോ പള്ളിയ്ക്കും കൃത്യസമയം നിശ്ചയിച്ചിട്ടില്ല. രാവിലെ, ഉച്ചയ്ക്കുശേഷം എന്നിങ്ങനെ സമയം ക്രമീകരിച്ചിട്ടേയുള്ളൂ. രാവിലെ ഓഡിറ്റിംഗിന് സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടുകൂടെയെങ്കിലും, ഉച്ചയ്ക്കുശേഷം കിട്ടിയിരിക്കുന്നവർ ഉച്ച കഴിഞ്ഞ് 2 മണിയോടുകൂടിയെങ്കിലും എത്തിച്ചേരുവാൻ ശ്രദ്ധിക്കുമല്ലോ.

**ഓഡിറ്റിംഗിന് വരുമ്പോൾ കൊണ്ടുവരേണ്ടവ**

1) നാൾവഴി (daily), 2) ലഡ്ജർ ബുക്ക്, 3) ബില്ലുകൾ, വൗച്ചറുകൾ, രശീതുകൾ, 5) ബാങ്ക് പാസ്സ് ബുക്കുകൾ, FD രശീതുകൾ, 6) വാർഷിക തെരട്ടിന്റെ രണ്ടു കോപ്പി, 7) കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രം, 8) പൊതുയോഗതീരുമാനത്തിന്റെ റിപ്പോർട്ട് അരമന പത്രത്തിൽ എഴുതിയ ഒരു കോപ്പിയും പൊതുയോഗതീരുമാനം രേഖപ്പെടുത്തിയ മിനിറ്റ്സ് ബുക്കും. 9) രൂപതാവിഹിതം (10%)

**ഓരോ ഇടവകയ്ക്കും വേണ്ടി നിശ്ചയിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു.**

| ചുങ്കക്കുന്ന് ഫൊറോന | ഏപ്രിൽ 11 തിങ്കൾ | ബിഷപ്സ് ഹൗസ് |
|---|---|---|
| അടയ്ക്കാത്തോട് | രാവിലെ 9 മുതൽ | " |
| അമ്പായത്തോട് | രാവിലെ 9 മുതൽ | " |
| ചുങ്കക്കുന്ന് | രാവിലെ 9 മുതൽ | " |
| കേളകം | രാവിലെ 9 മുതൽ | " |
| കൊട്ടിയൂർ | രാവിലെ 9 മുതൽ | " |
| നെല്ലിയോടി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| ഒറ്റപ്ലാവ് | രാവിലെ 9 മുതൽ | " |
| പാൽചുരം | രാവിലെ 9 മുതൽ | " |
| ശാന്തിഗിരി | രാവിലെ 9 മുതൽ | " |
| വെള്ളൂന്നി | രാവിലെ 9 മുതൽ | " |
| **കല്പറ്റ ഫൊറോന** | **ഏപ്രിൽ 11 തിങ്കൾ** | **ബിഷപ്സ് ഹൗസ്** |
| കല്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാഴവറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തെനേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെടുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| റിപ്പൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കൊളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| എടപ്പെട്ടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വൈത്തിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചാരിറ്റി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ലക്കിടി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒലിവുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചൂരൽമല (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുന്നംബറ്റ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുഴമുടി (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **കല്ലോടി ഫൊറോന** | **ഏപ്രിൽ 12 ചൊവ്വ** | **ബിഷപ്സ് ഹൗസ്** |
| ചുള്ളിയാന | രാവിലെ 9 മുതൽ | " |
| ദീപ്തിഗിരി | രാവിലെ 9 മുതൽ | " |
| ദ്വാരക | രാവിലെ 9 മുതൽ | " |
| കല്ലോടി | രാവിലെ 9 മുതൽ | " |
| കരിമ്പിൽ | രാവിലെ 9 മുതൽ | " |
| കാരയ്ക്കാമല | രാവിലെ 9 മുതൽ | " |
| കൊമ്മയാട് | രാവിലെ 9 മുതൽ | " |
| കുഞ്ഞോം | രാവിലെ 9 മുതൽ | " |
| മക്കിയാട് | രാവിലെ 9 മുതൽ | " |
| മംഗലശ്ശേരി | രാവിലെ 9 മുതൽ | " |
| മൊതക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നിരവിൽപുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ഒഴുക്കൻമൂല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| പുതിയിടംകുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തോണിച്ചാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വഞ്ഞോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ജൂഡ്സ്മൗണ്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **മാനന്തവാടി ഫൊറോന** | **ഏപ്രിൽ 13 ബുധൻ** | **ബിഷപ്പ്സ് ഹൗസ്** |
| ആലാറ്റിൽ | രാവിലെ 9 മുതൽ | " |
| ഏലപ്പീടിക | രാവിലെ 9 മുതൽ | " |
| കരിമാനി | രാവിലെ 9 മുതൽ | " |
| കുറ്റിമൂല | രാവിലെ 9 മുതൽ | " |
| മാനന്തവാടി കത്തീഡ്രൽ | രാവിലെ 9 മുതൽ | " |
| മാനന്തവാടി ടൗൺ | രാവിലെ 9 മുതൽ | " |
| പാറത്തോട്ടം | രാവിലെ 9 മുതൽ | " |
| പേരിയ | രാവിലെ 9 മുതൽ | " |
| പോരൂർ | രാവിലെ 9 മുതൽ | " |
| പുതിയിടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തലപ്പുഴ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| തവിഞ്ഞാൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളാട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വലിയകൊല്ലി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ബോയ്സ് ടൗൺ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മുതിരേരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പ്രശാന്തഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| യവനാർകുളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **ഗൂഡല്ലൂർ റീജിയൺ** | **ഏപ്രിൽ 14 വ്യാഴം** | **അരുൾനിലയം** |
| അരുൾനിലയം | രാവിലെ 9 മുതൽ | " |
| ബെക്കി | രാവിലെ 9 മുതൽ | " |
| ബർലിയാർ | രാവിലെ 9 മുതൽ | " |
| കൂനൂർ | രാവിലെ 9 മുതൽ | " |
| അറുവൻകാട് (Independent station) | രാവിലെ 9 മുതൽ | " |
| ധർമ്മഗിരി | രാവിലെ 9 മുതൽ | " |
| ആറാട്ടുപാറ (Independent station) | രാവിലെ 9 മുതൽ | " |
| കൽപ്ര | രാവിലെ 9 മുതൽ | " |
| കയ്യൂന്നി | രാവിലെ 9 മുതൽ | " |
| കുന്നലാടി | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| മച്ചിക്കൊല്ലി | രാവിലെ 9 മുതൽ | " |
| മണ്ണുവയൽ | രാവിലെ 9 മുതൽ | " |
| പനംചിറ | രാവിലെ 9 മുതൽ | " |
| വിമലഗിരി | രാവിലെ 9 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 14 വ്യാഴം** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മണിമൂളി (Including Manimooly, PC & Syncellus Office) | ഉച്ചകഴിഞ്ഞ് 3 മുതൽ | " |
| ഭൂദാനം | ഉച്ചകഴിഞ്ഞ് 3 മുതൽ | " |
| നരിവാലമുണ്ട | ഉച്ചകഴിഞ്ഞ് 3 മുതൽ | " |
| ഞാറപ്പാടം | ഉച്ചകഴിഞ്ഞ് 3 മുതൽ | " |
| **മണിമൂളി ഫൊറോന** | **ഏപ്രിൽ 15 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| മുണ്ടേരി | രാവിലെ 9 മുതൽ | " |
| പാലാങ്കര | രാവിലെ 9 മുതൽ | " |
| പാലേമാട് | രാവിലെ 9 മുതൽ | " |
| പാതിരിപ്പാടം | രാവിലെ 9 മുതൽ | " |
| തലഞ്ഞി | രാവിലെ 9 മുതൽ | " |
| മരുത (Independent station) | രാവിലെ 9 മുതൽ | " |
| **നിലമ്പൂർ ഫൊറോന** | **ഏപ്രിൽ 15 വെള്ളി** | **മണിമൂളി പാസ്റ്ററൽ സെന്റർ** |
| ചോക്കാട് | രാവിലെ 10 മുതൽ | " |
| എടിവണ്ണ | രാവിലെ 10 മുതൽ | " |
| മൂലേപ്പാടം | രാവിലെ 10 മുതൽ | " |
| മുട്ടിയേൽ (Independent station) | രാവിലെ 10 മുതൽ | " |
| നിലമ്പൂർ | രാവിലെ 10 മുതൽ | " |
| പൂക്കോട്ടുംപാടം | രാവിലെ 10 മുതൽ | " |
| പൂളപ്പാടം | രാവിലെ 10 മുതൽ | " |
| റൂബി നഗർ | രാവിലെ 10 മുതൽ | " |
| റ്റി.കെ. കോളനി | രാവിലെ 10 മുതൽ | " |
| തേൾപ്പാറ | രാവിലെ 10 മുതൽ | " |
| വള്ളിക്കെട്ട് | രാവിലെ 10 മുതൽ | " |
| **മുള്ളൻകൊല്ലി ഫൊറോന** | **ഏപ്രിൽ 26 ചൊവ്വ** | **ബിഷപ്പ്സ് ഹൗസ്** |
| ആടിക്കൊല്ലി | രാവിലെ 9 മുതൽ | " |
| അമരക്കുനി | രാവിലെ 9 മുതൽ | " |
| ഇരുളം | രാവിലെ 9 മുതൽ | " |

| | | |
|---|---|---|
| കബനിഗിരി | രാവിലെ 9 മുതൽ | " |
| മരകാവ് | രാവിലെ 9 മുതൽ | " |
| മരക്കടവ് | രാവിലെ 9 മുതൽ | " |
| മുള്ളൻകൊല്ലി | രാവിലെ 9 മുതൽ | " |
| പാടിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പട്ടാണിക്കൂപ്പ് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുൽപള്ളി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| സീതാമൗണ്ട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ശിശുമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **സു.ബത്തേരി ഫൊറോന** | **ഏപ്രിൽ 27 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| അമ്പലവയൽ | രാവിലെ 9 മുതൽ | " |
| ചിത്രഗിരി | രാവിലെ 9 മുതൽ | " |
| ചുള്ളിയോട് | രാവിലെ 9 മുതൽ | " |
| കടൽമാട് | രാവിലെ 9 മുതൽ | " |
| കരണി | രാവിലെ 9 മുതൽ | " |
| മീനങ്ങാടി | രാവിലെ 9 മുതൽ | " |
| കല്ലുമുക്ക് | രാവിലെ 9 മുതൽ | " |
| പഴൂർ | രാവിലെ 9 മുതൽ | " |
| സു.ബത്തേരി | രാവിലെ 9 മുതൽ | " |
| മൂലങ്കാവ് | രാവിലെ 9 മുതൽ | " |
| തോമാട്ടുചാൽ | രാവിലെ 9 മുതൽ | " |
| വടക്കനാട് | രാവിലെ 9 മുതൽ | " |
| വാകേരി | രാവിലെ 9 മുതൽ | " |
| **തരിയോട് ഫൊറോന** | **ഏപ്രിൽ 27 ബുധൻ** | **ബിഷപ്സ് ഹൗസ്** |
| തരിയോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെന്നലോട് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കാവുംമന്ദം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കോട്ടത്തറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമ്പാല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കുറുമണി | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| മംഗളം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പന്തിപ്പോയിൽ (Independent station) | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

| | | |
|---|---|---|
| മഞ്ഞൂറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പുതുശ്ശേരിക്കടവ് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| **പയ്യംപള്ളി ഫൊറോന** | **ഏപ്രിൽ 28 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| പയ്യംപള്ളി | രാവിലെ 9 മുതൽ | " |
| അപ്പപ്പാറ | രാവിലെ 9 മുതൽ | " |
| ആറാട്ടുതറ | രാവിലെ 9 മുതൽ | " |
| ബാവലി | രാവിലെ 9 മുതൽ | " |
| എടയൂർകുന്ന് | രാവിലെ 9 മുതൽ | " |
| കമ്മന | രാവിലെ 9 മുതൽ | " |
| കാട്ടിക്കുളം | രാവിലെ 9 മുതൽ | " |
| മാർട്ടിൻനഗർ | രാവിലെ 9 മുതൽ | " |
| പടമല | രാവിലെ 9 മുതൽ | " |
| പനവല്ലി | രാവിലെ 9 മുതൽ | " |
| തൃശ്ശിലേരി | രാവിലെ 9 മുതൽ | " |
| **നടവയൽ ഫൊറോന** | **ഏപ്രിൽ 28 വ്യാഴം** | **ബിഷപ്സ് ഹൗസ്** |
| അരിഞ്ചേർമല | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചെറുകാട്ടൂർ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| ചുണ്ടക്കര | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കല്ലുവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കണിയാമ്പറ്റ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| കേണിച്ചിറ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നടവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| നെയ്ക്കുപ്പ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| പറളിക്കുന്ന് | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വാളവയൽ | ഉച്ചകഴിഞ്ഞ് 2 മുതൽ | " |
| വിളമ്പുകണ്ടം | ഉച്ചകഴിഞ്ഞ് 2 മുതൽ | " |

**പുതിയ ഫോൺ നമ്പർ**

റവ.ഫാ. ജോസഫ് തുരുത്തേൽ – Mob: 9645611337

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദിക സമ്മേളനം-റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം (Priests' Conference) 2011 ഫെബ്രുവരി 2-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. രാവിലെ 10.30 ന് ബഹു. സെബിൻ ഐക്കരത്താഴത്ത് അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. മാനന്തവാടി രൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെരി.റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കഴിഞ്ഞ വൈദിക സമ്മേളനത്തിനുശേഷം മരണമടഞ്ഞ മാനന്തവാടി രൂപതാംഗമായ ബഹു. നെടുമ്പള്ളി ജേക്കബ് അച്ചനെയും ആകസ്മികമായി മരണമടഞ്ഞ നോർബർട്ടൈൻ സഭാംഗവും മരക്കടവ് ഇടവകാംഗവുമായ ബഹു. ജോബി വെട്ടുകല്ലുങ്കൽ അച്ചനെയും പ്രത്യേകം അനുസ്മരിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. നവ വൈദികർക്ക് അഭിവന്ദ്യ പിതാവ് പുഷ്പങ്ങൾ നൽകി വൈദിക കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്തു.

തുടർന്ന് അഭിവന്ദ്യ പിതാവ് ആമുഖപ്രഭാഷണം നടത്തി. വിശ്വാസം ജീവന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും വേണ്ടി പ്രായോഗികതലത്തിൽ എങ്ങനെ നടപ്പിലാക്കണമെന്ന് ചിന്തിക്കുവാനാണ് പ്രധാനമായും ഈ യോഗമെന്നും ജീവന്റെ സംരക്ഷണം ഇന്നത്തെ സാഹചര്യത്തിൽ ചിന്തയ്ക്ക് വിഷയമാക്കേണ്ടതാണെന്നും ആളുകളെ കൊല്ലുന്നതുമാത്രമല്ല സ്നേഹിക്കാതിരിക്കുന്നതും ഒരു തരത്തിലുള്ള കൊലയാണെന്ന് നാം മനസ്സിലാക്കണമെന്നും മനുഷ്യജീവന്റെ സംരക്ഷണം മാത്രമല്ല ഈ ഭൂലോകത്തിന്റെ മുഴുവൻ സംരക്ഷണത്തെക്കുറിച്ചും ഇപ്പോഴുള്ളവരുടെയും വരും തലമുറയുടെയും സുസ്ഥിതിക്കുവേണ്ടി ശക്തമായ നിലപാടുകൾ എടുക്കണമെന്നും പിതാവ് സൂചിപ്പിച്ചു. കാലാവസ്ഥ മാറ്റങ്ങൾക്കും പലതരം രോഗങ്ങൾക്കും ഒക്കെ കാരണമാകുന്ന കാര്യങ്ങളിൽ പ്രധാനപ്പെട്ടത് പരിസ്ഥിതിയുടെ സംരക്ഷണത്തിൽ വന്ന പോരായ്മയാണെന്നും ഇതിനെക്കുറിച്ച് നേതൃത്വത്തിലിരിക്കുന്നവർക്ക് ആദ്യം അവബോധം ഉണ്ടാകണമെന്നും മനുഷ്യന്റെയും പ്രകൃതിയുടെയും ജീവൻ സംരക്ഷിക്കാനും സമൃദ്ധമാക്കാനും സഭയുടെ പ്രവർത്തന ശൈലികളിൽ കാലോചിതമായ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നും പിതാവ് ചൂണ്ടിക്കാട്ടി.

എൻഡോസൾഫാൻ പോലുള്ള കീടനാശിനികളുടെ പ്രയോഗവും ഭൂമിക്കനുയോജ്യമല്ലാത്ത കൃഷിരീതികളും ഭാവിയിൽ ജീവന്റെ നിലനിൽപ്പു തന്നെ അസാധ്യമാക്കുമെന്ന് പിതാവ് പറഞ്ഞു.

തുടർന്ന് ബഹുമാനപ്പെട്ട ബാബു മാപ്ലശേരി അച്ചൻ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർനടപടി രേഖയെ ആധാരമാക്കി ക്ലാസ് നയിച്ചു. വിശ്വാസം ജീവനുള്ളതും ആ ജീവൻ സമ്പൂർണ്ണതയുള്ളതായിരിക്കണമെന്നും ഏത് മൂല്യം വെല്ലുവിളിക്കപ്പെടുമ്പോഴും വെല്ലുവിളിക്കപ്പെടുന്നത് ജീവനാണെന്നും അച്ചൻ ഊന്നിപ്പറഞ്ഞു.

ക്ലാസ്സിനുശേഷം 5 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടന്നു. ചർച്ചയ്ക്കുശേഷം ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. ഉച്ചയ്ക്കുശേഷം പാരിഷ് സോഫ്റ്റ്‌വെയർ പ്രോഗ്രാം ശ്രീ. ജോമോനും ശ്രീ. ബിജുവും അവതരിപ്പിച്ചു. തുടർന്ന് ചർച്ചയുടെ റിപ്പോർട്ട് ഓരോ ഗ്രൂപ്പിന്റെയും സെക്രട്ടറിമാർ അവതരിപ്പിച്ചു. തുടർന്ന് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി പ്രായോഗികമായി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുവാനായി രൂപീകരിക്കുന്ന Follow up committee യുടെ കൺവീനറായി ബഹു. ബാബു മാപ്ലശേരി അച്ചനെ അഭിവന്ദ്യപിതാവ് നോമിനേറ്റ് ചെയ്തു. മറ്റ് അംഗങ്ങളെ ബാബു അച്ചന് co-opt ചെയ്യാമെന്നും യോഗം തീരുമാനിച്ചു.

തിരുനെല്ലിയുടെ പ്രദേശങ്ങളും മറ്റു ജനവാസ പ്രദേശങ്ങളും വന്യജീവി സംരക്ഷണ പ്രദേശമായി പ്രഖ്യാപിച്ചാലുണ്ടാകുന്ന ദോഷവശങ്ങളെക്കുറിച്ചും നടപടികളെക്കുറിച്ചും ഇൻഫാം രൂപത ഡയറക്ടർ ബഹു. സുനിൽ വട്ടുകുന്നേലച്ചൻ സംസാരിച്ചു. തുടർന്ന് അഭിവന്ദ്യപിതാവ് സംസാരിച്ചു. ആദർശ ശുദ്ധിയുള്ള വ്യക്തികൾ ഉണ്ടായാലേ സമൂഹത്തെ അഴിമതിയിൽ നിന്നും മോചിപ്പിക്കാനാവൂ എന്ന് പിതാവ് സൂചിപ്പിച്ചു.

ഛാന്ദാ മിഷൻ രൂപതയുടെ ജൂബിലിയോടനുബന്ധിച്ച് 2011 ആഗസ്റ്റ് മുതൽ മിഷൻ വർഷമായി ആചരിക്കുവാൻ സീറോമലബാർ സഭ തീരുമാനിച്ചിരിക്കുന്നെന്നും വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണെന്നും പിതാവ് പറഞ്ഞു.

മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് അജപാലന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്നും പാരിഷ് സോഫ്റ്റ്‌വെയർ എല്ലാ ഇടവകകളിലേയ്ക്കും വാങ്ങിക്കണമെന്നും പിതാവ് നിർദ്ദേശിച്ചു. പാരിഷ് സോഫ്റ്റ്‌വെയറിന് ഇപ്പോൾ പേരുകൊടുക്കുന്നവർക്ക് മൂവായിരം രൂപയുടെ സബ്സിഡി കൊടുക്കുന്നതാണെന്നും പിതാവ്

പറഞ്ഞു. നൊവേന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ രൂപതാ കേന്ദ്രത്തിൽ നിന്നും അനുവാദം വാങ്ങേണ്ടതാണെന്നും ധ്യാന കേന്ദ്ര ങ്ങളിൽ അനുവാദമില്ലാതെ ധ്യാനം നയിക്കാൻ അൽമായരെ വിളിക്ക രുതെന്നും പിതാവ് പറഞ്ഞു. മേജർ സെമിനാരിയിൽ ഫിലോസഫിക്ക് ചേരണമെങ്കിൽ സെക്കുലർ ഡിഗ്രി കഴിഞ്ഞിരിക്കണമെന്ന നിയമം 2015 മുതൽ പ്രാബല്യത്തിൽ വരുന്നതാണെന്നും ഈ വർഷം ഫിലോസ ഫിക്ക് ചേരാനുള്ളവർക്ക് ഓപ്ഷൻ കൊടുക്കാമെന്നും പ്രൈവറ്റ് ആയി പഠിക്കാൻ താല്പര്യമുള്ളവരെ ഏതെങ്കിലുമൊക്കെ ഇടവകയിൽ നിർത്തി പഠിപ്പിക്കാൻ സാധിക്കുമെങ്കിൽ നന്നായിരിക്കുമെന്നും പിതാവ് അഭിപ്രായപ്പെട്ടു. മുതിർന്നവർക്ക് മാമ്മോദീസ നൽകുമ്പോൾ സത്യ വാങ്മൂലം എഴുതിവാങ്ങുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. പടി സാധനങ്ങളിൽ നിശ്ചയിച്ചിരിക്കുന്നതിൽ കൂടു തൽ തുക വാങ്ങാതെ വൈദികർ ശ്രദ്ധിക്കണമെന്നും സൂചിപ്പിച്ചു. ക്രിസ്തീയ സമൂഹത്തെ നയിക്കുന്നവരെന്ന നിലയിൽ മറ്റുള്ളവരെ നയി ക്കാൻ ആവശ്യമായ അറിവ് എല്ലാ ദിവസവും നാം സമ്പാദിക്കാൻ ശ്രദ്ധി ക്കണമെന്നും ഉദ്ബോധിപ്പിച്ചു. പിതാവ് എല്ലാവർക്കും നന്ദി അറിയിച്ചു. രൂപതാഗാനത്തോടെ 4.30 ന് വൈദിക സമ്മേളനം സമാപിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനം - റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന സന്യാസിനി സഭകളിലെ മേജർ സുപ്പീരിയേഴ്സിന്റെയും പ്രതിനിധികളുടെയും ഒരു സമ്മേളനം 2011 ഫെബ്രുവരി 15-ാം തീയതി രാവിലെ 10.30 മുതൽ 2.30 വരെ മാനന്തവാടി ബിഷപ്സ് ഹൗസിൽ വച്ച് ചേരുകയുണ്ടായി. രൂപത വികാരി ജനറാൾ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം സി. ജോൺ മേരി S.H. നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിന് സി. ജെയിൻ FCC സ്വാഗതം ആശംസിച്ചു. തുടർന്ന് രൂപത വികാരിജനറാൾ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ അദ്ധ്യക്ഷ പ്രസംഗം നടത്തി. സന്യാസിനികൾ പലവിധ ശുശ്രൂഷാ മേഖലകളിൽ നിസ്തുലമായ സേവനമാണ് കാഴ്ചവയ്ക്കുന്നതെന്നും രൂപതയെ സംബന്ധിച്ചിടത്തോളം അത് ഒരു മുതൽകൂട്ടാണ് എന്നും അച്ചൻ പറഞ്ഞു. ഇന്ന് നല്ലൊരു പങ്ക് സിസ്റ്റേഴ്സും സ്ഥാപനങ്ങളിലാണ് സേവനം ചെയ്യുന്നതെന്നും അവർ നല്ല സാക്ഷ്യമാണ് നൽകുന്നത്. എങ്കിലും അവയ്ക്ക് പൊതുസമൂഹത്തിൽ വേണ്ടത്ര അംഗീകാരം ലഭിക്കാതെ പോകുന്നുണ്ട് എന്നും, പുതിയ ദൈവവിളികളെപ്പോലും അത് ബാധിക്കുന്നുണ്ട് എന്നും അച്ചൻ പറഞ്ഞു. ഇടവക കുടുംബ പ്രേഷിതത്വ മേഖലയിൽ ശുശ്രൂഷയ്ക്ക് എത്തുന്നവർ തന്നെ വേണ്ടത്ര പരിശീലനവും വൈദഗ്ദ്യവും നേടിയെങ്കിൽ മാത്രമേ അജപാലന ശുശ്രൂഷയിൽ ഫലപ്രദമാംവിധം സഹായിക്കാൻ സാധിക്കുകയുള്ളൂവെന്നും, സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങളിൽ കുടുംബനവീകരണം, വിശ്വാസ പരിശീലനം, സംഘടനാ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യപ്രവർത്തനങ്ങൾ എന്നിങ്ങനെ മുൻഗണനക്രമം ഉണ്ടാകണമെന്നും അജപാലന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയ്ക്ക് തുടർച്ചയായ സേവനം ആവശ്യമാണെന്നും, അതിനാൽ സ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരെപ്പോലെ ഇടവക ശുശ്രൂഷ ചെയ്യുന്നവരും ദീർഘകാലത്തേയ്ക്ക് ഒരേ ഇടവകയിൽ സേവനം ചെയ്യുവാൻ ശ്രദ്ധിച്ചാൽ നന്നായിരിക്കുമെന്നും, ദൈവവിളി പ്രോത്സാഹനം ഏറ്റവും കൂടുതൽ നടക്കുന്നത് സമർപ്പിതരുടെ സാക്ഷ്യത്തിലൂടെയും വ്യക്തിബന്ധങ്ങളിലൂടെയുമാണെന്നും അച്ചൻ ഓർമ്മിപ്പിച്ചു.

തുടർന്ന് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർ നടപടിരേഖയെ അടിസ്ഥാനമാക്കി ബഹു. ബാബു മാപ്ലശേരിയച്ചൻ ക്ലാസ് നയിച്ചു. ക്ലാസിനുശേഷം 4 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി. ചർച്ചയ്ക്കുശേഷം ഓരോ ഗ്രൂപ്പിന്റെയും സെക്രട്ടറിമാർ ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന്ന് ബഹു. ജനറാളച്ചൻ ചർച്ചയുടെ വെളിച്ചത്തിലുള്ള നിരീക്ഷണങ്ങൾ അവതരിപ്പിച്ചു. Follow up committee യിലേയ്ക്ക് സി. മെറീന പോൾ CMC സി. മേഴ്സി ജോസഫ് SH എന്നിവരെ തെരഞ്ഞെടുക്കുകയും ഒരു സിസ്റ്ററുടെ സഹായം SKD ജനറാൾ സി. ക്രിസ്റ്റീന വാഗ്ദാനം ചെയ്യുകയും ചെയ്തു.

മാനന്തവാടി രൂപതയുടെ PRO യും റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടറുമായ ബഹു. തോമസ് തേരകം അച്ചൻ റേഡിയോ മാറ്റൊലി, മീഡിയ കമ്മീഷൻ, PRO Office എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു.

*EFFECT* ന്റെ ഇതുവരെയുള്ള കണക്കുകൾ *EFFECT* കൺവീനർ സി. ജെയിൻ FCC അവതരിപ്പിക്കുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. സാധിക്കുന്നതുപോലെ പ്രൊഫഷനൽ കോഴ്സിന് പഠിക്കുന്നവർക്കും സഹായം കൊടുക്കണമെന്നും തീരുമാനിച്ചു. Effect ന്റെ കൺവീനറുടെ കാലാവധി 3 വർഷം പൂർത്തിയായതിനാൽ മറ്റൊരു സമൂഹം ആ ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് കൺവീനർ ആവശ്യപ്പെടുകയും ആരെയും തെരഞ്ഞെടുക്കാൻ സാധിക്കാതെ വന്നതിനാൽ ക്രിസ്തുദാസി സമൂഹത്തിലെ ഒരു വ്യക്തിയുടെ സഹായം സി. ജനറൽ സി. ക്രിസ്റ്റീന SKD വാഗ്ദാനം ചെയ്യുകയും ചെയ്തു. സെക്രട്ടറിയായി സി. മേഴ്സി SH തുടരണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് സി. മേഴ്സിയുടെ സേവനം ലഭ്യമാക്കാമെന്ന് സി. പ്രൊവിൻഷ്യാൾ സി. ജോൺ മേരി അറിയിക്കുകയും ചെയ്തു.

രൂപതയിലെ വിവിധ സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന്റെ സേവനത്തെ സംബന്ധിച്ച് സി. ക്രിസ്റ്റീന SKD യുടെ നേതൃത്വത്തിൽ രൂപം കൊടുക്കുന്ന കോൺട്രാക്ടിന്റെ ഡ്രാഫ്റ്റ് പിന്നീട് ചർച്ച ചെയ്യാമെന്ന് തീരുമാനിച്ചു. സി. പ്രിമോസ SCV യുടെ നന്ദിയോടെ 2.30 ന് യോഗം സമാപിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട്

നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ 6-ാം സമ്മേളനം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ 12-2-2011 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ യോഗം ചേർന്നു. സീറോ മലബാർ സഭയുടെ മൂന്നാം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയും അതിനു ശേഷം ചേർന്ന മെത്രാൻ സിനഡും "വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും" എന്ന വിഷയത്തെ സംബന്ധിച്ച് നടത്തിയ പഠനത്തിനും വിചിന്തനത്തിനും ശേഷം പുറപ്പെടുവിച്ച "പ്രായോഗിക നിർദ്ദേശങ്ങളെ വിലയിരുത്തുന്നതിനും അതിന്റെ പശ്ചാത്തലത്തിൽ മാനന്തവാടി രൂപതയിൽ നടത്തേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി നിർദ്ദേശിക്കുന്നതിനുവേണ്ടി ചേർന്ന യോഗത്തിൽ അഭിവന്ദ്യ പിതാവ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിലൂടെ ഈ വിഷയത്തിന്റെ കാലിക പ്രസക്തിയും ഇതിനെ സംബന്ധിച്ച് രൂപതയുടെയും തന്റെയും നിലപാടുകൾ ഒരിക്കൽകൂടി വ്യക്തമാക്കുകയും ജീവന്റെമേൽ കരിനിഴൽ വീഴ്ത്തുന്ന അപകടകരമായ പ്രവണതകളെ ജാഗ്രതയോടെ തടയുകയും ഇല്ലായ്മ ചെയ്യുകയും വേണമെന്നും ആവശ്യപ്പെട്ടു. ശ്രീ. ജോസ് പുന്നക്കുഴി നയിച്ച പ്രാർത്ഥനയ്ക്കുശേഷം ആരംഭിച്ച യോഗത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ എന്ന സ്ഥാനം ഏറ്റെടുത്തതിനുശേഷം ആദ്യമായി പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്ത മാത്യു അച്ചൻ യോഗം ചർച്ച ചെയ്യുന്ന വിഷയത്തിന്റെ ഗൗരവവും അതുമായി ബന്ധപ്പെട്ട് തന്റെ മുൻകാല ശുശ്രൂഷാരംഗങ്ങളിൽ നിന്നും ലഭിച്ച അറിവിന്റെയും അനുഭവങ്ങളുടെയും പിൻബലത്തിൽ ജീവനും കുടുംബവും നേരിടുന്ന വെല്ലുവിളികളും അവയ്ക്കുള്ള പരിഹാരങ്ങളും അക്കമിട്ടു പറഞ്ഞു. സ്വാഗത പ്രസംഗത്തിന്റെ ആരംഭത്തിൽ ഫാ. ജേക്കബ് നെടുമ്പള്ളി, ഫാ. പീറ്റർ ചെറുകരമുട്ടം, ശ്രീ. ഷൈബി (തവിഞ്ഞാൽ പഞ്ചായത്ത് അംഗം), ഉലഹന്നാൻ നെടുംകൊമ്പിൽ (ആടിക്കൊല്ലി) എന്നിവരുടെ നിര്യാണത്തിൽ അനുശോചനം നടത്തുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

വിഷയാവതരണം നടത്തിയ റവ. ഫാ. ബാബു മാപ്ലശേരി തന്റെ സ്വതസിദ്ധമായ ശൈലിയിൽ വിശദീകരണങ്ങളും ഫലപ്രദമായ ഇടപെടലുകളും വഴി വിഷയത്തിന്റെ വിവിധ മാനങ്ങൾ പൂർണ്ണമായി മനസ്സിലാക്കാൻ അംഗങ്ങളെ സഹായിച്ചു. ഉദ്ധരണികളും വസ്തുതകൾക്ക് ബലം നൽകുന്ന കണക്കുകളും ഒപ്പം രൂപതാ PRO റവ. ഫാ. തോമസ് ജോസഫ് തേരകം ഒരുക്കിയ ദൃശ്യവിശകലനങ്ങളുംകൊണ്ട് വിഷയാവതരണം ഏറെ ഫലപ്രദമായി. ബാബു അച്ചന് പ്രത്യേക അഭിനന്ദനങ്ങൾ.

തുടർന്ന് ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചയായിരുന്നു. ബഹു. രൂപതാ ചാൻസലർ റവ. ഫാ. ജോസഫ് പരുവുമ്മേൽ ചർച്ചയ്ക്കുള്ള നിർദ്ദേശങ്ങൾ നൽകി. ആകെ അഞ്ച് ഗ്രൂപ്പ്- വൈദികർക്ക് ഒന്ന്, കന്യാസ്ത്രികൾക്ക് ഒന്ന്, അൽമായർക്ക് മൂന്ന് ഗ്രൂപ്പുകൾ. ഗ്രൂപ്പുകൾക്ക് നൽകിയ ചോദ്യങ്ങൾ ചർച്ച ചെയ്ത് കണ്ടെത്തലുകളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ ആവശ്യപ്പെടുകയായിരുന്നു. ഗ്രൂപ്പുകളിൽ ഗൗരവമായ ചർച്ച നടന്നുവെന്ന് ലീഡർമാരുടെ റിപ്പോർട്ടവതരണത്തിൽ നിന്നും വ്യക്തമായി.

റിപ്പോർട്ടവതരണത്തിനു മുമ്പായി പാസ്റ്ററൽ കൗൺസിൽ അംഗങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. എൽ പൗലോസ് (ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്), ശ്രീ. എം. സി. സെബാസ്റ്റ്യൻ (പനമരം ബ്ലോക്ക് പഞ്ചായത്ത്), ശ്രീ. സണ്ണി ജോസ് ചാലിൽ (മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്), ശ്രീ. ജേക്കബ് സെബാസ്റ്റ്യൻ (മാനന്തവാടി ഗ്രാമ പഞ്ചായത്ത്), ശ്രീമതി അന്നക്കുട്ടി ജോസ് ഉണ്ണിക്കുന്നേൽ (പൂതാടി പഞ്ചായത്ത്) എന്നിവരെ അഭിവന്ദ്യ പിതാവ് പ്രത്യേകമായി അഭിനന്ദിക്കുകയും പൂച്ചെണ്ട് നൽകി ആദരിക്കുകയും ചെയ്തു. ഇതിന് മറുപടിയായി ശ്രീ. കെ. എൽ . പൗലോസ് നന്ദി പറയുകയും ഒപ്പം അനുവദനീയമായ എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു. ചടങ്ങുകളിൽ ഉടനീളം ആവശ്യമായ ക്രമീകരണങ്ങളും നിർദ്ദേശങ്ങളും നൽകി സമ്മേളനം വിജയിപ്പിക്കുവാൻ രൂപതാ ചാൻസലർ റവ. ഫാ. ജോസഫ് പരുവുമ്മേലും രൂപതാ ഓഫീസ് സെക്രട്ടറി റവ. ഫാ. ജോസഫ് നെടുംകല്ലേലും സന്നിഹിതരായിരുന്നു.

തുടർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ രൂപതാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം യോഗം അംഗീകരിച്ചു. കമ്മിറ്റി രൂപീകരിക്കാൻ യോഗം പ്രോട്ടോ സിഞ്ചെല്ലൂസിനെ ചുമതലപ്പെടുത്തി.

ചർച്ചകളുടെ ക്രമീകരണം നടത്തിക്കൊണ്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജാഗ്രതാ സമിതി ഈ വിഷയത്തിൽ എടുത്ത തീരുമാനങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിച്ചു. ഒപ്പം എല്ലാ വർഷവും ഒരു ദിവസം വൈദികദിനമായി ഇടവകകളിൽ ആചരിക്കണമെന്നും, രൂപതയിൽ ബഹുമുഖ കഴിവുകളും പദവികളുമുള്ള ദൈവജനത്തിന്റെ കൂട്ടായ്മകൾ വിളിച്ചു ചേർക്കണമെന്നും അങ്ങനെ അവർക്കുകൂടി സഭയുടെ മുഖ്യധാര പ്രവർത്തനങ്ങളിൽ സ്ഥിരമായി സഹകരിക്കാനുള്ള അവസരം ഒരുക്കണമെന്നും നിർദ്ദേശിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറി നന്ദി പറഞ്ഞു. രൂപതാ ഗാനത്തോടെ യോഗം അവസാനിച്ചു.

**തോമസ് ഏറണാട്ട്**

രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

# മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഫോളോഅപ്പ് കമ്മറ്റി

| | | |
|---|---|---|
| * വെരി.റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ | – | ചെയർമാൻ |
| * റവ.ഫാ. ബാബു മാപ്ലശേരി | – | കൺവീനർ |
| * റവ.ഫാ. തോമസ് തൈക്കുന്നുംപുറം | – | മെമ്പർ |
| * റവ.ഫാ. സജി കോട്ടായിൽ | – | മെമ്പർ |
| * റവ.ഫാ. മനോജ് കാക്കോനാൽ | – | മെമ്പർ |
| * റവ.ഫാ. ജെസ്റ്റിൻ മുത്താനിക്കാട്ട് | – | മെമ്പർ |
| * റവ.സി. മേഴ്സി ജോസഫ് SH | – | മെമ്പർ |
| * റവ.സി. മെറീന പോൾ CMC | – | മെമ്പർ |
| * റവ.സി. അനറ്റ് SKD | – | മെമ്പർ |
| * ശ്രീ. തോമസ് ഏറനാട്ട് | – | മെമ്പർ |
| * ശ്രീ. ജിൽസ് മേക്കൽ | – | മെമ്പർ |
| * ശ്രീ. ദേവസ്യ ഐക്കരോട്ട് | – | മെമ്പർ |
| * ശ്രീമതി ജിഷ പറയിടത്തിൽ | – | മെമ്പർ |
| * ശ്രീമതി മേഴ്സി ആര്യപ്പള്ളി | – | മെമ്പർ |
| * ശ്രീമതി ഗ്രേസി മുല്ലപറമ്പിൽ | – | മെമ്പർ |

* വിവിധ സംഘടനകളുടെ ഡയറക്ടർമാർ & പ്രസിഡന്റുമാർ

**ഫാ. ബാബു മാപ്ലശേരി**
കൺവീനർ,
മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി ഫോളോ അപ് കമ്മറ്റി

# വൊക്കേഷൻ ബ്യൂറോ

## ദൈവവിളി ക്യാമ്പ്

SSLC, +2 പരീക്ഷകൾക്ക് ശേഷം കുട്ടികൾ തങ്ങളുടെ ജീവിത വഴികൾ തെരഞ്ഞെടുക്കുന്ന സമയമടുത്തല്ലോ. രൂപതാതലത്തിലുള്ള ക്യാമ്പുകൾക്ക് പകരം റീജിയൺ തലത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമൊരുമിച്ച് ഏകദിന ക്യാമ്പ് നടത്തുന്ന വിവരം കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നല്ലോ. ക്യാമ്പ് നടത്തുന്ന സ്ഥലവും തീയതിയും, പങ്കെടുക്കേണ്ട ഫൊറോനകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ | തീയതി |
|---|---|---|
| കല്പ്പറ്റ ഡിപോൾ പള്ളി | കല്പ്പറ്റ | മാർച്ച് 29 |
| കാവുംമന്ദം പള്ളി | തരിയോട് | മാർച്ച് 29 |
| നടവയൽ പള്ളി | നടവയൽ | മാർച്ച് 29 |
| മൈനർ സെമിനാരി | മാനന്തവാടി, കല്ലോടി പയ്യമ്പള്ളി | മാർച്ച് 30 |
| ബത്തേരി പള്ളി | ബത്തേരി | മാർച്ച് 30 |
| മുള്ളൻകൊല്ലി പള്ളി | മുള്ളൻകൊല്ലി | മാർച്ച് 31 |
| ചുങ്കക്കുന്ന് പള്ളി | ചുങ്കക്കുന്ന് | മാർച്ച് 31 |
| മണിമൂളി പാസ്റ്ററൽ സെന്റർ | മണിമൂളി, നിലമ്പൂർ | ഏപ്രിൽ 4 |

ഗൂഡല്ലൂർ റീജിയണിലെ ക്യാമ്പ് വിവരം പിന്നീട് റീജിയണിൽ അറിയിക്കുന്നതാണ്.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ക്യാമ്പ് സമയം രാവിലെ 9.30 – 3.30
2) രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.
3) പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരണം.
4) ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ടതാണ്.
5) ക്യാമ്പവസരത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ

കാണാനാഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി അനുവാദം വാങ്ങിച്ചിരിക്കണം. അവരുടെ സന്ദർശനസമയം ഉച്ചയ്ക്ക് 2 മുതൽ 2.30 വരെയാണ്.

6. ഏതെങ്കിലും രൂപതയിലോ സന്യാസ സമൂഹത്തിലോ ചേരാനാഗ്രഹിക്കുന്നവർ നിർബന്ധമായും ഈ ക്യാമ്പിൽ സംബന്ധിച്ചിരിക്കണം.

നല്ല താൽപ്പര്യമുള്ള കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**Address:**

Mount Mary College
P.B.No. 1, Mananthavady
Wayanad - 670 645

Fr. Thomas Kachirayil - 9446892434
Fr. Sebin Aikkarathazhath - 9744801625

# സെമിനാരി വാർത്തകൾ

മാനന്തവാടി രൂപതയിൽ ചേർന്ന് രൂപതാവൈദികരാകാനാഗ്രഹിക്കുന്നവർക്കായി ഒരു ക്യാമ്പ് 2011 ഏപ്രിൽ 10 ന് ഞായറാഴ്ച വൈകുന്നേരം 4 മണിമുതൽ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിവരെ രൂപതാ മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നതാണ്. SSCL, +2 പരീക്ഷയോ അതിലുപരിയായ വിദ്യാഭ്യാസയോഗ്യതയോ ഉള്ളവരാണ് ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവർ നോട്ടുബുക്ക്, പേന, ബൈബിൾ, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

**മൈനർ ഓർഡേഴ്സ്**

ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ഏപ്രിൽ 18-ാം തീയതി തിങ്കളാഴ്ച മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പിതാവ് Minor Orders നൽകുന്നതാണ്.

**ഫാ. തോമസ് കച്ചിറയിൽ**
റെക്ടർ

## മതബോധനരംഗം

2010-2011 അധ്യയനവർഷത്തിന്റെ അവസാനത്തിലേയ്ക്ക് അടുക്കുകയാണ്. ഈ പ്രവർത്തനവർഷത്തിൽ ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാം. കുറവുകൾ പരിഹരിക്കാൻ നമുക്കിനിയും സമയമുണ്ട്. വിശ്വാസജീവിതത്തിന്റെ വഴിയിലൂടെ നടക്കുവാനും, നടത്തുവാനും ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നതോടൊപ്പം നമ്മുടെ പരിശ്രമവും അത്യന്താപേക്ഷിതമാണ്.

### Plus one, Plus Two മൂല്യനിർണ്ണയ ക്യാമ്പ്

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസിന്റെ കീഴിൽ നാം നടത്തുന്ന Plus one, Plus Two പരീക്ഷകളുടെ ഉത്തരകടലാസ് മൂല്യനിർണ്ണയ ക്യാമ്പ് മാർച്ച് 12, 13 തീയതികളിൽ നടത്തുകയാണ്. ക്യാമ്പിന് തെരഞ്ഞെടുക്കപ്പെട്ടവർ 12-ാം തീയതി രാവിലെ 9 മണിക്ക് മുമ്പായി എത്തിച്ചേരണം. 13-ന് വൈകുന്നേരം 4 മണിവരെയായിരിക്കും ക്യാമ്പ്.

### HDC - Viva Exam

HDC കോഴ്സിൽ പങ്കെടുക്കുന്നവരുടെ Viva Exam മണിമൂളിയിൽ മാർച്ച് 5-ാം തീയതി ആയിരിക്കും.

### HDC - Contact Class

HDC ആദ്യവർഷക്കാരുടെ അടുത്ത Contact Class മാർച്ച് 26-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്നു. പങ്കെടുക്കുന്നവർ ശ്രദ്ധിക്കുമല്ലോ.

### DCC - Contact Class

മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ DCC കുട്ടികളുടെ Contact Class ഏപ്രിൽ മാസത്തിൽ മണിമൂളിയിൽ നടത്തുന്നു. വിശദവിവരം പിന്നീട് അറിയിക്കും.

## ജൂബിലേറിയൻസ്

2010–2011 അധ്യയനവർഷം മതാധ്യാപന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അധ്യാപകരുടെ പേര്‌വിവരങ്ങൾ ഏപ്രിൽ 15–ന് മുമ്പായി ബഹു.വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. ജൂബിലേറിയന്റെ പാസ്പോർട്ട് സൈസ് ഫോട്ടോ (രണ്ടെണ്ണം) കൂടി ഉണ്ടായിരിക്കണം.

## വിശ്വാസോത്സവം

ഈ വർഷത്തെ മൂന്നാംഘട്ടം വിശ്വാസോത്സവത്തിന്റെ അധ്യാപകസഹായി അധ്യാപകരെല്ലാം നന്നായി ചർച്ച ചെയ്ത് ഒരുങ്ങിക്കാണുമല്ലോ. ഏപ്രിൽ 1,2 ദിവസങ്ങളിലാണ് അത് നടത്തേണ്ടത്. നമ്മുടെ സഭയുടെ അസംബ്ലിയുടെ വിഷയമായിരുന്ന "വിശ്വാസം: ജീവന്റെ സംരക്ഷണത്തിനും, സമ്പൂർണ്ണതയ്ക്കും" എന്നതിനെ ആസ്പദമാക്കിയാണ് വിശ്വാസോത്സവം ക്രമീകരിച്ചിരിക്കുന്നത്. തന്നിരിക്കുന്ന ബുക്കുലെറ്റ് ആദ്യന്തം വായിച്ച് രണ്ടു ദിവസത്തെ പരിശീലന പരിപാടി ഫലപ്രദമാക്കുവാൻ ശ്രദ്ധിക്കണം. കുട്ടികളുടെ വാർഷികപരീക്ഷയ്ക്ക് ഈ വിഷയങ്ങളെ അധികരിച്ച് ചോദ്യങ്ങൾ പ്രതീക്ഷിക്കാം.

## വാർഷിക പരീക്ഷ

ഈ വർഷത്തെ വാർഷിക പരീക്ഷകൾ ഒന്നാം ക്ലാസ് മുതൽ ഒൻപതാം ക്ലാസ് വരെയുള്ളവർക്ക് ഏപ്രിൽ 3–ാം തീയതി ഞായറാഴ്ച രാവിലെ 11.30 മുതൽ 1.30 വരെയായിരിക്കും. X ക്ലാസ്, VII, IV ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകൾ അതേ ദിവസം (ഏപ്രിൽ 3) ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും.

ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷ നടത്തുവാൻ ഓരോ ഇടവകയിലേക്കും ഇൻവിജിലേറ്റർമാരെ നിയമിക്കുവാൻ ഫൊറോന നേതൃത്വം ശ്രദ്ധിക്കുമല്ലോ.

## ഇന്റേണൽ അസ്സസ്സ്മെന്റ്

X–ാം ക്ലാസ് കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ ചേർത്ത് ഉത്തരക്കടലാസ് പായ്ക്ക് ചെയ്യുന്നതിനോടൊപ്പം ഒരു കവറിൽ ഒട്ടിച്ച് വയ്ക്കുമല്ലോ.

## ഫൊറോന നേതൃത്വത്തിന് നന്ദി

Plus One, Plus Two പരീക്ഷകൾ ഭംഗിയായി ക്രമീകരിച്ച് നടത്തിയ ബഹു.ഫൊറോന ഡയറക്ടർമാർ, സെക്രട്ടറിമാർ, ടീം അംഗങ്ങൾ, സഹായിച്ച മറ്റ് അധ്യാപകർ, പരീക്ഷ സെന്ററിലെ ബഹു. വികാരി

യച്ചന്മാർ, ഹെഡ്മാസ്റ്റർമാർ.... എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

## Plus Two വിദ്യാർത്ഥി പഠനസംഗമം

മാനന്തവാടി ഫൊറോനയിലെ Plus Two വിദ്യാർത്ഥികളുടെ പഠന സംഗമം ജനുവരി 30-ന് മാനന്തവാടി ടൗൺ പള്ളിയിൽ നടത്തി. ഫൊറോന ഡയറക്ടർ ബഹു. കുറ്റിക്കാട്ടുകുന്നേലച്ചനും, ഫൊറോന സെക്രട്ടറി തോമസ് സാറിനും, അധ്യാപകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. കുട്ടികളെ അയച്ച ബഹു. വികാരിയച്ചന്മാർക്കും, അധ്യാപകർക്കും നന്ദി. ഡയറക്ടറച്ചനോടൊപ്പം ക്ലാസുകൾ കൈകാര്യം ചെയ്ത രൂപതാ ടീം അംഗങ്ങൾ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. വർക്കി നിരപ്പേൽ എന്നിവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷാനടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ

പരീക്ഷ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഇടവകയിലെ ബഹു. വികാരിയച്ചനും ഹെഡ്മാസ്റ്റർമാർക്കുമാണ്. ഓരോ ഇടവകകളിലേക്കും സൂപ്പർവൈസർമാരെ നിയമിക്കേണ്ടത് ഫൊറോനാ ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളുടെ സഹകരണത്തോടെയാണ്. ഫൊറോന ടീം അംഗങ്ങളെയോ, 5 വർഷത്തിൽ കുറയാത്ത മതാധ്യാപന പരിചയമുള്ളവരെയോ ആണ് നിയമിക്കേണ്ടത്. ഓരോ ഇടവകകളിലേക്കും നിശ്ചയിച്ചിരിക്കുന്ന സൂപ്പർവൈസർമാരുടെ പേരുവിവരങ്ങൾ മാർച്ച് 20-നു മുമ്പ് രൂപതാ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സൂപ്പർവൈസർമാർക്കുള്ള നിർദ്ദേശങ്ങൾ അതാതു ഫൊറോനാ കേന്ദ്രങ്ങളിൽ നിന്നും നൽകുന്നതായിരിക്കും.

## ഡിപ്ലോമ, സ്കോർഷിപ്പ് പരീക്ഷയ്ക്കു വേണ്ടിയുള്ള സൂപ്പർവൈസർമാർക്കുള്ള നിർദ്ദേശങ്ങൾ

### I. പരീക്ഷയ്ക്ക് മുമ്പ്

1) പരീക്ഷാസമയത്തിനു മുമ്പായി പരീക്ഷാകേന്ദ്രത്തിൽ എത്തുക. വന്ന വിവരം വികാരി, ഹെഡ്മാസ്റ്റർ എന്നിവരെ അറിയിക്കുക.
2) നിങ്ങൾക്ക് ഫൊറോനാകേന്ദ്രത്തിൽ നിന്ന് അയച്ചിട്ടുള്ള കത്ത് കൈയിൽ കരുതണം. പകരക്കാരനായിട്ടാണ് പോകുന്നതെങ്കിൽ നിങ്ങളുടെ വികാരിയച്ചനിൽ നിന്ന് സാക്ഷ്യപത്രം കരുതുക.
3) ചോദ്യപേപ്പർ എടുത്തിട്ടുണ്ടെന്ന് ചോദിച്ച് ഉറപ്പുവരുത്തുക.
4) പരീക്ഷാഹാൾ ക്രമീകരിച്ചിട്ടുണ്ടോ എന്നും, രജിസ്റ്റർ നമ്പറുകൾ ക്രമമായി എഴുതിയിട്ടുണ്ടോ എന്നും, സീറ്റുകൾ തമ്മിലുള്ള അകലം പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തിക്കുക.

5) രൂപതാമതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന സമയത്തു തന്നെ പരീക്ഷ നടത്തുക. സമയമാറ്റം അനുവദനീയമല്ല.

## II. പരീക്ഷാഹാളിൽ

1) 15 മിനിറ്റ് മുമ്പ് കുട്ടികളെ ഹാളിൽ കയറ്റി നമ്പർ അനുസരിച്ച് ഇരുത്തണം.
2) രജിസ്റ്റർ നമ്പർ ഇല്ലാത്തവരെ പരീക്ഷ എഴുതിക്കരുത്. 30 മിനിട്ടില ധികം താമസിച്ചുവരുന്നവരേയും എഴുതാൻ അനുവദിക്കണമെന്നില്ല.
3) രജി. ഫോറത്തിൽ നമ്പറിട്ടതിൽ വല്ല പിശകുകളും ഉണ്ടെങ്കിൽ ഫാൾസ് നമ്പർ നൽകുക. അക്കാര്യം രൂപതാ കേന്ദ്രത്തിൽ അറി യിക്കുക.
4) ഉത്തരക്കടലാസുകൾ ഒപ്പിട്ട് വിതരണം ചെയ്യുക. ഇടവകയുടെ മുദ്രയോ മറ്റ് അടയാളങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം.
5) രജിസ്റ്റർനമ്പർ വായിച്ച് കുട്ടികളോട് ഉത്തരപേപ്പറിൽ വലുപ്പത്തിൽ എഴുതാൻ പറയുക. പേരോ മറ്റ് കാര്യങ്ങളോ എഴുതിക്കരുത്.
6) ഉത്തരപേപ്പറിന്റെ രണ്ടു പുറവും എഴുതണമെന്നും അഡീഷണൽ പേപ്പറിലും നമ്പർ എഴുതണമെന്നും സൂപ്പർവൈസറുടെ ഒപ്പുള്ള പേപ്പറിലേ എഴുതാവൂ എന്നും വ്യക്തമായി പറയണം (പേജ് നമ്പർ ഇട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക.)
7) പാഠപുസ്തകം, നോട്ടുബുക്ക് മുതലായവ പരീക്ഷാഹാളിൽ അനു വദിക്കരുത്.
8) പരീക്ഷാസമയത്തിന് 5 മിനിട്ട് മുമ്പ് രണ്ടാം ബെൽ അടിക്കുക. മൂന്നാം ബെൽ അടിക്കുന്നതിന് മുമ്പ് ചോദ്യപേപ്പർ പായ്ക്കറ്റ് വികാരി, ഹെഡ്മാസ്റ്റർ എന്നിവരുടെ സാന്നിധ്യത്തിൽ പൊട്ടിക്കുക. പാക്കറ്റിന് സാരമായ കേടുപാടുകളോ സംശയസാഹചര്യമോ ഉണ്ടെ ങ്കിൽ അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും രൂപതാ കേന്ദ്രത്തെ അറിയിക്കുകയും ചെയ്യുക.
9) കൃത്യസമയത്തുതന്നെ ചോദ്യപേപ്പർ കുട്ടികൾക്ക് നൽകുക, രജി സ്റ്റർ നമ്പർ ചോദ്യപേപ്പറിലും എഴുതിക്കുക. (പരസ്പരം മാറ്റാതിരി ക്കാൻ)
10) വിതരണം ചെയ്ത് ബാക്കിവരുന്ന ചോദ്യപേപ്പറുകൾ പരീക്ഷ തീരു ന്നതുവരെ മറ്റാർക്കും നൽകരുത്.
11) പരീക്ഷ തീരുന്നതിന് 5 മിനിട്ട് മുമ്പ് ബെല്ലടിച്ച് പേപ്പർ തുന്നിക്കെ ട്ടാൻ പറയുകയും പരീക്ഷാസമയം തീരുമ്പോൾ ലോംഗ്ബെൽ നൽകി പേപ്പർ വാങ്ങുകയും ചെയ്യുക.
12) പരീക്ഷാസമയത്ത് സൂപ്പർവൈസർ ഹാളിൽ മുഴുവൻ സമയവും ഉണ്ടായിരിക്കണം. ഹെഡ്മാസ്റ്റർ, വികാരി എന്നിവരൊഴികെ മറ്റാ രെയും ഹാളിൽ പ്രവേശിപ്പിക്കരുത്.

### III. പരീക്ഷ കഴിഞ്ഞാൽ

1) പേപ്പറുകൾ വാങ്ങി, എഴുതി നിറുത്തിയിരിക്കുന്നതിനു തൊട്ടുതാഴെ സൂപ്പർവൈസർ ഒപ്പിടണം. ശേഷമുള്ള സ്ഥലം വെട്ടിയിടുക.
2) നമ്പർ അനുസരിച്ച് പേപ്പർ അടുക്കുക. 4, 7 ക്ലാസുകളുടേത് പ്രത്യേകം അടുക്കുക.
3) പേപ്പർ പായ്ക്ക് ചെയ്യുന്നതിന് മുമ്പ് താഴെ പറയുന്ന കാര്യങ്ങൾ ഒരു പേപ്പറിൽ കുറിച്ച് അതിനു ചുവടെ സൂപ്പർവൈസറുടെ പേരും, ഒപ്പും ഇട്ട് റിപ്പോർട്ടിനൊപ്പം പ്രത്യേക കവറിൽ ഇട്ട പേപ്പർ പായ്ക്ക്ചെയ്ത കവറിനൊപ്പം വയ്ക്കുക.

a) ആകെ രജിസ്റ്റർ ചെയ്തവർ (10, 4, 7)
b) ആകെ പരീക്ഷ എഴുതിയവർ (10, 4, 7)
c) ഹാജരാകാത്തവരുടെ എണ്ണം (നമ്പറുകൾ)
d) ആകെ അയയ്ക്കുന്ന കടലാസുകൾ (10, 4, 7)
e) ഫാൾസ് നമ്പറുകളുണ്ടെങ്കിൽ അക്കാര്യം
f) സൂപ്പർവൈസറുടെ പേര്, ഒപ്പ്

4) മേൽപ്പറഞ്ഞ വിധം പേപ്പർ അടുക്കിപ്പൊതിഞ്ഞ് തന്നിട്ടുള്ള കവറിൽ ഇട്ടുകെട്ടി സീൽചെയ്ത് ഹെഡ്മാസ്റ്ററെ ഏൽപ്പിക്കുക.
5. കുട്ടികളുടെ ഇന്റേണൽ അസ്സസ്മെന്റ് മാർക്ക് പ്രത്യേകം കവറിൽ പായ്ക്ക് ചെയ്ത് ഉത്തര കടലാസിനോടൊപ്പം ഫൊറോന കേന്ദ്രത്തിൽ എത്തിക്കണം.

(ഇത്രയും കാര്യങ്ങൾക്ക് ഹെഡ്മാസ്റ്റർ, വികാരി എന്നിവർ സാക്ഷികളായി ഉണ്ടായിരിക്കുക).

6) ഉത്തരപേപ്പറുകൾ അന്നോ, പിറ്റേന്നോ ഹെഡ്മാസ്റ്റർ ഫൊറോനാ മതബോധന ഡയറക്ടറച്ചന്റെ പക്കൽ എത്തിക്കണം. രൂപതാ കേന്ദ്രത്തിൽ നേരിട്ട് നൽകാവുന്നതുമാണ്. എന്നാൽ അക്കാര്യം ഫൊറോനാ ഡയറക്ടറെ അറിയിച്ചിരിക്കണം.
7) മേഖലാസെക്രട്ടറി തിങ്കളാഴ്ച തന്നെ മേഖലയിൽനിന്നുള്ള പേപ്പറുകൾ രൂപതയിലെത്തിക്കണം.
8) പരീക്ഷാനടത്തിപ്പു സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി ഹെഡ്മാസ്റ്റർ/ വികാരിയെക്കൊണ്ട് ഒപ്പിടുവിച്ച് രൂപതയ്ക്ക് സൂപ്പർവൈസർ നൽകണം. ഇത് ആധികാരിക രേഖയാണ്.
9) പരീക്ഷ മുടക്കം കൂടാതെ നടന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു സാഹചര്യത്തിലും പരീക്ഷ നടക്കാതെ വരരുത്.
10) നിങ്ങളുടെ യാത്രാച്ചെലവ് പരീക്ഷാകേന്ദ്രത്തിൽ നിന്നും വാങ്ങണം.

11) സൂപ്പർവൈസർ വന്നിട്ടില്ലെങ്കിൽ 15 മിനിട്ട് കാത്തിട്ട് ഹെഡ്മാസ്റ്റർ, വികാരി എന്നിവരുടെ മേൽനോട്ടത്തിൽ മുകളിൽ പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്താവുന്നതാണ്.

## ചോദ്യപേപ്പറുകൾ

ഏപ്രിൽ 1-ന് രാവിലെ 10 മണി മുതൽ 5 മണി വരെ രൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ നിന്നും പതിവുപോലെ ഉത്തരവാദിത്വപ്പെട്ടവർ ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടുക്കേണ്ട ഫൊറോനകൾ :- മണിമൂളി, നിലമ്പൂർ, ചുങ്കക്കുന്ന്, മാനന്തവാടി, പയ്യംപള്ളി.

രൂപതാ മതബോധന ഓഫീസിൽ നിന്നും ചോദ്യ പേപ്പർ എടുക്കേണ്ട ഫൊറോനകൾ :- കല്ലോടി, തരിയോട്, നടവയൽ, ബത്തേരി, ഗൂഡല്ലൂർ, മുള്ളൻകൊല്ലി, കൽപ്പറ്റ.

## ഫൊറോന വാർത്തകൾ

2010-2011 വർഷത്തിൽ നടവയൽ മേഖല അധ്യാപകർക്കും കുട്ടികൾക്കും വേണ്ടി നടത്തിയ മത്സരങ്ങളുടെ ഫലങ്ങൾ:

ഉപന്യാസം - കുട്ടികൾ

| | | | |
|---|---|---|---|
| Ist | ആൽബിൻ താന്നിക്കാലായിൽ | - | പറളിക്കുന്ന് |
| IInd | നിഖിൽ ചൂടിയാങ്കൽ | - | പറളിക്കുന്ന് |
| IIIrd | ജെസ്മി പുറത്തൂർ | - | അരിഞ്ചേർമല |

ചെറുകഥ

| | | | |
|---|---|---|---|
| Ist | ലിസ്സ മാത്യു നിരപ്പിൽ | - | അരിഞ്ചേർമല |
| IInd | അരുൺ പെരുകിൽ | - | പറളിക്കുന്ന് |
| IIIrd | അഖിൽ ആളൂക്കാരൻ | - | പറളിക്കുന്ന് |

കവിത

| | | | |
|---|---|---|---|
| Ist | അഖിൽ ആളൂക്കാരൻ | - | പറളിക്കുന്ന് |
| IInd | സോണ മുരിങ്ങമറ്റം | - | അരിഞ്ചേർമല |
| IIIrd | ടെസിൻ തോമസ് | - | അരിഞ്ചേർമല |

ഉപന്യാസം - അധ്യാപകർ

| | | | |
|---|---|---|---|
| Ist | സി. ടെസ്സി സി.എം.സി. | - | അരിഞ്ചേർമല |
| IInd | ഷീല മാത്യു മേച്ചേരി | - | പറളിക്കുന്ന് |
| IIIrd | സാബു മുരിങ്ങമറ്റം | - | അരിഞ്ചേർമല |

കഥ

| | | | |
|---|---|---|---|
| I st | ഷീബ ആലൂക്കൽ | – | നെയ്ക്കുപ്പ |
| II nd | ഭാഗ്യ സ്രാമ്പിക്കൽ | – | അരിഞ്ചേർമല |
| III rd | നീതു നെടിയകാലായിൽ | – | അരിഞ്ചേർമല |

കവിത

| | | | |
|---|---|---|---|
| I st | ഷീബ ആലൂക്കൽ | – | നെയ്ക്കുപ്പ |
| II nd | ശ്രുതി മാത്യു | – | അരിഞ്ചേർമല |
| III rd | സി.ജൻസി എഫ്.സി.സി. | – | അരിഞ്ചേർമല |

**നിറക്കൂട്ട് 2010**

1–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | ഹെലൻ സാബു വേങ്ങയ്ക്കൽ | – | കേണിച്ചിറ |
| 2 | അലൻ പന്നിക്കോട്ട് | – | നടവയൽ |
| 3 | അനീറ്റ അമ്പാട്ട് | – | നടവയൽ |

2–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | എഡ്വിൻ മാക്കിൽ | – | അരിഞ്ചേർമല |
| 2 | അലീന മാത്യു | – | ചെറുകാട്ടൂർ |
| 3 | ക്ലിന്റസ് മാത്യു | – | അരിഞ്ചേർമല |

3–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | ജിബിൻ മാപ്പിളക്കുന്നേൽ | – | ചെറുകാട്ടൂർ |
| 2 | ജസ്റ്റീന കുമ്പളക്കുഴിയിൽ | – | വിളമ്പുകണ്ടം |
| 3 | ടോമിൻ താന്നിക്കാലായിൽ | – | പറളിക്കുന്ന് |

4–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | ആൻസ് കെ. ജെയിംസ് കളർതൊട്ടിയിൽ | – | നടവയൽ |
| 2 | എഡ്വിൻ ജോസ് വാക്കാട്ടയിൽ | – | ചെറുകാട്ടൂർ |
| 3 | ഡെൽന ലൈജു | – | കേണിച്ചിറ |

5–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | ആൽബർട്ട് സാബു കുഴികണ്ടത്തിൽ | – | നടവയൽ |
| 2 | ഷാലറ്റ് റോസ് ബെന്നി | – | ചുണ്ടക്കര |
| 3 | സോനു റോബർട്ട് | – | വാളവയൽ |

6–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | ഡോൺ വെണ്ണായിപ്പിള്ളിയിൽ | – | നടവയൽ |
| 2 | ആർദ്ര പാലംപറമ്പിൽ | – | പറളിക്കുന്ന് |
| 3 | ഹണി കിഴക്കനടി | – | കല്ലുവയൽ |

7–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | ആകാശ് പാലംപറമ്പിൽ | – | പറളിക്കുന്ന് |
| 2 | സെബിൻ പറമ്പിൽ | – | കേണിച്ചിറ |
| 3 | മെറിൻ മലേക്കുന്നേൽ | – | നടവയൽ |

8–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | ഫ്രെസിൻ വാക്കാട്ടയിൽ | – | ചെറുകാട്ടൂർ |
| 2 | ജോസഫ് കൊച്ചുപാറയ്ക്കൽ | – | കല്ലുവയൽ |
| 3 | അക്ഷയ് കുറിഞ്ഞിമല | – | ചുണ്ടക്കര |

9–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | മെൽബിൻ വടക്കേകുടിയിൽ | – | വിളമ്പുകണ്ടം |
| 2 | ജോയ്സൺ കൊമരപ്പള്ളി | – | ചെറുകാട്ടൂർ |
| 3 | നിബിൻ ബാബു മാക്കിയിൽ | – | വിളമ്പുകണ്ടം |

10–ാം ക്ലാസ്

| | | | |
|---|---|---|---|
| 1 | ഡാനറ്റ് വെണ്ണായിപ്പിള്ളിയിൽ | – | നടവയൽ |
| 2 | ജോസ്ന കുളത്തിങ്കൽ | – | ചെറുകാട്ടൂർ |
| 3 | അനിറ്റ മാഞ്ചേരിൽ | – | ചെറുകാട്ടൂർ |

+1, +2

| | | | |
|---|---|---|---|
| 1 | അഷ്വിൻ ടോം | – | വാളവയൽ |
| 2 | ജെനിന മാഞ്ചേരിൽ | – | വാളവയൽ |
| 3 | നീനു ചിറവത്തൂർ | – | വാളവയൽ |

അധ്യാപകർ

| | | | |
|---|---|---|---|
| 1 | ഷിനു കളർതൊട്ടിയിൽ | – | നടവയൽ |
| 2 | സേവ്യർ പേരാമംഗലം | – | വാളവയൽ |
| 3 | ലൗലി ജോസഫ് | – | വാളവയൽ |

കയ്യെഴുത്തുമാസിക

1 വാളവയൽ
2 ചെറുകാട്ടൂർ
3 ചുണ്ടക്കര

ഇടവകയ്ക്കുള്ള സമ്മാനം

I st അരിഞ്ചേർമല
II nd പറളിക്കുന്ന്
III rd നെയ്ക്കുപ്പ

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## ലോഗോസ് 2011 (2)

### പുറപ്പാട് 21–24 മാതൃകാചോദ്യങ്ങൾ

1. ഒരു അടിമയുടെ കാത് തോലുളികൊണ്ട് തുളയ്ക്കുന്നത് എന്തിന് (21:6)
(a) അവൻ എന്നേയ്ക്കും സ്വതന്ത്രനാണ് എന്ന് വ്യക്തമാക്കാൻ
(b) അവൻ എന്നേയ്ക്കും അടിമയാണ് എന്ന് വ്യക്തമാക്കാൻ
(c) അവന്റെ അടിമത്വം അവസാനിപ്പിച്ചു എന്ന് വ്യക്തമാക്കാൻ
(d) അവനും യജമാനനും തമ്മിലുള്ള കരാർ അവസാനിപ്പിക്കുന്നത്
2. ഒരുവൻ തന്റെ ദാസന്റെയോ ദാസിയുടെയോ കണ്ണ് അടിച്ചുപൊട്ടിച്ചാൽ (21:16)
(a) കണ്ണിനുപകരം കണ്ണ് നൽകണം (b) സ്വാതന്ത്ര്യം നൽകണം
(c) നഷ്ടപരിഹാരം നൽകണം (d) അവന് വസ്ത്രവും ഭക്ഷണവും നൽകണം
3. ഒരു കാള ദാസനെയോ ദാസിയേയോ കുത്തിമുറിവേൽപ്പിക്കുകയാണെങ്കിൽ അവരുടെ യജമാനന് കാളയുടെ ഉടമസ്ഥൻ നൽകേണ്ട പിഴ എത്രയാണ്? (21:32)
(a) മുപ്പതു ദനാറ വെള്ളി (b) മുപ്പതു ഷെക്കൽ വെള്ളി
(c) മുപ്പതു താലന്ത് വെള്ളി (d) ന്യായാധിപന്മാർ നിശ്ചയിക്കുന്ന തുക
4. അയൽക്കാരൻ സൂക്ഷിക്കാൻ ഏൽപ്പിച്ച പണമോ സാധനങ്ങളോ ഒരു വീട്ടിൽ നിന്നു മോഷ്ടിക്കപ്പെടുകയും, കള്ളനെ പിടികിട്ടാതിരിക്കുകയും ചെയ്താൽ വീട്ടുടമസ്ഥൻ എന്ത് ചെയ്യണം (22: 7–8)
(a) ഇരട്ടി തിരിച്ചു നൽകണം (b) തന്റെ നിരപരാധിത്വം തെളിയി

ക്കണം (c) നഷ്ടപരിഹാരം നൽകണം (d) അയൽക്കാരന്റെ വസ്തുക്കളിന്മേൽ കൈവച്ചിട്ടില്ലെന്ന് ദൈവതിരുമുമ്പിൽ സത്യം ചെയ്യണം

5. കർത്താവിനു മാത്രമല്ലാതെ മറ്റു ദേവന്മാർക്ക് ബലി അർപ്പിക്കുന്നവൻ (22:20)
(a) വധിക്കപ്പെടണം (b) ശിക്ഷിക്കപ്പെടണം (c) അടിമയായി വിൽക്കപ്പെടണം (d) നിശേഷം നശിപ്പിക്കണം

6. നിന്നോടൊന്നിച്ച് വസിക്കുന്ന, എന്റെ ജനത്തിൽ ദരിദ്രരായ ആർക്കെങ്കിലും നീ വായ്പ കൊടുത്താൽ... (22:25)
(a) പലിശ കുറച്ചേ വാങ്ങാവൂ (b) ഒട്ടും പലിശ വാങ്ങരുത്
(c) പലിശയ്ക്ക് കടം കൊടുക്കുന്നവനെപ്പോലെ പെരുമാറരുത്
(d) അവന്റെ കഴിവിനനുസരിച്ചുള്ള പലിശയേ ഈടാക്കാവൂ.

7. വിജ്ഞനെ അന്ധനാക്കുകയും നീതിമാനെ കള്ളം പറയാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതെന്ത്? (23:8)
(a) വ്യാജവാർത്ത (b) തെറ്റായ കുറ്റാരോപണം (c) കൈക്കൂലി
(d) ഭൂരിപക്ഷത്തിന്റെ അഭിപ്രായം

8. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആചരിക്കേണ്ടത് എപ്പോൾ? (23:15)
(a) അബീബു മാസത്തിൽ (b) നീസാൻ മാസത്തിൽ
(c) കിസ്ലേവ് മാസത്തിൽ (d) തിഷെരി മാസത്തിൽ

9. ദൈവത്തിന്റെ ബഹുമാനത്തിനായി വർഷംതോറും ആഘോഷിക്കേണ്ട മൂന്ന് മഹോത്സവങ്ങൾ ഏവ? (23: 15–16)
(a) പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ, പുത്തരിപ്പെരുനാൾ, സംഭരണത്തിരുനാൾ (b) പുത്തരിപ്പെരുനാൾ, സംഭരണത്തിരുനാൾ, കൂടാരതിരുനാൾ (c) പെസഹാ, കൂടാരതിരുനാൾ, വിളവെടുപ്പുതിരുനാൾ (d) സുക്കോത്ത്, പെസഹാ, കൂടാരതിരുനാൾ

10. വിജാതീയരോടോ അവരുടെ ദേവന്മാരോടോ നീ ഉടമ്പടി ചെയ്യരുത് അവർ നിന്റെ നാട്ടിൽ വസിച്ചുകൂടാ. വസിച്ചാൽ.... (23:33)
(a) നിന്റെ വിശ്വാസം നഷ്ടപ്പെടും (b) പാപം ചെയ്യാൻ അവർ നിന്നെ പ്രേരിപ്പിക്കും c) നീ കെണിയിൽ പെടും (d) എന്റെ മുമ്പിൽ നീ പുറന്തള്ളപ്പെടും

11. മോശയോടൊപ്പം കർത്താവിന്റെ അടുത്തേയ്ക്ക് കയറി ചെല്ലേണ്ടവർ ആരൊക്കെ? (24:1)
(a) ജോഷ്വാ, അഹറോൻ, മിറിയം, എഴുപത് ശ്രേഷ്ഠന്മാർ
(b) ജോഷ്വ, അഹറോൻ, നാദാബ്, എഴുപത് ശ്രേഷ്ഠന്മാർ

(c) അഹറോൻ, നാദാബ്, അബിഹു, എഴുപത് ശ്രേഷ്ഠന്മാർ
(d) ജോഷ്വ, നാദാബ്, അബിഹു, എഴുപത് ശ്രേഷ്ഠന്മാർ

12. മോശ അതിരാവിലെ എഴുന്നേറ്റ് മലയുടെ അടിവാരത്തിൽ നിർമ്മിച്ചതെന്ത്? (24:4)
(a) ബലിപീഠവും പന്ത്രണ്ട് സ്തംഭങ്ങളും (b) ദഹനബലിപീഠവും പന്ത്രണ്ട് ഗോത്രങ്ങൾക്കായി സ്തംഭങ്ങളും (c) ബലിപീഠവും ധൂപ പീഠങ്ങളും (d) ബലിപീഠവും പന്ത്രണ്ടുകൂടാരങ്ങളും

13. മോശ ബലിയുടെ രക്തം എന്ത് ചെയ്തു? (24:6-8)
(a) ബലിപീഠത്തിൽ തളിക്കുകയും ഉടമ്പടി ഉറപ്പിക്കുകയും ചെയ്തു (b) ബലിപീഠത്തിന്മേലും, ജനങ്ങളുടെമേലും തളിച്ചു
(c) ജനങ്ങളുടെമേൽ തളിച്ചുകൊണ്ട് ഉടമ്പടി ഉറപ്പിച്ചു
(d) പാത്രങ്ങളിലാക്കി സൂക്ഷിച്ചു

14. മോശയുടെ അസാന്നിദ്ധ്യത്തിൽ ജനങ്ങൾക്ക് എന്തെങ്കിലും പ്രശ്നമുണ്ടായാൽ ആരെയാണ് സമീപിക്കേണ്ടത്? (24:14)
(a) ജോഷ്വായെ (b) അഹറോനെയും ജോഷ്വായെയും (c) അഹറോനെയും ഹൂറിനേയും (d) ജോഷ്വായെയും ഹൂറിനെയും

15. മോശ മലമുകളിലായിരുന്നത് എത്രനാൾ (24:18)
(a) നാൽപ്പതു ദിവസം (b) നാൽപ്പത് രാവും നാൽപ്പത് പകലും
(c) നാൽപ്പത് ദിനരാത്രങ്ങൾ (d) നാൽപ്പതു പകലും നാൽപ്പത് രാവും

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

**മാധ്യമവർഷം**

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

പഠനത്തിന്റെ തിരക്കിലേക്കും പരീക്ഷയുടെ ഊഷ്മളതയിലേയ്ക്കും ഊളിയിട്ടിറങ്ങുന്ന പ്രധാനപ്പെട്ട ദിനങ്ങളാണല്ലോ ഇനി. ജീവിതത്തിൽ എത്തിപ്പിടിക്കേണ്ട അതിപ്രധാനമായൊരു ലക്ഷ്യം മുന്നിൽക്കണ്ട് അതീവ തീഷ്ണതയോടെ അധ്വാനിക്കേണ്ട ദിവസങ്ങൾ. ജൂൺ മുതൽ ഹൃദിസ്ഥമാക്കിയ അറിവിന്റെ നൂതന വിദ്യകൾ ഒന്നുകൂടി ഓർമ്മച്ചെപ്പിൽ നിന്ന് പുറത്തെടുത്ത് അക്ഷരത്താളുകളിൽ കോർത്തിണക്കുമ്പോൾ അത് പഠനത്തിന്റെ വിലയിരുത്തലാകും. ഈ വിലയിരുത്തൽ നമ്മുടെ അറിവില്ലായ്മയിലേക്കുള്ള വെളിച്ചം വീശലാകും. അപ്പോൾ കൂടുതൽ ആഗ്രഹത്തോടെ അറിവ് സമ്പാദിക്കുവാൻ അത് കാരണമാകണം. അങ്ങനെ കൂടുതൽ കരുത്തോടെ, തീഷ്ണതയോടെ, ഉത്സാഹത്തോടെ പുതിയ അധ്യായനവർഷത്തിലേയ്ക്ക് പ്രവേശിക്കാനാകും. പരീക്ഷയെ പേടികൂടാതെ സമീപിക്കുവാൻ ദൈവാനുഗ്രഹം കൂടിയേ തീരു. സാധിക്കുന്നത്ര ദിവസങ്ങളിൽ ദേവാലയത്തിൽ പോയി വി.കുർബാനയിൽ സംബന്ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. പരീക്ഷഹാളിൽ കാവൽ മാലാഖയുടെയും പേരിന് കാരണഭൂതനായ വിശുദ്ധന്റെയും മാദ്ധ്യസ്ഥം പ്രാർത്ഥിച്ചുകൊണ്ട് എഴുതാൻ ആരംഭിക്കുക. അത് കൂടുതൽ ശക്തിയാകും. എല്ലാവർക്കും നല്ലൊരു പരീക്ഷാകാലം ആശംസിച്ചുകൊണ്ട്,

**ടോമിയച്ചൻ**

## പ്രേഷിതസാഗരം - സ്വാഗതസംഘം

മിഷൻലീഗിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ കുറിക്കപ്പെട്ട 63-ാമത് സംസ്ഥാന വാർഷികത്തിന്റെ നടത്തിപ്പിനായി രൂപീകരിച്ച സ്വാഗതസംഘത്തിന്റെ ഒരു മീറ്റിംഗ് ജനുവരി 22-ന് ദ്വാരക പാസ്റ്ററൽ

സെന്ററിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ വച്ച് സംസ്ഥാന വാർഷികത്തിന്റെ വരവ്ചെലവു കണക്കുകൾ പാസാക്കി. തുടർന്ന് അംഗങ്ങൾ വാർഷികത്തെ വിലയിരുത്തി സംസാരിച്ചു. മീറ്റിംഗിന് സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനോയി പള്ളിപറമ്പിൽ അധ്യക്ഷത വഹിച്ചു. രൂപതാ സഹരക്ഷാധികാരി വെരി.റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സ്വാഗതവും പ്രസിഡന്റ് നന്ദിയും അർപ്പിച്ചു. യോഗത്തിന്റെ അവസാനത്തിൽ അംഗങ്ങളുടെ അനുവാദത്തോടെ സംസ്ഥാന പ്രസിഡന്റ് കമ്മിറ്റി പിരിച്ചുവിട്ടു.

**മണിമൂളി-നിലമ്പൂർ റീജിയണൽ മാനേജിംഗ് കമ്മറ്റി**

മണിമൂളി, നിലമ്പൂർ മേഖലകളിലെ ഭാരവാഹികളുടെ സംഗമം മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. മീറ്റിംഗിന് രൂപതാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ, സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ എന്നിവർ നേതൃത്വം നൽകി. ക്രിയാത്മകമായ ചർച്ചകൾ കൊണ്ട് ധന്യമായ മീറ്റിംഗിൽ വച്ച് പ്രവർത്തനങ്ങളെ വിലയിരുത്തുകയും മഴവില്ല് മേഖലാക്യാമ്പുകളുടെ നടത്തിപ്പിനെകുറിച്ച് പര്യാലോചിക്കുകയും ചെയ്തു. വന്നുചേർന്ന മേഖലാ ഭാരവാഹികൾക്ക് രൂപതാ സമിതിയുടെ പേരിൽ നന്ദി അർപ്പിക്കുന്നു. സൗകര്യങ്ങൾ ഒരുക്കിതന്ന റീജിയണൽ പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. തോമസ് പെരുമാട്ടിക്കുന്നേലിനു നന്ദി അർപ്പിക്കുന്നു.

**രൂപതാടീം ട്രെയിനിംഗ്**

മേഖലാ രൂപതാക്യാമ്പുകൾക്ക് മുന്നോടിയായി രൂപതാ ടീം അംഗങ്ങൾക്കായി ഒരു ട്രെയിനിംഗ് പ്രോഗ്രാം 14,15 തീയതികളിൽ ടീം ട്രെയിനിംഗ് നടത്തപ്പെട്ടു. ട്രെയിനിംഗ് രൂപതാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. പ്രശസ്ത റിസോഴ്സ് പേഴ്സൺ ശ്രീ. പോൾ തോമസ് ട്രെയിനിംഗ് നയിച്ചു. ട്രെയിനിംഗിൽ പങ്കെടുത്ത മുഴുവൻ ടീം അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

**ജോ.ഡയറക്ടേഴ്സ് പരിശീലനം**

ഫെബ്രുവരി 12 ശനിയാഴ്ച ദ്വാരക യു.പി.സ്കൂളിൽ വെച്ച് ജോ. ഡയറക്ടേഴ്സിനായി പരിശീലനം സംഘടിപ്പിച്ചു. സി.എം.എൽ. മുൻ രൂപതാ ജോ.ഡയറക്ടർ റവ.സി. സെറിൻ സി.എം.സി. പരിശീലനം നയിച്ചു. ശാഖാ റിക്കോർഡുകളെക്കുറിച്ചും വളരെ വിശദമായി ക്ലാസ് നയിച്ച സെറിൻ സിസ്റ്ററിനും ട്രെയിനിംഗിൽ പങ്കെടുത്ത സിസ്റ്റേഴ്സിനും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**മഴവില്ല് - മേഖലാ ക്യാമ്പുകൾ**

മിഷൻലീഗ് അംഗങ്ങൾക്ക് ആത്മീയ ഉണർവ്വും നേതൃത്വപരിശീലനവും നൽകി വ്യക്തിത്വം കർമ്മോത്സുകമാക്കുവാൻ 12 മേഖലകളിലായി സംഘടിപ്പിക്കുന്ന മഴവില്ല് 2011 - ൽ എല്ലാ ശാഖകളും അംഗ

ങ്ങളെ പങ്കെടുപ്പിക്കേണ്ടതാണ്. ഇതിനുവേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ക്രമീകരിക്കാൻ മേഖലാഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. മേഖലാ ക്യാമ്പുകളിൽ നിന്നാണ് രൂപതാ ക്യാമ്പിലേക്കുള്ളവരെ തിര ഞ്ഞെടുക്കേണ്ടത്.

**കുടുംബസംഗമം**

മിഷൻലീഗ് രൂപതാ എക്സിക്യൂട്ടീവ് ടീം അംഗങ്ങളുടെ കുടുംബ സംഗമം ജനുവരി 26-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. വാകേരി ഇടവക വികാരി റവ.ഫാ. ജോർജ് തേരകത്തിൽ വി.കുർബാനയ്ക്കും ക്ലാസിനും നേതൃത്വം നൽകി. തുടർന്ന് നടന്ന മീറ്റിംഗ് റവ.ഫാ. ടോമി പുത്തൻപുര ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതു പ്ലാക്കൽ അധ്യക്ഷം വഹിച്ചു. രൂപതാ ജോ.ഡയറക്ടർ സി.ലിസ അല ക്സ്, ശ്രീ. ജോൺസൺ ചിറായിൽ എന്നിവർ ആശംസകളർപ്പിച്ചു. തുടർന്ന് കുടുംബാംഗങ്ങൾ പരിചയപ്പെടുത്തുകയും എല്ലാ കുടുംബ ത്തിനും രൂപതാ സമിതിയുടെ സ്നേഹോപഹാരം സമർപ്പിക്കുകയും ചെയ്തു. കുട്ടികളുടെ കലാപരിപാടികളും സംഗമത്തിൽ സംഘടിപ്പിച്ചു. രൂപതാ സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ നന്ദി പറഞ്ഞു. ഉച്ചഭക്ഷണ ത്തോടുകൂടി സംഗമം സമാപിച്ചു. മിഷൻലീഗ് കുടുംബാംഗങ്ങൾ പങ്കെ ടുത്ത കുടുംബസംഗമം ഏറെ ഹൃദ്യമായ അനുഭവമായിരുന്നു.

**ജോയിന്റ് ഡയറക്ടേഴ്സിന് രചനാ മത്സരം**

മാധ്യമവർഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് 'മാധ്യമങ്ങൾ മനുഷ്യമഹത്വത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി മിഷൻലീഗ് മാനന്തവാടി രൂപതയിലെ ജോയിന്റ് ഡയറക്ടേഴ്സിനായി രചനാമ ത്സരം നടത്തുന്നു. കഥ, കവിത, ഉപന്യാസം എന്നിവയിലാണ് മത്സരം. രചനകൾ മാർച്ച് 31-ന് മുൻപ് രൂപതാ ഓഫീസിൽ ലഭിച്ചിരിക്കണം. രചനകൾ 6 ഫുൾസ്കാപ്പ് പേജിൽ കൂടാൻ പാടില്ല. ഒരാൾക്ക് ഒരു രചനാ മത്സരത്തിൽ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. പേരും അഡ്രസ്സും കവറിന് പുറത്ത് മാത്രമെ എഴുതാവൂ.

**ആദരാഞ്ജലികൾ**

ചെറുപുഷ്പമിഷൻലീഗിന്റെ ഏലപ്പീടിക, തോമാട്ടുചാൽ, നെല്ലി യോടി, മഞ്ഞൂറ, മണ്ണുവയൽ, മച്ചിക്കൊല്ലി, കണിയാമ്പറ്റ, പുത്തൂർവയൽ ശാഖകളിൽ ഡയറക്ടറായിരുന്ന് സംഘടനയ്ക്ക് കരുത്തുപകർന്ന ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെ നിര്യാണത്തിൽ രൂപതാ കുടും ബത്തിന്റെ അനുശോചനങ്ങൾ.

**മീഡിയ 2011 - ശാഖാസന്ദർശനം**

രൂപതാ സമിതി ശാഖാതലത്തിൽ നടത്തിവരുന്ന മാധ്യമസെമി

നാറും ശാഖാ സന്ദർശനവും നടവയൽ നിലമ്പൂർ മേഖലകളിൽ നടത്തപ്പെട്ടു. നടവയൽ, നിലമ്പൂർ, കല്ലോടി മേഖലകളിൽ ശാഖാസന്ദർശനവും വിസിറ്റും നടത്തിയവർ റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, റവ. ഫാ. ജെസ്റ്റിൻ മൂന്നാനാൽ, സി. വിനീത SH, സി. ഡാനി മരിയ SABS, ഡേവിഡ് കുറുമ്പാലക്കാട്ട്, റവ.ഫാ. സെബിൻ ഐക്കരത്താഴത്ത് എന്നിവരാണ്.

**മിഷൻഞായർ പിരിവ് തന്ന ശാഖകൾ**

പാടിച്ചിറ – 800, മംഗലശ്ശേരി – 200, തൃശ്ശിലേരി – 500, ശാന്തിഗിരി – 250, കയ്യൂന്നി – 600, ഇടിവണ്ണ – 500, ആലാറ്റിൽ – 500, മക്കിയാട് – 500, കുറുമ്പാല – 500, കണിയാരം – 2000, പഴൂർ – 150, പുഴമുടി – 100, പനവല്ലി – 150, കുറ്റിമൂല – 300, ചെറുകാട്ടൂർ – 500, വാളാട് – 250, യവനാർകുളം – 200, നടവയൽ – 1000, ഒഴുക്കൻമൂല – 200, സീതാമൗണ്ട് – 200, തരിയോട് – 500, ദ്വാരക – 1000, കമ്മന – 500, കൊട്ടിയൂർ – 1000, നെല്ലിയോടി – 200, മുതിരേരി – 1500, അപ്പപ്പാറ – 100, വാഴവറ്റ – 400, പട്ടാണികൂപ്പ് – 400, ജൂഡ്സ്മൗണ്ട് – 500, റിപ്പൺ – 300, അമരക്കുനി – 250, വലിയകൊല്ലി – 200, വെള്ളൂന്നി – 300.

**സംസ്ഥാനവാർഷികം ഞായർ പിരിവ് തന്ന ശാഖകൾ**

ദ്വാരക – 2400, വഞ്ഞോട് – 1000, പാലാങ്കര – 2105, പാതിരിപ്പാടം – 3350, തലഞ്ഞി – 6387, ചോക്കാട് – 3000, ഞാറപ്പാടം – 1000, മുതിരേരി – 3000, കാരയ്ക്കാമല – 2075, പുൽപ്പള്ളി – 1000

**കാണിക്ക നൽകിയ ശാഖകൾ**

നടവയൽ – 2000, മരക്കടവ് – 250, വാകേരി – 100

**ശാഖാ വാർത്തകൾ**

*ആടിക്കൊല്ലി* – ഏകദിനധ്യാനം, വാർഷികം ഇവ നടത്തി.
*പനവല്ലി* – സിമിത്തേരി സന്ദർശനം നടത്തി
*ശിശുമല* – രോഗീസന്ദർശനം നടത്തി.
*സീതാമൗണ്ട്* – ക്രിസ്തുമസ് ലൈവ് പ്രോഗ്രാം നടത്തി.
*ആലാറ്റിൽ* – ഇടവകതിരുനാളിന് സ്റ്റേജ് ഷോ അവതരിപ്പിച്ചു.
*കണിയാരം* – ബഹു.മനോജ് കാക്കോനാൽ അച്ചന് സി.എം.എൽ അംഗങ്ങൾ സെന്റോഫ് നൽകി.
*പുതുശ്ശേരി* – ജീവന്റെ മൂല്യത്തെക്കുറിച്ച് ബോധവത്കരണം നടത്തി സി.ഡി. കാണിച്ചു.
*വാകേരി* – ജാഗരണ പ്രാർത്ഥന നടത്തി.
*അമരക്കുനി* – രോഗീസഹായമായി 1000 രൂപ നൽകി.
*വലിയകൊല്ലി* – ഉല്ലാസയാത്ര നടത്തി.
*ഏലപ്പീടിക* – ക്രിസ്റ്റീൻ ധ്യാനം നടത്തി.

*പുൽപ്പള്ളി* – ഭവനസന്ദർശനം നടത്തി.
*പഴൂർ* – സേവനദിനം ആചരിച്ചു.
*തോണിച്ചാൽ* – 'ഈണം 2011' ലേയ്ക്ക് 17 കുട്ടികൾ കടന്നുവന്നു.
*നടവയൽ* – 25 ദിവസം പള്ളിയിൽ വന്നവർക്ക് സമ്മാനം നൽകി.
*കുറുമണി* – കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു
*ദ്വാരക* – അൾത്താര സംഘത്തിന് ക്ലാസ് നൽകി.
*ബെക്കി* – വാർഡ്തലത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി.
*ഞാറപ്പാടം* – തിരുനാൾ മിഷൻബംബർ കൂപ്പൺ വിതരണം ചെയ്തു.
*ഇടയൂർകുന്ന്, തലപ്പുഴ, കൊട്ടിയൂർ, ഒഴുക്കൻമൂല, പാൽച്ചുരം* – എന്നീ ശാഖകളിൽ വാർഷികം നടത്തി.
*കുന്നലാടി* – ഏകദിന സെമിനാർ നടത്തി.
*വാളവയൽ, പൂളപ്പാടം, വാളാട്* – എന്നീ ശാഖകൾ പള്ളിയും പള്ളിപരിസരവും വൃത്തിയാക്കി.
*കൽപ്ര* – ഒരു മുസ്ലിം സഹോദരന് ചികിത്സാ സഹായമായി 1600 രൂപ നൽകി.
*പേരിയ* – രോഗീസന്ദർശനം, മദ്യവിരുദ്ധദിനം ആഘോഷിച്ചു.
*കേണിച്ചിറ* – ഏകദിനധ്യാനം നടത്തി.
*മരക്കടവ്* – ഇടവകയുടെ ആദ്യത്തെ പ്രിയപുത്രനായ നവവൈദീകൻ ഫാ. ജോബി വെട്ടുകല്ലിങ്കലിന്റെ ആക്സ്മികമായ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിച്ചു. മിഷൻലീഗിന്റെ നേതൃത്വത്തിൽ അനുശോചന സമ്മേളനം നടത്തി.
*പാലാങ്കര, ഇരുളം, പട്ടാണികൂപ്പ്, മരകാവ്, പാടിച്ചിറ* – ശാഖകളിൽ തിരുനാളിനോടനുബന്ധിച്ച് സ്റ്റാൾ നടത്തി.
*കൽപ്പറ്റ* – ബൈബിൾ വാക്യ പഠനമത്സരം നടത്തി.
*ഒലിവുമല*– ചുണ്ട – ഒലിവുമല റോഡ് വൃത്തിയാക്കി.
*വൈത്തിരി* – ഇടവക പൊതുപ്പണിയിൽ സഹകരിച്ചു.
*പുഴമുടി, ചിത്രഗിരി* – ഏകദിന സെമിനാർ നടത്തി.
*കരിമ്പിൽ* – ക്രിസ്തുമസ് പരിപാടിയിൽ പങ്കെടുത്തു.
*കടൽമാട്* – ദുലേഡ് സംഘടിപ്പിച്ചു
*മീനങ്ങാടി* – നാടക കളരി സംഘടിപ്പിച്ചു.
*മുണ്ടേരി* – ദൈവവിളി സെമിനാർ നടത്തി.
*മക്കിയാട്* – അര മണിക്കൂർ ആരാധന നടത്തി.

പ്രിയമുള്ളവരെ, എല്ലാവരും പരീക്ഷക്കായി തയ്യാറെടുക്കുകയാണല്ലോ. തമ്പുരാനോടൊപ്പമിരുന്ന് പഠിച്ച് ഉന്നതവിജയം നേടുവാൻ എല്ലാവർക്കും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളേ,

ഒരു പുതുതുടക്കം! കരുത്താർന്ന പ്രവർത്തന ശൈലിയിലൂടെ സമൂഹത്തിന്റെ അകക്കാമ്പിലേക്കിറങ്ങി യുവതയുടെ ശബ്ദവും കരുത്തും പങ്കുവയ്ക്കുവാനുള്ള കാഹളമുയർന്നു. യുവജനങ്ങളെ, "Shine like a diamond" ഒരു വജ്രത്തെപ്പോലെ നീ തിളങ്ങൂ.

വേഗതയും വ്യഗ്രതയും ജീവിതങ്ങളെ തല്ലി തകർക്കുമ്പോൾ... ഇരുട്ടിന്റെ മറവിൽ ഒറ്റക്കൈയ്യന്മാർ ജീവിതങ്ങളെ പിച്ചി ചീന്തുമ്പോൾ... അഴിമതി ആരോപണങ്ങളുടെ പേരിൽ അധികാരികൾ അഴി കളെണ്ണുമ്പോൾ... ആരോപണങ്ങളും പ്രത്യാരോപണങ്ങളും കൊണ്ട് സമൂഹത്തിലെ രാഷ്ട്രീയ അന്തരീക്ഷം ഇളകിമറിയുമ്പോൾ.... രാഷ്ട്രീയ നിലനിൽപ്പിന് വേണ്ടി പദയാത്രകളും വാഹനയാത്രകളും നടത്തി ജന ലക്ഷങ്ങളുടെ കണ്ണിൽ പൊടിയിടുമ്പോൾ – നിതാന്തജാഗ്രതയോടെ – മൂല്യങ്ങളുടെ വഴിവിളക്കുകളാകുവാൻ യുവജനങ്ങളേ നിങ്ങൾ മുന്നോട്ട് വരണം. സ്വാതന്ത്ര്യത്തിന്റെ അഭിവാഞ്ച ആയിരങ്ങളുടെ മനസിൽ തീപ്പൊരിയായി വീണപ്പോൾ സ്വാതന്ത്ര്യം തേൻതുള്ളിയായി അവരുടെ ഹൃദയങ്ങളിലേക്ക് പെയ്തിറങ്ങി... എങ്കിൽ ചരിത്രമാകാൻ ചരിത്രം രചി ക്കുവാൻ വിശ്വമാനവികതയുടെ സന്ദേശവുമായി സാഹോദര്യത്തിന്റെ മഴവില്ല് തീർക്കുവാൻ നമുക്ക് മുന്നിട്ടിറങ്ങാം.

യുവജനസുഹൃത്തുക്കളേ, മൂല്യങ്ങളിൽ പരിശീലിപ്പിക്കപ്പെട്ട വ്യക്തികളാവാം നമുക്ക്. ആത്മീയതയ്ക്ക് ഊന്നൽ നൽകി, മാനുഷിക മൂല്യങ്ങളെ വിലമതിച്ച്, പ്രകൃതിയുടെ സംരക്ഷകരായി – ഭിന്നിക്കപ്പെട്ട സമൂഹത്തിൽ നന്മയുടെ വാഹകരായി നമുക്ക് അണിചേരാം. ലഹരി വിമുക്തമായ ഒരു സമൂഹത്തിന് നമുക്ക് അടിത്തറ പാകാം. യുവമന സ്സുകളെ അടിമപ്പെടുത്തുന്ന, ആകർഷിക്കപ്പെടുന്ന – ലഹരിയുടെ സ്വാധീ നങ്ങളെ, ഉപയോഗങ്ങളെ – ദൂരെയകറ്റി നമുക്ക് വഴി തെളിക്കാം.

പ്ലാസ്റ്റിക്, ഫ്ളക്സ് എന്നിവ ഉപേക്ഷിച്ച് മലിനീകരിക്കപ്പെടുന്ന പ്രകൃതിയെ അതിന്റെ സന്തുലനാവസ്ഥയിലേക്ക് വീണ്ടെടുക്കാം.

ഒപ്പം - പരീക്ഷകളുടെ കാലമായി. തികഞ്ഞ ആത്മവിശ്വാസത്തോടെ, ഉന്നതമായ വിജയം ലക്ഷ്യമാക്കി - പൂർണ്ണ ദൈവവിശ്വാസത്തോടെ ഒരുങ്ങൂ... വിജയം നിശ്ചയം!!

സ്നേഹത്തോടെ,

**സണ്ണിയച്ചൻ**

## സ്പന്ദനം 2011 കെ.സി.വൈ.എം. പ്രവർത്തന വർഷ ഉദ്ഘാടനവും വഴി പ്രകാശനവും

12-2-2011 ന് ന്യൂമാൻസ് കോളജിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ. സജിൻ ജോസ് ചാലിലിന്റെ അദ്ധ്യക്ഷതയിൽ 130 ന് മുകളിൽ രൂപതാ, മേഖല-യൂണിറ്റ് നേതാക്കൾ പങ്കെടുത്ത യോഗത്തിൽ വച്ച് വയനാട് ജില്ലാ പ്രസിഡന്റ് കെ.എൽ. പൗലോസ് പ്രവർത്തന വർഷ ഉദ്ഘാടനം നടത്തുകയും പ്രമുഖ മാധ്യമ പ്രവർത്തകനും മുൻ കെ.സി.വൈ.എം. പ്രസിഡന്റുമായ ശ്രീ.ഷിബു സി.വി. ചെങ്ങാലിക്കാവിൽ വഴി-2011 പ്രകാശനം നടത്തുകയും ചെയ്തു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണവും കെ.സി.വൈ.എം. രൂപതാ നേതാക്കളായ ഷംജിത്ത് ചേലക്കൽ, ആന്റണി മങ്കടപ്ര, ഹർഷ ചേരവേലിൽ, ശ്രുതി കുര്യൻ, ജിതേഷ് മുളക്കകുന്നേൽ, ഡിന്റോ മുണ്ടുപാലക്കൽ, സിൻഡിക്കേറ്റംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകുകയും ചെയ്തു.

തുടർന്ന് നടന്ന ലീഡേഴ്സ് കോർണറുകളിൽ ഫാ. സണ്ണി കൊല്ലാർതോട്ടം, ബഹു. ജോസ് പള്ളത്ത്, ബിനോയ് പാനികുളം, ഷംജിത്ത് ചേലക്കൽ മുതലായവർ ക്ലാസുകൾ നയിച്ചു. പങ്കെടുത്തവർക്കും നേതൃത്വം നൽകിയവർക്കും നന്ദിയർപ്പിക്കുന്നു.

## കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ വെബ്സൈറ്റ് ഉദ്ഘാടനം

12-2-2011 ന് ന്യൂമാൻസ് കോളജിൽ വച്ച് നടന്ന കെ.സി.വൈ.എം. മാനന്തവാടി രൂപത നേതൃസംഗമത്തിൽ വച്ച് വയനാട് ജില്ലാ പ്രസിഡന്റ് ശ്രീ. കെ.എൽ. പൗലോസ് വെബ്ബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. പ്രവർത്തകരും സ്നേഹിതരും വെബ്സൈറ്റ് സന്ദർശിക്കുമല്ലോ? വെബ്സൈറ്റ് അഡ്രസ്സ് : www.kcymmananthavady.in

**നന്ദിയോടെ**

മാനന്തവാടി രൂപത കെ.സി.വൈ.എം.ന് കഴിഞ്ഞ രണ്ടുവർഷമായി രൂപത ആനിമേറ്റർ എന്ന നിലയിൽ സേവനം നൽകിവന്ന സി.ജെസ്‌ലിമ എസ്.ഡി. പഠന സംബന്ധമായ കാര്യങ്ങൾക്കായി പോകു

ന്നതിനാൽ ആനിമേറ്റർ സ്ഥാനമൊഴിഞ്ഞു. രൂപത കെ.സി.വൈ.എം. 12-2-2011 ന് ചേർന്ന യോഗത്തിൽ വച്ച് സി.ജസ്‌ലീമയ്ക്ക് നന്ദി പറഞ്ഞു. തുടർന്നും കെ.സി.വൈ.എം. പ്രസ്ഥാനം സിസ്റ്ററിന്റെ സേവനം ആഗ്രഹിക്കുകയും രൂപതാ കെ.സി.വൈ.എം. കുടുംബത്തിന്റെ കടപ്പാട് അറിയിക്കുകയും ചെയ്യുന്നു. പ്രസ്ഥാനത്തിനുവേണ്ടി ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം സിസ്റ്ററിന് ഉപഹാരം നൽകി. സജിൻജോസ് ചാലിൽ, ഹർഷ ചേരവേലിൽ, ഷംജിത്ത് ചേലക്കൽ എന്നിവർ നന്ദിയർപ്പിച്ച് സംസാരിച്ചു.

**സി.വിൻസി ജോൺ FCC ക്ക് സ്വാഗതം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പുതിയ ആനിമേറ്ററായി സ്ഥാനമേറ്റെടുത്ത സി.വിൻസി ജോൺ എഫ്.സി.സി.യെ കെ.സി.വൈ.എം. നേതൃസംഗമദിനത്തിൽ സംഘടനയുടെ നേതാക്കൾ ഒന്ന് ചേർന്ന് സ്വീകരിക്കുകയും സിസ്റ്റർക്ക് പുതിയ പ്രവർത്തന മേഖലകളിൽ നന്മകൾ ആശംസിക്കുകയും ചെയ്തു. മാനന്തവാടി മേഖലയിലും, കൊട്ടിയൂർ മേഖലയിലും സ്തുത്യർഹമായി ആനിമേറ്ററായി പ്രവർത്തിച്ച സിസ്റ്ററിന് രൂപതയുടെ പ്രവർത്തനങ്ങളിൽ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

**മണിമൂളി, നിലമ്പൂർ,ഗൂഡല്ലൂർ റീജിയണൽ നേതൃസംഗമം**

15-2-11 ന് നിലമ്പൂർ ലിറ്റിൽ ഫ്ളവർ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിലിന്റെ അദ്ധ്യക്ഷതയിൽ മേഖലകളുടെ നേതാക്കളും യൂണിറ്റ് ഭാരവാഹികളും ആനിമേറ്റർമാരും ഒന്നിച്ച് ചേരുകയും നേതൃസംഗമം നടത്തുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണം നടത്തുകയും ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനവും രൂപത ജനറൽ സെക്രട്ടറി ഷംജിത്ത് ചേലക്കൽ 'വഴി-2011' വിശദീകരണം നടത്തുകയും ചെയ്തു. സെക്രട്ടറി ആന്റണി മങ്കടപ്ര, ബിബിൻ പനമട, തുടങ്ങിയവർക്കൊപ്പം മേഖല ഭാരവാഹികളായ ഡെലീഷ, സിബിൻ, ബിനീഷ, ആൻമരിയ, ഫ്രാൻസീസ്, സി. അന്നമ്മ തുടങ്ങിയവർ നേതൃത്വം നൽകുകയും ചെയ്തു. തുടർന്ന് നടന്ന ലീഡേഴ്സ് കോർണറിൽ രൂപതാ നേതൃത്വം ക്ലാസുകൾ നയിച്ചു. എല്ലാം വളരെ ഭംഗിയായി ക്രമീകരിച്ച നിലമ്പൂർ, മണിമൂളി മേഖലാ നേതൃത്വത്തിന് സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു.

**ആഗ്നേയം - 2011**

രൂപത സിൻഡിക്കേറ്റംഗങ്ങൾക്കായി ഒരുക്കുന്ന ധ്യാനം മാർച്ച് 19-20 തീയതികളിൽ മക്കിയാട് ബനഡിക്ടൈൻ ആശ്രമത്തിൽ വച്ച് നടത്തപ്പെടുന്നു. അംഗങ്ങൾ നേരത്തെതന്നെ ഒരുങ്ങിയിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സദ്ഗമയ - 2011**

കെ.സി.വൈ.എം. അംഗങ്ങൾക്കായി രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന മലയാറ്റൂർ പദയാത്രക്കുള്ള ഒരുക്കങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

പങ്കെടുക്കുന്നവർ മാർച്ച് 12-ാം തീയതിക്ക് മുമ്പായി ഇടവക വികാരിയുടെ സമ്മതത്തോടുകൂടി രൂപത ഓഫീസിൽ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവരുടെ ആദ്യപ്രാർത്ഥനാസംഗമം മാർച്ച് 13-ാം തീയതിയും രണ്ടാമത്തേത് മാർച്ച് 27-ാം തീയതിയും നടത്തുന്നതാണ്. പദയാത്രയായി പോകുവാനാഗ്രഹിക്കുന്നവർ മാർച്ച് 13 ഞായറാഴ്ച വൈകുന്നേരം 7 ന് ദ്വാരകയിൽ പ്രാർത്ഥനക്കായി എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അംഗത്വ സ്വീകരണം**

പുതിയ അംഗങ്ങൾക്കായുള്ള അംഗത്വ ഫോറം മാർച്ച് 31 ന് മുമ്പായി ബയോഡാറ്റ സഹിതം പൂരിപ്പിച്ച് രൂപതാ ഓഫീസിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അഡ്രസ് കളക്ഷൻ**

പഠനത്തിനും ജോലിക്കുമായി പോയിരിക്കുന്ന യുവജനങ്ങളുടെ അഡ്രസ്സ്, ഫോൺനമ്പർ, Email ID, എന്നിവ ശേഖരിക്കുകയും അവരുടെ ലിസ്റ്റ് ക്രമീകരിക്കുകയും ചെയ്യുക. അതിന്റെ ഒരു കോപ്പി രൂപതാ ഓഫീസിൽ നൽകുമല്ലോ.

**വീട് - 2011**

ഫെബ്രുവരി 27, 28 തീയതികളിലായി രൂപതാ ഭാരവാഹികളുടെ ഭവനങ്ങൾ ഡയറക്ടർ സന്ദർശിക്കുന്നു.

**കുറുമണി യൂണിറ്റിന് അഭിനന്ദനങ്ങൾ**

മദ്യവിരുദ്ധ പ്രവർത്തനങ്ങളുമായി ലഹരിക്കെതിരെ നടത്തുന്ന പ്രവർത്തനങ്ങൾക്ക് മാനന്തവാടി രൂപതാ കെ.സി.വൈ.എം. ന്റെ അഭിനന്ദനങ്ങൾ. ലഹരിവിമുക്തഗ്രാമം എന്ന രൂപതാ ആശയത്തോട് ചേർന്ന് സഹകരിക്കാൻ തയ്യാറാകുന്ന യൂണിറ്റ് ഡയറക്ടർ ഫാ. ബാബു മാപ്പശേരി, ഇടവകാഭാരവാഹികൾ, എന്നിവർക്ക് അനുമോദനങ്ങൾ. എല്ലാ പ്രവർത്തനങ്ങൾക്കും രൂപതയുടെ പിന്തുണയും അറിയിക്കുന്നു.

**യുവസാന്ത്വന - കൗൺസിലിംഗ്**

യുവജനങ്ങൾക്കായി മാസത്തിലെ മൂന്നാം ശനിയാഴ്ച ദ്വാരകയിൽവച്ച് വിദഗ്ദരുടെ നേതൃത്വത്തിൽ കൗൺസിലിംഗ് നടത്തപ്പെടുന്നു. ആവശ്യമുള്ളവർ മുൻകൂട്ടി രൂപതാ ഓഫീസുമായി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യുക.

**മേഖലാ വാർത്തകൾ :- കൽപറ്റ മേഖല**

2011 ഫെബ്രുവരി 6-ാം തീയതി ഞായറാഴ്ച 2.30 ന് എടപ്പെട്ടി യിൽവെച്ച് മേഖലാ സെനറ്റ്കൂടി. മേഖലാ ഫണ്ട് ശേഖരണാർത്ഥം ഒരു നറുക്കെടുപ്പ് കൂപ്പൺ അടിച്ചിറക്കി എല്ലാ യൂണിറ്റുകളിലും എത്തിക്കാ നായിരുന്നു സെനറ്റ് കൂടിയത്. കൂടാതെ രൂപതയിൽ നിന്നും സമ്മാ നാർഹരായ റിപ്പൺ (ഏറ്റവും നല്ലയൂണിറ്റ്) പ്രിൻസി പെരിങ്ങാലപ്പള്ളി (ഏറ്റവും നല്ല യൂണിറ്റ് പ്രവർത്തക) എന്നിവരെ അഭിനന്ദിക്കുകയും മേഖലയിൽ നിന്നും രൂപതാ കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ഡിന്റോ മുണ്ടുപാലക്കലിന് (കൽപറ്റ) ആശംസകൾ നേരുകയും ചെയ്തു.

**നെടുമ്പാല യൂണിറ്റ്**

2011 ജനുവരി 5-ന് നെടുമ്പാല കെ.സി.വൈ.എം. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ റോഡുകൾ ഗതാഗതയോഗ്യമാക്കുക, നാടിന്റെ വിക സനത്തിന്റെ ഭാഗമായി വിദ്യാഭ്യാസത്തിന് എൽ.പി.സ്കൂളും ഹൈസ്കൂളും അനുവദിച്ച് കിട്ടുക, ആദിവാസി കോളനി വൈദ്യുതീക രിക്കുക, വന്യമൃഗശല്യത്തിനെതിരായി സോളാർഷോക്ക്, ഫെൻസ് ലൈൻ സ്ഥാപിക്കുക, കുടിവെള്ളപദ്ധതി നടപ്പാക്കുക എന്നീ ആവശ്യ ങ്ങൾ ഉന്നയിച്ച് ത്രിതല പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട അംഗ ങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാർ നടത്തി. സ്ഥലം എം.എൽ.എ. എം.വി. ശ്രേയാംസ്കുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എൽ. പൗലോസ് എന്നിവർ സന്നിഹിതരായിരുന്നു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പൊൻതൊട്ടി, ആനിമേറ്റർ റവ.സി. റോസ്മിൻ എസ്. എച്ച്., ജോർജ് കുളങ്ങോത്ത്, ഷാജി അഴകനാൽ എന്നിവർ നേതൃത്വം നൽകി.

**വൈത്തിരി യൂണിറ്റ്**

യൂണിറ്റിൽ ഫണ്ട് ശേഖരണാർത്ഥം ഒരു നറുക്കെടുപ്പ് കൂപ്പൺ ഇറക്കി. ഇടവകയിൽ രോഗികളായി വീടുകളിലുള്ളവരെ കെ.സി.വൈ. എം. അംഗങ്ങൾ സന്ദർശിക്കുകയും മധുരപലഹാരങ്ങൾ നൽകുകയും ചെയ്തു. മദ്യവിരുദ്ധ ഞായറിൽ കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ മിഷൻലീഗ് കുട്ടികൾക്ക് മദ്യത്തിനെതിരെ സന്ദേശം നൽകുന്ന ചെറു കഥാമത്സരം സംഘടിപ്പിച്ചു. അന്നേദിവസം കെ.സി.വൈ.എം. അംഗ ങ്ങൾക്ക് വേണ്ടി അതേസന്ദേശം നൽകുന്ന ഉപന്യാസ മത്സരവും സംഘ ടിപ്പിച്ചു. ഇടവക തിരുനാളിൽ അലങ്കാരത്തിന്റെ നേതൃത്വം കെ.സി.വൈ. എം. ഏറ്റെടുത്ത് മനോഹരമാക്കി. യൂണിറ്റിലെ പ്രവർത്തനങ്ങൾക്ക് ഡയ റക്ടർ ഫാ. ബിനു പൈനുങ്കൽ, ആനിമേറ്റർ സി.ലൂസി തറപ്പത്ത് എസ്. എച്ച്, ജോബിൻ ജോർജ്, ആനന്ദ്, അഞ്ജലി, ജോബിൻ, സ്റ്റെഫീന എന്നിവർ നേതൃത്വം നൽകി.

**റിപ്പൺ യൂണിറ്റ്**

കെ.സി.വൈ.എം. റിപ്പൺ യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ഞായറാചരിച്ചു. വി.ബലിക്കുശേഷം ലഹരിക്കെതിരെ ബോധ വൽക്കരണ റാലി നടത്തി. വികാരി റവ.ഫാ. വിൻസെന്റ് പുതുശ്ശേരി സന്ദേശം നൽകി. യുവജനങ്ങളും മാതാപിതാക്കളും റാലിയിൽ അണി നിരന്നു. തുടർന്ന് റിപ്പണിലും പരിസരങ്ങളിലും ലഹരിക്കെതിരെ ബോധ വത്ക്കരണ ബോർഡുകൾ സ്ഥാപിച്ചു. പ്രസിഡന്റ് ഡിറ്റോ പുതുശ്ശേ രി, സെക്രട്ടറി ലിൻജു പുന്നമറ്റം, ബിനു മണ്ണാംപറമ്പിൽ, ബിനോയ് പാനികുളം, പ്രിൻസി പെരിങ്ങാരപ്പള്ളി, സോമി കണ്ടത്തിൽ, കൈക്കാ രന്മാർ, വിവിധ സംഘടനാ ഭാരവാഹികൾ, മതാധ്യാപകർ തുടങ്ങിയ വർ നേതൃത്വം നൽകി.

തിരുനാളിനോടനുബന്ധിച്ച് പള്ളിപരിസരം വൃത്തിയാക്കുകയും പ്രദക്ഷിണത്തിന് അലങ്കാരവിളക്കുകൾ നിർമ്മിക്കുകയും ചെയ്തു.
വിനോദയാത്ര - ജനുവരി 26-ന് റിപ്പൺ യൂണിറ്റിന്റെ വിനോദയാത്ര നടത്തി. രാവിലെ 8 മണിക്ക് ആരംഭിച്ച യാത്ര കുറുവദ്വീപ്, പടിഞ്ഞാറ ത്തറ ഡാംസെറ്റ്, വയനാട് ചുരം വ്യൂ പോയിന്റ് എന്നിവ സന്ദർശിച്ചു.

**പേരിയ യൂണിറ്റ്**

ഇടവകയിലെ ഒരു വ്യക്തിയുടെ വീട് നിർമ്മാണത്തിന് പേരിയ യൂണിറ്റിലെ യുവജനങ്ങൾ സഹായിച്ചു. മദ്യവിരുദ്ധ ഞായറിനോട് അനു ബന്ധിച്ച് പ്ലക്കാർഡ് തയ്യാറാക്കി റോഡരികിലും പള്ളിയുടെ സമീപത്തും സ്ഥാപിച്ചു. ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും കെ.സി.വൈ.എം. അംഗങ്ങൾ സഹകരിച്ച് വരുന്നു.


**പ്രശാന്തഗിരി യൂണിറ്റ്**

ജനുവരി 16-ന് ഫാ.പോൾ ഇടയകൊണ്ടാട്ടിന്റെ നേതൃത്വത്തിൽ നടന്ന സെനറ്റിൽ 2011 വർഷത്തെ പുതിയ ഭാരവാഹികൾ സ്ഥാനം ഏറ്റെ ടുത്തു. ഇടവക തിരുനാളിന് ദേവാലയ അലങ്കാരവും പ്രദക്ഷിണത്തി നാവശ്യമായ രഥം നിർമ്മിച്ചലങ്കരിക്കലും കെ.സി.വൈ.എം. അംഗങ്ങൾ ഏറ്റെടുത്ത് മനോഹരമാക്കി. യൂണിറ്റിന് ഫണ്ട് സ്വരൂപിക്കുന്നതിനായി പോരൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ തിരുനാളിന് രഥം നിർമ്മിച്ച് പ്രദക്ഷിണത്തിൽ പങ്കെടുത്തു. ഇടവകയിലെ ഒരു വ്യക്തിയുടെ ഭവന നിർമ്മാണത്തിന് കെ.സി.വൈ.എം. അംഗങ്ങൾ സഹായിച്ചു.

സ്നേഹപൂർവ്വം,

**ഷംജിത്ത് ചേലയ്ക്കൽ**

രൂപതാ ജനറൽ സെക്രട്ടറി



# ക്രിസ്റ്റീൻ വാർത്തകൾ

## അവധിക്കാല ക്രിസ്റ്റീൻ ധ്യനങ്ങൾ

സിയോൻ ധ്യാനകേന്ദ്രം ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ ഏപ്രിൽ 11,12,13 തീയതികളിലും മെയ് 12,13,14 തീയതികളിലും സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തുന്നു. രണ്ട് ധ്യാന ങ്ങളും ആദ്യദിവസം രാവിലെ 9.30 ന് ആരംഭിക്കുന്നതും അവസാന ദിവസം 4 മണിക്ക് തീരുന്നതുമാണ്. ഏപ്രിൽ മാസത്തിലെ ധ്യാനത്തിന് 10-ാം ക്ലാസുകാർക്ക് മുൻഗണന. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് വീതമാണ് അവസരം. രജി.ഫീസ് 350 രൂപയായിരിക്കും. സിയോൻ ധ്യാനകേന്ദ്രത്തിൽ 100 രൂപ അടച്ച് ബുക്കു ചെയ്യേണ്ടതാണ്. ഈ വിവരം ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

## ഇടവകകളിൽ ക്രിസ്റ്റീൻ ധ്യാനങ്ങൾ

അവധിക്കാലത്ത് സിയോൻ ടീമിന്റെ നേതൃത്വത്തിൽ ഇടവക കളിൽ ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്താൻ താല്പര്യമുള്ളവർ നേരത്തെ ബുക്കു ചെയ്യുമല്ലോ.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
**ഫാ. സോണി വടയാപറമ്പിൽ**
ക്രിസ്റ്റീൻ ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിന് ഒരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ജനുവരി 27 മുതൽ 30 വരെ നടന്ന MPC കോഴ്സിൽ 105 പേരും, ഫെബ്രുവരി 18 മുതൽ 21 വരെ നടന്ന കോഴ്സിൽ 91 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| മാർച്ച് 11 –14 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| മാർച്ച് 25–28 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

### കത്തോലിക്കാ മാതൃസംഘടന

അടുത്ത രൂപതാ എക്സിക്യൂട്ടീവ് മാർച്ച് 15 ന് 10 മണിക്ക്

### ഇടിവണ്ണ ശാഖ

ബഹു. ഡയറക്ടർ ജിൽസനച്ചന്റേയും ആനിമേറ്റർ സി. ഹെലന്റെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടക്കുന്നു. ജനുവരി 20 ന് ശാഖാ എക്സിക്യൂട്ടീവ് ചേർന്ന് 28, 29, 30 തീയതികളിൽ നടക്കുന്ന തിരുനാളിൽ അമ്മമാരുടെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്തു. 27 ന് 25 ഓളം അമ്മമാർ വന്ന് ദേവാലയവും പരിസരവും വൃത്തിയാക്കി. ദീപകാഴ്ച ഉണ്ടാക്കാൻ സഹായിച്ചു. 28 ന് ഭക്തസംഘടനയുടെ വാർഷികത്തിൽ സെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. 29 ന് അമ്മമാർ മുത്തുകുടകൾ ഏന്തി പ്രദക്ഷിണത്തിൽ പങ്കുചേർന്നു. ഇടവകയിലെ ഒരു രോഗിക്ക് ചികിത്സാസഹായം 500/– രൂപ കൊടുത്തു.

**ഏലപ്പീടിക ശാഖ**

ഏലപ്പീടിക ഇടവകയിൽ റവ. ഫാ. ചാക്കോച്ചൻ വാഴക്കാലായുടെ നേതൃത്വത്തിൽ പ്രസിഡണ്ട് ശ്രീമതി ലിസി മംഗലത്തിന്റെ അദ്ധ്യക്ഷതയിൽ ആനിമേറ്റർ സി. ജോസ്നയുടെ സാന്നിദ്ധ്യത്തിൽ മാതൃസംഘത്തിന്റെ മീറ്റിംഗ് നടത്തി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങൾ – ദൈവവചനവും, സ്നേഹവുമാണെന്ന് വികാരിയച്ചൻ ഓർമ്മിപ്പിച്ചു. ഇത് രണ്ടും ഒരുമിച്ച് കൊണ്ടുപോകുന്നവർക്കു മാത്രമേ ജീവിതത്തിൽ അടിസ്ഥാനമുള്ളു. അവിടുത്തെ വചനം സ്വീകരിച്ച് സ്നേഹത്തിൽ വളർന്ന് വിവേകത്തിൽ ജീവിക്കണമെന്ന് അമ്മമാരെ ബോധ്യപ്പെടുത്തി. യോഗത്തിൽ പുൽക്കൂട് മത്സര വിജയികൾക്ക് വികാരിയച്ചൻ സമ്മാനം നൽകി അഭിനന്ദിച്ചു. ഫണ്ട് ശേഖരണാർത്ഥം തിരുനാളിന് പലഹാര കട നടത്തിയ അമ്മമാരെ വികാരിയച്ചൻ പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ അമ്മമാർ ഇടവകയിൽ രോഗി സന്ദർശനം നടത്തുകയും പള്ളിയും പരിസരവും വൃത്തിയാക്കുകയും ചെയ്തു.

**പോരൂർ ശാഖ**

പോരൂർ ശാഖയിലെ മാതൃസംഘടനയുടെ 3–ാം വാർഷികം 29–ന് ആഘോഷിച്ചു. ശാഖാ സെക്രട്ടറി ശ്രീമതി ലില്ലി ചിറമുഖം എല്ലാവരേയും സ്വാഗതം ചെയ്തു. പ്രസിഡണ്ട് ശ്രീമതി മോളി കരിമ്പനാക്കുഴി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശാഖാ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ വാർഷികം ഉദ്ഘാടനം ചെയ്തു. ഇടവകയിലെ മുഴുവൻ അമ്മമാരെയും ഉൾപ്പെടുത്തി 4 ഗ്രൂപ്പുകൾ ആക്കി. ഓരോ ഗ്രൂപ്പിന് (Red, Blue, White, Yellow) എന്നീ പേരുകൾ നൽകുകയും ചെയ്തു. ബൈബിൾ ക്വിസ്സ്, പ്രസംഗം, സംഗീതം, കസേരകളി, സ്പൂൺറെയിസ്, കുപ്പിയിൽ വെള്ളം നിറയ്ക്കൽ എന്നീ മത്സരങ്ങൾ നടത്തുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും ശ്രീമതി ഷാന്റി വെട്ടിക്കൽ നന്ദി പറഞ്ഞു.

**മരിയൻ സിഗിൾസ്**

15 ന് സി. മരീനയുടെ നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 14 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് മാർച്ച് 16 ന് 10 മണിക്ക്.

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"ദൈവഭക്തന്റെ ആത്മാവ് അനുഗ്രഹീതമാണ്. തന്റെ ആശ്രയം അവൻ അറിയുന്നു. തന്നെ സ്നേഹിക്കുന്നവനെ കർത്താവ് കടാക്ഷിക്കുന്നു. അവിടുന്ന് ശക്തമായ സംരക്ഷണവും, ഉറപ്പുള്ള താങ്ങും, ചുടുകാറ്റിൽ അഭയകേന്ദ്രവും, പൊരിവെയിലിൽ തണലും ഇടറാതിരിക്കാൻ സംരക്ഷണവും, വീഴാതിരിക്കാൻ ഉറപ്പും തരുന്നു" (പ്രഭാഷകൻ 34 : 15-16).

**സോണൽ മീറ്റിംഗ്**

54 ശുശ്രൂഷകർ 4-2-11 ന് നടത്തിയസോണൽ മീറ്റിംഗിൽ പങ്കെടുത്തു. സിയോൻ ചാപ്പലിൽ 10.30 ന് ആരാധന ആരംഭിച്ചു. ശ്രീ. ജോർജ്ജ് അരഞ്ഞാണി ജപമാലയും, ശ്രീ. ബേബി കുപ്പയിൽ ആരാധനയും നയിച്ചു. 11.30 ന് ശ്രീ. ജോർജ്ജ് കൈനിക്കുന്നേൽ വചനം പങ്ക്‌വെച്ച് ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. ജോർജ്ജ് മേമന അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. നിരപരാധിയുടെ സഹനം വിലയുള്ളതാണ്. എല്ലാ സഹനവും ലാഭമുണ്ടാക്കുന്നു. നാടു നശിക്കാതിരിക്കാൻ നന്മയുടെ പ്രവാചകരായി നാം നിലകൊള്ളണം. ബഹു. അച്ചൻ അനുസ്മരിപ്പിച്ചു. 1.15 ന് ബഹു. പാറയിൽ അച്ചൻ അംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. അറിയിപ്പുകൾ നൽകി. 1). ഫെബ്രുവരിയിൽ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പുൽപ്പള്ളി, മുള്ളൻകൊല്ലി ഭാഗത്തുള്ള ശുശ്രൂഷകരുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. 2). ഓരോ മിനിസ്ട്രിയും 5 പേരെ കോർ ഗ്രൂപ്പ് അംഗങ്ങളായി തെരഞ്ഞെടുക്കണം.

തുടർന്ന് ഓരോ മിനിസ്ട്രികളും സമ്മേളിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി ചർച്ചകൾ നടത്തി. 6.30 വരെയുള്ള സമയം എൽഡറിംഗിനായി വിനിയോഗിച്ചു.

### ജാഗരണ പ്രാർത്ഥന

6.30 ന് സിയോൻ ചാപ്പലിൽ ഒരുമിച്ച്കൂടി ജപമാല ചൊല്ലി വി. ബലിക്കായി പ്രാർത്ഥിച്ച് ഒരുങ്ങി. 7 മണിയ്ക്ക് ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. കടന്നു വന്ന എല്ലാവർക്കും അത്താഴം നൽകി. കുരിശിന്റെ വഴിയാണ് പിന്നീട് നടത്തിയത്. 9.15 ന് ബഹു. മനോജ് കാക്കോനാൽ അച്ചൻ ജാഗരണ പ്രാർത്ഥനയ്ക്കായി ഈശോയെ അൾത്താരയിൽ പ്രതിഷ്ഠിച്ചു. 11 മണി വരെ അച്ചൻ തന്നെ അരാധന നയിച്ചു. 11 മുതൽ സിയോൻ ടീം ആരാധന നയിച്ചു. ജാഗരിച്ചു പ്രാർത്ഥിച്ച മക്കളുടെ മേൽ തമ്പുരാൻ അനുഗ്രഹമാരി ചൊരിഞ്ഞു. 12 ന് പ്രാർത്ഥന അവസാനിച്ചു.

### ആദ്യശനി ഏകദിന കൺവെൻഷൻ

5-2-11 ആദ്യശനി രാവിലെ 6 മണിയ്ക്ക് തന്നെ ശുശ്രൂഷകർ അമ്മയുടെ സന്നിധിയിൽ അണഞ്ഞു. ശക്തീകരണത്തിനും അഭിഷേകത്തിനും ദിവസത്തിന്റെ ശുശ്രൂഷകളുടെ വിശുദ്ധീകരണത്തിനുമായി ജപമാല ചൊല്ലി സിയോനുചുറ്റും നടന്ന് പ്രാർത്ഥിച്ചു. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ ശുശ്രൂഷകരെ പ്രാർത്ഥിച്ച്, വി. ജലം തളിച്ച്, വചനസന്ദേശം നൽകി അനുഗ്രഹിച്ചു. ബഹു. പാറയിലച്ചനും ബഹു. പ്രിൻസച്ചനുംകൂടി സിയോൻ ഹാളിനെ വി.ജലം തളിച്ച് പവിത്രീകരിച്ചു. ഒരുക്കശുശ്രൂഷകൾക്കുശേഷം 8.30 ന് സ്റ്റേജിൽ പതിവ് ശുശ്രൂഷകൾ നടത്തി. സപ്ര, ജപമാല, സ്തുതി ആരാധന എന്നിവയ്ക്ക് സിയോൻ ടീം നേതൃത്വം നൽകി. 11 മണിയ്ക്ക് ബഹു. പ്രിൻസച്ചൻ വചനം പങ്കുവെച്ച് ക്ലാസ്സെടുത്തു. 12 മണിയ്ക്ക് രൂപത PRO ബഹു. തോമസ് ജോസഫ് തേരകം അച്ചന് 60-ാം പിറന്നാൾ മംഗളങ്ങൾ ആശംസിച്ചു. തുടർന്ന് ബഹു. തോമസച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘു ഭക്ഷണത്തിനും അനുഗ്രഹലബ്ധി സാക്ഷ്യപ്പെടുത്തലുകൾക്കുംശേഷം ആരാധന ആരംഭിച്ചു. സൗഖ്യപ്രാർത്ഥനകൾക്ക് ശ്രീ. ചാക്കോച്ചൻ പുത്തൻപുര നേതൃത്വം നൽകി. ദിവ്യകാരുണ്യ നാഥൻ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ട് ജനമദ്ധ്യത്തിലൂടെ പ്രദക്ഷിണമായി നീങ്ങി. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം നൽകി. ക്രിസ്റ്റീൻ മക്കൾക്ക് സിയോൻ ചാപ്പലിൽ പ്രോഗ്രാം നടത്തി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു. എല്ലാം പുനഃക്രമീകരിച്ചശേഷം ശുശ്രൂഷകർ ഭവനങ്ങളിലേയ്ക്ക് മടങ്ങി.

**രണ്ടാംശനി ശുശ്രൂഷകൾ 12-2-2011**

**പൊതുകൗൺസിലിംഗ്**

50 പേർ വന്ന് കൗൺസിലിംഗ് നടത്തി. ജീവിത പ്രശ്നങ്ങളിലെ ദൈവഹിതം തിരിച്ചറിഞ്ഞ് സ്വീകരിക്കാൻ തക്കവിധം മനസ്സൊരുങ്ങി സന്തുഷ്ടരായി മടങ്ങി.

**യുവജനദിനം**

45 യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു. ബഹു. മനോജ് കാക്കോനാൽ അച്ചൻ ക്ലാസ്സെടുത്തു. വി. ബലി അർപ്പിച്ചു. ജീസസ് യൂത്ത് ടീം മറ്റു ശുശ്രൂഷകൾ നയിച്ചു. കുമ്പസാരത്തിനും കൗൺസി ലിംഗിനും അവസരം നൽകി.

**ദമ്പതികൂട്ടായ്മ**

35 ദമ്പതികൾ ഇന്നത്തെ ശുശ്രൂഷയിൽ പങ്കെടുത്തു. ബഹു. ജയിംസ് ചക്കിട്ടുകുടി അച്ചൻ ക്ലാസ്സെടുത്തു. വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി. ജപമാലയും ആരാധനയും സെൽ പ്രാർത്ഥനയും ഷെയറിംഗും എല്ലാം കുടുംബജീവിതത്തിൽ നവീകരണവും വിശുദ്ധീ കരണവും പ്രാപിക്കാൻ സഹായകമായി.

**സിയോൻ മാർച്ചു മാസത്തിൽ**

| | | |
|---|---|---|
| 4 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, |
| | - | ജാഗരണപ്രാർത്ഥന |
| 5 ആദ്യശനി | - | കൺവെൻഷൻ |
| | - | കൗൺസിലിംഗ് |
| | - | ക്രിസ്റ്റീൻ കൺവെൻഷൻ |
| 12 രണ്ടാം ശനി | - | കൗൺസിലിംഗ് ദിനം |
| | - | യുവജനദിനം |
| | - | ദമ്പതീ കൂട്ടായ്മ |
| 18 മൂന്നാം വെള്ളി | - | സൗഖ്യദിനം |
| | - | ജാഗരണപ്രാർത്ഥന |

**ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരി സഹോദരന്മാരേ,

മാനവരക്ഷയ്ക്കായി മനുഷ്യനായി അവതരിച്ച യേശുനാഥന്റെ പരസ്യജീവിതവും അവിടുത്തെ പ്രബോധനങ്ങളും കുരിശുമരണവും പ്രത്യേകമായി അനുസ്മരിക്കുന്ന വലിയ നോമ്പ് - അമ്പത് നോമ്പു കാലഘട്ടത്തിലേയ്ക്ക് മാർച്ച് മാസം 7 ന് നാം പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും നോമ്പുകാലത്ത് സഭ നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് ചൈതന്യവത്തായ നോമ്പാചരണത്തിൽ നമുക്കും പങ്കുചേരാം. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും മറ്റുള്ളവരെ സഹായിക്കുന്നതിലൂടെയും നമുക്ക് യേശുനാഥന്റെ പീഡാസഹനത്തിൽ പങ്കുകാരാകാം. ആത്മവിശുദ്ധീകരണവും ജീവിത നവീകരണവും സാദ്ധ്യമാക്കാം. വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാം. നമ്മൾ സഹായിക്കുന്നവരിൽ ക്രിസ്തുവിനെ കാണണമെന്നും, ക്രിസ്തുവിനോടെന്നതുപോലെ സ്നേഹവും പരിഗണനയും കൊടുക്കണമെന്നുള്ള നമ്മുടെ സ്ഥാപകന്റെ ഉദ്ദേശം സഫലമാക്കാം.

## പുതിയ ആത്മീയോപദേഷ്ടാവിന് സ്വീകരണം

18-01-2011 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന മാനന്തവാടി സെന്ററൽ കൗൺസിൽ യോഗത്തിൽ ആത്മീയോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് മേമനയെ മാനന്തവാടി സെന്ററൽ കൗൺസിൽ പ്രസിഡന്റ് ബ്ര. തോമസ് മാങ്ങൻ പൂച്ചെണ്ട് നൽകി സ്വീകരിച്ചു. സ്വീകരണം ഏറ്റുവാങ്ങി തന്റെ പ്രഥമ സന്ദേശത്തിൽ ഓരോ വ്യക്തിയും മറ്റുള്ളവർക്കുവേണ്ടി സ്വയം ഇല്ലാതായികൊണ്ട് കർമ്മനിരതനായി ജീവിക്കേണ്ടതിന്റെ പ്രസക്തി ഊന്നിപ്പറഞ്ഞു. ഒരേ ലക്ഷ്യത്തിനുവേണ്ടി ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം സൂചിപ്പിച്ചു.

വചനം വായിച്ച് വിശകലനം ചെയ്തപ്പോൾ, സംഘടനയിൽ പ്രവർത്തിക്കുമ്പോൾ നമ്മൾ നമ്മളെത്തന്നെ താഴ്ത്തികൊണ്ട് പ്രവർത്തിക്കണമെന്നറിയിച്ചു. അന്ത്യവിധിയിൽ കർത്താവിന്റെ കണക്കിൽ എണ്ണപ്പെടണമെങ്കിൽ ആഴമായ ക്രിസ്തീയ വിശ്വാസം ആവശ്യമാണെന്നും എങ്കിൽ മാത്രമേ സംഘടനയുടെ കെട്ടുറപ്പ് സാധ്യമാകൂ എന്നും ഉദ്ബോധിപ്പിച്ചു. വിശ്വാസത്തിന്റെ അടിത്തറ വി.കുർബാനയിലുള്ള പങ്കാളിത്തമാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

## വാർഷിക റിപ്പോർട്ടുകൾ

സാമ്പത്തിക വർഷം മാർച്ച് 31 ന് അവസാനിയ്ക്കുന്ന മുറയ്ക്ക് കോൺഫ്രൻസുകളും എ.സി കളും വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. വാർഷിക വിഹിതങ്ങളായ മെമ്പർഷിപ്പ് Rs. 20/- സി.സി, എ.സി പ്രവർത്തനഫണ്ട് Rs. 150/-(Rs. 100 C.C+ Rs. 50 A.C). രൂപതാ ബുള്ളറ്റിൻ വരിസംഖ്യ 120/- (എല്ലാ കോൺഫ്രൻസും), ഓസ്സാനാം റീച്ച് ഔട്ട് ബുള്ളറ്റിനുകൾ Rs. 45/- (Rs. 25+20) കോൺഫ്രൻസുകളുടെ തനതു വരുമാനത്തിന്റെ 5% എന്നിവ കോൺഫ്രൻസുകളിൽ നിന്ന് എ.സികൾ സ്വീകരിച്ച് ഏപ്രിൽ മാസത്തെ സി.സി. മീറ്റിംഗിൽ നൽകേണ്ടതാണ്. സാധിക്കുന്നിടത്തോളം കോൺഫ്രൻസുകളുടെ ആഡിറ്റിംഗ് എ.സി. പ്രസിഡന്റുമാർ മാർച്ച് മാസത്തിൽ നടത്തേണ്ടതാണ്.

## കല്ലോടി എ.സി വാർഷികം

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ കല്ലോടി എ.സി യുടെ വാർഷികം 16-2-2011 ന് വ്യാഴാഴ്ച ദീപ്തിഗിരി സെന്റ് തോമസ് പള്ളിയിൽ വെച്ച് നടന്നു. രാവിലെ 10.00 am ന് ബഹു. മനോജ് കാക്കോനാൽ അച്ചന്റെ വിശുദ്ധ കുർബാനയോടെ ചടങ്ങ് ആരംഭിച്ചു. കുർബാന മദ്ധ്യേയുള്ള വചന വ്യാഖ്യാനത്തിൽ മറ്റുള്ളവർക്കുവേണ്ടി ശുശ്രൂഷ ചെയ്യുവാൻ ഓരോ വിൻസെൻഷ്യൻ വ്യക്തിക്കും കടമയുണ്ട് എന്ന് ഉദ്ബോധിപ്പിച്ചു. തുടർന്ന് നടന്ന വാർഷികാഘോഷ ഉദ്ഘാടന സമ്മേളനം മാനന്തവാടി രൂപതാ വികാരി ജനറൽ വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. തദവസരത്തിൽ തന്റെ സ്വതസിദ്ധശൈലിയിൽ വിൻസെൻഷ്യൻ പ്രവർത്തനം ഏതു പാതയാണ് സ്വീകരിക്കേണ്ടത് എന്ന് അച്ചൻ ചൂണ്ടികാണിച്ചു. വെച്ചുകെട്ടില്ലാത്ത പ്രവർത്തനമായിരിക്കണം ഓരോ വിൻസെൻഷ്യന്റേതും എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. സി.സി. പ്രസിഡണ്ട് ബ്ര.തോമസ് മാങ്ങൻ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സി. സി. സെക്രട്ടറി ബ്ര. ടി.എം. ഷാജൻ, പ്രൊജക്റ്റ് മോണിറ്ററിംഗ് ഓഫീസർ ബ്ര.ജോർജ്ജ് ആക്കാന്തരി എന്നി

വർ ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് 'വിൻസെൻഷ്യൻ പ്രവർത്തനം ഈ കാലഘട്ടത്തിൽ' എന്ന വിഷയത്തിൽ ശ്രീ. ജോസ് പുന്നക്കുഴി സാറിന്റെ മനോഹരമായ ക്ലാസ്സ് നടന്നു. ആധുനിക കാല ഘട്ടത്തിൽ ഓരോ വിൻസെൻഷ്യൻ പ്രവർത്തകനും ഇറങ്ങി ചെല്ലേണ്ട മേഖലകൾ അദ്ദേഹം ചൂണ്ടി കാണിച്ചു. ചടങ്ങിന് എ.സി. പ്രസിഡണ്ട് സേവ്യർ ചിറ്റുപറമ്പിൽ സ്വാഗതവും സെക്രട്ടറി റോസിലി കുര്യൻ നന്ദിയും പ്രകാശിപ്പിച്ചു.

**അറിയിപ്പുകൾ**

1. വിവിധ കോൺഫ്രൻസുകൾക്കുള്ള ടിന്നിംഗ് ഗ്രാന്റ് ഇനിമുതൽ ചെക്ക് ആയി എ.സികൾക്ക് നൽകുകയും എ.സി അത് ക്യാഷ് ആക്കി മാറ്റി കോൺഫ്രൻസുകൾക്ക് വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്.
2. ക്വാർട്ടേർലി സ്റ്റേറ്റ്മെന്റ് (എ.സി) പ്രോജക്ട് കംപ്ലീഷൻ റിപ്പോർട്ട് ഇനിയും നൽകാത്തവർ ഉടൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.
3. ജനുവരി മാസത്തെ ബുള്ളറ്റിനിൽ സൂചിപ്പിച്ച വിൻസെന്റ് ഡി പോൾ 350-ാം ചരമവാർഷികം പ്രമാണിച്ച് നടത്തുന്ന ചിത്രരചനാ പെയിന്റിംഗ് മത്സരം എ.സി. തലത്തിൽ നടത്തി റിപ്പോർട്ട് അടുത്ത സി.സി. യോഗത്തിൽ കൊണ്ടുവരേണ്ടതാണ്.
4. ഓസ്സാനാംഭവൻ സംഭാവന, ഓസ്സാനാംഭവൻ ഡ്രസ്സ് വിഹിതം, നെയ്ക്കുപ്പ ഫണ്ട് ഇവ പൂർത്തീകരിച്ച് സി.സി യിൽ ഉടൻ അടയ്ക്കേണ്ടതാണ്.
5. സ്കോളർഷിപ്പ് ലഭിച്ച എ.സി. കൾ എത്രയും വേഗം കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
6. അടുത്ത സി.സി യോഗം മാർച്ച് 12 ശനിയാഴ്ച 10. 30 am ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നതാണ്. വരുമ്പോൾ എ.സി. പ്രസിഡണ്ടുമാർ പ്രവർത്തന റിപ്പോർട്ട് കൊണ്ടുവരേണ്ടതാണ്.

**ഓസ്സാനഭവൻ സന്ദർശനം**

**ചുണ്ടക്കര എ. സി**

| | | |
|---|---|---|
| സെന്റ് മേരീസ് കണിയാമ്പറ്റ | - | 16-3-2011 |
| സെന്റ് മേരീസ് പറളിക്കുന്ന് | - | 18-3-2011 |
| സെന്റ് സെബാസ്റ്റ്യൻ വിളമ്പുകണ്ടം | - | 19-3-2011 |
| ബ്ലസഡ് മദർ തെരേസ വിളമ്പുകണ്ടം | - | 20-3-2011 |

**കല്ലോടി എ. സി**

| | | |
|---|---|---|
| സെന്റ് അൽഫോൻസ ദീപ്തിഗിരി | - | 22-3-2011 |

| | | |
|---|---|---|
| സെന്റ് തോമസ് ദീപ്തിഗിരി | – | 24–3–2011 |
| സെന്റ് ജോസഫ് ജൂനിയർ കല്ലോടി എച്ച്. എസ് | – | 26–3–2011 |
| സെന്റ് മരിയഗൊരേത്തി (ജൂനിയർ ഗേൾസ്) കല്ലോടി | – | 26–3–2011 |
| സെന്റ് ജോർജ്ജ് കല്ലോടി | – | 28–3–2011 |
| സെന്റ് ആന്റണി കുഞ്ഞോം (മിക്സഡ്) | – | 30–3–2011 |
| സെന്റ് ബെനഡിക്ട് മക്കിയാട് | – | |
| സെന്റ് മേരീസ് പുതുശ്ശേരി | – | 1–4–2011 |
| സെന്റ് അൽഫോൻസ മക്കിയാട് | – | 2–4–2011 |
| സെന്റ് തോമസ് വഞ്ഞോട് | – | 5–4–2011 |

**കൽപ്പറ്റ എ. സി**

| | | |
|---|---|---|
| സെന്റ് ക്ലാരറ്റ് ചാരിറ്റി | – | 7–4–2011 |
| സെന്റ് ജൂഡ് കൽപ്പറ്റ | – | 9–4–2011 |
| സെന്റ് മേരി കൽപ്പറ്റ | – | 11–4–2011 |
| സെന്റ് മേരി നെടുമ്പാല | – | 13–4–2011 |
| സെന്റ് മേരി പുഴമുടി | – | 15–4–2011 |
| സെന്റ് ജോസഫ് റിപ്പൺ | – | 18–4–2011 |

കോൺഫ്രൻസുകൾ നിശ്ചിത തീയതികളിൽ തന്നെ സന്ദർശനം നടത്തുകയും ശുശ്രൂഷയ്ക്കുള്ള സമയം കണ്ടെത്തുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. വലിയ നോമ്പിന്റെ ചൈതന്യത്തിലേയ്ക്ക് വളരുവാൻ ഏവർക്കും കഴിയുമാറാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

**ബ്ര. എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## സംസ്ഥാന ജനറൽ ബോഡിയോഗം

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന ജനറൽ ബോഡി യോഗം ജനുവരി 27, 28 തീയതികളിൽ കൊച്ചി പാലാരിവട്ടം പി.ഒ.സി യിൽ വെച്ച് നടന്നു. കമ്മീഷൻ ചെയർമാൻ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികൾ നേതൃത്വം നൽകി. 2011-2012 വർഷത്തെ സംസ്ഥാന-റീജണൽ ഭാരവാഹികളെ യോഗത്തിൽ വെച്ച് തെരഞ്ഞെടുത്തു. രൂപതാ ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

സംസ്ഥാന ആനിമേറ്ററായി തെരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപതാ ആനിമേറ്ററായ സി. ജോവിറ്റ FCC ക്കും തലശ്ശേരി റീജണൽ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട മാനന്തവാടി രൂപതാ വൈസ് പ്രസിഡണ്ടുകൂടിയായ ശ്രീ. പി.എ.ജെയിംസിനും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

**മോചന 2011**

**തോമാട്ടുചാൽ**

മദ്യവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി ജനുവരി 25-ാം തീയതി തോമാട്ടുചാലിൽ മോചന 2011 നടത്തി. സൺഡേ സ്കൂളിന്റെ നേതൃത്വത്തിലാണ് മോചന സംഘടിപ്പിച്ചത്. സൺഡേ സ്കൂൾ അദ്ധ്യാപകൻ ശ്രീ. മനോജ് കക്കുഴിയിൽ, രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ ക്ലാസ്സ് നയിച്ചു.

**ആണ്ടൂർ**

മദ്യവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി ആണ്ടൂരിൽ മോചന ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടി ജനുവരി 26 ന് സംഘടിപ്പിച്ചു. സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോസഫ് കുഴിയാറ

ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ മോചനയ്ക്ക് നേതൃത്വം നൽകി. തോമാട്ടുചാൽ, ആണ്ടൂർ എന്നിവിടങ്ങളിൽ മോചന നടത്തുവാൻ നേതൃത്വം നൽകിയ ഇടവക വികാരി ബഹു. ജോസ് കളപ്പുര അച്ചന് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

**പള്ളിക്കുന്ന്**

പള്ളിക്കുന്ന് ഗ്രാമ വികസന സമിതിയുടെ ആഭിമുഖ്യത്തിൽ മോചന ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടി നടത്തി. പള്ളിക്കുന്ന് ഇടവക അസി. വികാരി മോചന ഉദ്ഘാടനം ചെയ്തു. ശ്രീ.ഫ്രാൻസീസ് സാർ പരിപാടികൾക്ക് നേതൃത്വം നൽകി. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ മോചന സെമിനാർ നയിച്ചു. ജനുവരി 29 ന് വൈകുന്നേരമാണ് മോചന സംഘടിപ്പിച്ചത്.

**ചുണ്ടക്കര**

ചുണ്ടക്കര സെന്റ് സെബാസ്റ്റ്യൻസ് ഇടവക സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി ജനുവരി 30 ന് ഞായറാഴ്ച മോചന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ഇടവക വികാരി മോൺ. ജോസഫ് കണിയാമറ്റം ഉദ്ഘാടനം ചെയ്തു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഫ്രാൻസീസ് സാർ അദ്ധ്യക്ഷത വഹിച്ചു. രൂപത സെക്രട്ടറി ശ്രീ. ടോമി എൻ.യു. മോചനയ്ക്ക് നേതൃത്വം നൽകി. പരിപാടി സംഘടിപ്പിച്ച വികാരിയച്ചനും സൺഡേ സ്കൂൾ അദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.

**കല്ലുപാടി**

മഹാത്മാ വായനശാല കല്ലുപാടിയുടെ നേതൃത്വത്തിൽ വായനശാലാ വാർഷികത്തോടനുബന്ധിച്ച് മോചന 2011 സംഘടിപ്പിച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ പരിപാടികൾക്ക് നേതൃത്വം നൽകി. പരിപാടി സംഘടിപ്പിച്ച വായനശാലാ നേതൃത്വത്തിനും, ശ്രീ ബെന്നി വെട്ടിക്കലിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**നടവയൽ സെന്റ് തോമസ് എച്ച്.എസ്**

നടവയൽ സെന്റ് തോമസ് ഹൈസ്കൂളിൽ ഫെബ്രുവരി 18 ന് ഏകദിന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. രാവിലെ 10.30 മുതൽ 1 മണി വരെ യു.പി. വിഭാഗത്തിനും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ 8-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുമാണ് ബോധവൽക്കരണ പരിപാടി നടത്തിയത്. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.എം.എം. ടോമി സാർ പരിപാടികൾ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി എൻ.യു. ടോമി എന്നിവർ നേതൃത്വം നൽകി.

**മദ്യവിരുദ്ധ വാരാചണം**

മുൻ വർഷത്തെ അപേക്ഷിച്ച് ധാരാളം ഇടവകകളിൽ മദ്യവിരുദ്ധ ഞായറും, മദ്യവിരുദ്ധ വാരാചണവും സംഘടിപ്പിച്ചു എന്നത് വളരെയധികം ആഹ്ലാദകരവും പ്രതീക്ഷാനിർഭരവുമാണ്. ഇടവകകളിൽ മദ്യവിരുദ്ധ സന്ദേശം നൽകുവാൻ നമ്മുടെ കൂട്ടായ ശ്രമങ്ങൾകൊണ്ട് സാധിച്ചു. വിവിധ ഇടവകകളിൽ റാലികൾ, സെമിനാറുകൾ, വിവിധ മത്സരങ്ങൾ, ലഘുലേഖ വിതരണം, പ്രാർത്ഥനാദിനം എന്നിവ സംഘടിപ്പിച്ചു.

ഇടവക മതബോധന രംഗത്തിന്റെ പ്രത്യേകമായ ശ്രദ്ധയും നേതൃത്വവും ആ വിജയത്തിന്റെ പിന്നിൽ ഉണ്ടായിരുന്നു. ഇടവക മതബോധന പ്രവർത്തകരെ, പ്രത്യേകിച്ച് ഹെഡ്മാസ്റ്റർ, അദ്ധ്യാപകർ, സംഘടനാ നേതാക്കൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

സൺഡേ സ്കൂൾ പ്രധാനാധ്യാപകരുടെ രൂപതാ യോഗത്തിൽ വെച്ച് മദ്യവിരുദ്ധ വാരാചരണത്തെപ്പറ്റി സംസാരിക്കാൻ അവസരം നൽകുകയും മദ്യവിരുദ്ധ ഞായർ പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേക നേതൃത്വവും താൽപ്പര്യവും എടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്ത രൂപതാ ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിൽ അച്ചന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

**മദ്യവിരുദ്ധ ഞായർ പിരിവ്**

മദ്യവിരുദ്ധ ഞായറിന് ലഭിക്കുന്ന സംഭാവനയാണ് സംഘടനയുടെ പ്രവർത്തനത്തിനുള്ള ഏക ഫണ്ട്. അതിനാൽ മദ്യവിരുദ്ധ ഞായർ പിരിവ് രൂപതയിൽ എത്തിക്കാത്ത ഇടവകകൾ എത്രയും വേഗം എത്തിക്കുമല്ലോ.

**മദ്യവിരുദ്ധ വാരാചരണ റിപ്പോർട്ടുകൾ**

മദ്യവിരുദ്ധ വാരാചരണ പ്രവർത്തനങ്ങളുടെ ഇടവകാ റിപ്പോർട്ട് രൂപതാ ഡയറക്ടറെ ഏൽപ്പിക്കാത്ത ഇടവകകൾ എത്രയും വേഗം എത്തിക്കുമല്ലോ.

**അനുശോചനം**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ രൂപതാ സെക്രട്ടറി ശ്രീ. ടോമി നെടുംകൊമ്പിലിന്റെ വന്ദ്യ പിതാവ് ശ്രീ. ഉലഹന്നാൻ നെടുംകൊമ്പിൽ ഫെബ്രുവരി 11-ാം തീയതി ഈ ലോകത്തോട് വിട പറഞ്ഞു. ഉലഹന്നാൻ ചേട്ടന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കാനായി പ്രാർത്ഥിക്കുകയും ദുഃഖാർത്തരായിരിക്കുന്ന നെടുംകൊമ്പിൽ കുടുംബാംഗങ്ങളോടുള്ള സമിതിയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

## റേഡിയോ മാറ്റൊലി 90.4 mhz

**വയൽനാട്**

ആത്മ (ATMA) യുടെ സഹകരണത്തോടെ നടത്തുന്ന കാർഷിക വിജ്ഞാപന വ്യാപന പരിപാടിയ്ക്ക് തുടക്കമായി. വയൽനാട്, ആത്മ-ഞാറ്റുവേല എന്നീ പേരുകളിലാണ് പ്രക്ഷേപണം ചെയ്യുന്നത്. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം 22-1-2011 ന് കൃഷി വകുപ്പ് മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ നിർവ്വഹിച്ചു. ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ഡോ. പ്രതാപൻ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ശ്രീ. പി. വിക്രമൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**ഹരിതം ഊർജ്ജിതം**

കോഫീ ബോർഡിന്റെ സഹകരണത്തോടെ കാപ്പി കർഷകർക്കുവേണ്ടി ഹരിതം ഊർജ്ജിതം എന്ന പരിപാടി പ്രക്ഷേപണം തുടങ്ങി. കാപ്പി നടീൽ, വിവിധസമയങ്ങളിലെ പരിചരണം, രോഗപ്രതിരോധനടപടികൾ, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങിയ വിഷയങ്ങളാണ് ഈ പരമ്പരയിൽ ഉൾപ്പെടുന്നത്.

**പഠനയാത്രാ സംഘങ്ങൾ**

കൊറിയൻ കാത്തലിക് ഫാർമേഴ്സ് മൂവ്മെന്റിന്റെയും ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് റൂറൽ അഡൽറ്റ് കാത്തലിക് മൂവ്മെന്റിന്റെയും (FIMARC) പ്രതിനിധികൾ റേഡിയോ മാറ്റൊലി സന്ദർശിച്ചു. ദക്ഷിണ ഇന്ത്യയിലെ കാർഷിക മേഖലയെപ്പറ്റിയുള്ള പഠനത്തിന്റെ ഭാഗമായിരുന്നു സന്ദർശനം.

**അതിഥികൾ**

റേഡിയോ വത്തിക്കാന്റെ ഇംഗ്ലീഷ് വിഭാഗത്തിൽ ജോലിചെയ്യുന്ന ഫാ. പി.ജെ.ജോസഫ് റേഡിയോ മാറ്റൊലി സന്ദർശിച്ചു. വെസ്റ്റ് ബംഗാളിലെ 'ചിത്രവാണി' യുടെ ഡയറക്ടറായി 15 വർഷം സേവനമനുഷ്ഠിച്ചതിനുശേഷമാണ് അദ്ദേഹം റേഡിയോ വത്തിക്കാനിൽ എത്തിയത്.

സിനിമാ നിർമ്മാണത്തെക്കുറിച്ചും ചിത്രവാണിയുടെ പ്രവർത്തനങ്ങളെ ക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

**അറുപതിന്റെ നിറവിൽ**

മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. തോമസ് ജോസഫ് തേരകത്തിന്റെ 60-ാം പിറന്നാൾ ആഘോഷിച്ചു. വികാരി ജനറാൾ വെരി. റവ.ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷനായിരുന്നു. വിവിധ പ്രോഗ്രാമുകൾ തയ്യാറാക്കുന്നവരും വോളണ്ടിയേഴ്സും ആശംസകൾ അർപ്പിക്കാൻ എത്തിയിരുന്നു.

**ന്യൂസ് ഹണ്ട് - ക്വിസ് മത്സരം**

പ്ലസ് ടു, കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ ന്യൂസ് ഹണ്ട് സെമി ഫൈനൽ ക്വിസ് മത്സരത്തിൽ മേരിമാതാ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനന്തവാടി, ന്യൂമാൻസ് കോളേജ് മാനന്തവാടി, സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ കല്ലോടി, ഗവ. വൊക്കേഷൻ ഹയർ സെക്കണ്ടറി സ്കൂൾ മാനന്തവാടി, ഗവ.മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ വെള്ളമുണ്ട എന്നീ വിദ്യാലയങ്ങൾ ഫൈനൽ മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

**ട്രെയിനിംഗ്**

ഫീൽഡ് റിപ്പോർട്ടേഴ്സിനുള്ള ഏകദിന പരിശീലനപരിപാടി ഫെബ്രുവരി 12-ന് നടന്നു. പത്തോളം അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി.ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

&

1. 75 Students represented the College in the Kannur Univ.Arts Festival and brought home number of Prizes.
2. Around 50 Students attended the Altius Seminar organized by the World Malayalee Council @ Ernakulam in late January.
3. Around 100 Higher Secondary School students from the Tribal Communities in Wayanad attended the Life Skills Training organized on the Campus on 23 January.
4. The UGC Sponsored Coaching for Entry in Various Services is being organized @ the Newman's College during weekends. More than 100 youth attend the program regularly. Resource Persons are brought from the field to assist the job-aspirants. The program is coordinated by Fr. Biju Thuruthel, Fr. Principal of the Newman's College, and Dr. Rakesh Kalia.
5. The common Farewell in honour of the Outgong Students was organized on 1 February. The Patron, Rt.Rev. Dr.Jose Porunedom delivered the Blessings. Fr.Robin Vadakkancheril, the Manager declared the Annual Alumni Meet on 26 December every Year. Sri. George Thomas coordinated.
6. The UGC has sanctioned 25 Lakhs for upgrading infrastructure facilities and 42 Lakhs for an Indoor Stadium cum Field Upgradation.

**Dr. Raju George**
Principal

## CEADOM (സിഡോം)-വിദ്യാഭ്യാസരംഗം

മാനന്തവാടി രൂപതയുടെ വിദ്യാഭ്യാസ പ്രേഷിതരംഗത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രധാനപ്രവർത്തനങ്ങളെ കുറിച്ച് സഭാസമൂഹത്തെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്.

### 1. കോർപ്പറേറ്റ് സ്കൂളുകൾക്ക് ന്യൂനപക്ഷ പദവി ലഭിച്ചു

ഏറെ അഭിമാനത്തോടും സന്തോഷത്തോടുംകൂടെ പറയട്ടെ, മാനന്തവാടി രൂപത കോർപ്പറേറ്റ് ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന 40 വിദ്യാലയങ്ങൾക്കും ന്യൂഡൽഹിയിൽ ചേർന്ന ന്യൂനപക്ഷ കമ്മീഷൻ ന്യൂനപക്ഷപദവി അനുവദിച്ചുത്തരവായി. 10-2-2011 ന് ചേർന്ന കമ്മീഷൻ യോഗത്തിൽ വച്ച് ആലാറ്റിൽ, അമ്പായത്തോട് L.P, അരിഞ്ചേർമല, കണിയാരം L.P, ഏലപ്പീടിക, ഒണ്ടയങ്ങാടി, പോരൂർ, പുതിയിടംകുന്ന്, വെള്ളൂന്നി, മണിമൂളി L.P, ദ്വാരക, ഇടിവണ്ണ, കല്ലോടി U.P, കൊമ്മയാട്, തവിഞ്ഞാൽ, അടയ്ക്കാത്തോട് HS, ബത്തേരി HS, കബനിഗിരി HS, കൊട്ടിയൂർ HS, മണിമൂളി HS, നടവയൽ HS, പയ്യമ്പള്ളി, കല്ലോടി HS, കണിയാരം HS, കൊട്ടിയൂർ HSS, എന്നീ 27 വിദ്യാലയങ്ങൾക്ക് ന്യൂനപക്ഷ പദവി അനുവദിച്ചു. ന്യൂനപക്ഷ പദവി ലഭിച്ചതോടെ വർഷങ്ങളായി കോർപ്പറേറ്റിലെ മാനേജുമെന്റും അദ്ധ്യാപകരും നിയമനകാര്യങ്ങളിലും നടത്തിപ്പ് കാര്യങ്ങളിലും ന്യൂനപക്ഷാനുകൂല്യങ്ങൾ ലഭിക്കുന്ന കാര്യത്തിലും അനുഭവിച്ചിരുന്ന ഒട്ടനവധി ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി. പദവി അനുവദിച്ച ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങൾക്കും അതിനായി പരിശ്രമിച്ച എല്ലാവർക്കും നന്ദി.

### 2. നന്ദിയുടെ നറുമലരുകൾ

ദീർഘനാൾ നമ്മുടെ വിദ്യാലയങ്ങളിൽ സേവനം ചെയ്ത് ആയി

രങ്ങൾക്ക് ജ്ഞാനദീപം തെളിച്ച് നൽകി 2011 മാർച്ച് 31 ന് സേവനരംഗത്തുനിന്നും വിരമിക്കുന്ന ആരാധ്യരായ 29 അദ്ധ്യാപക ശ്രേഷ്ഠർ നമ്മുടെ കോർപ്പറേറ്റ് സംവിധാനത്തിന് നൽകിയ അകമഴിഞ്ഞ സഹകരണത്തിനും സേവനത്തിനും ആയിരമായിരം നന്ദി. അവരുടെ ശിഷ്ട ജീവിതകാലം ഐശ്വര്യപൂർണ്ണവും സന്തോഷപ്രദവുമാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ആശംസകൾ നേരുന്നു.

വിരമിക്കുന്ന അദ്ധ്യാപകരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

**2011 മാർച്ചിൽ സേവനരംഗത്ത് നിന്നും വിരമിക്കുന്ന അദ്ധ്യാപകർ**

| SlNo. | Name | Designation | School |
|---|---|---|---|
| 1 | Claramma Cyriac | HSA (Social Science) | Manimooly Christ King H.S |
| 2 | Rosamma V.J | HSA (Social Science) | Manimooly Christ King H.S |
| 3 | Mariaet J Mattom | HSA (Maths) | Manimooly Christ King H.S |
| 4 | K.P.Abida | JLT (Arabic) | Manimooly Christ King H.S |
| 5 | Joseph Thomas P | Peon (UP) | Ambayathode A.U.P.S |
| 6 | Mary P.C | HM | Padichira, St. Sebastian's A.U.P School |
| 7 | James Xavier | HM | Edivenna, St. Thomas U.P.S |
| 8 | Alice Jose | HSA (PS) | Kallody, St. Joseph's H.S |
| 9 | Rosamma M.T | LPSA | Thariod, St. Mary's U.P.S |
| 10 | Valsamma Thomas | Principal | Payyampally, St.Catherins H.S.S |
| 11 | Radha P.K | JLT (Hindi) | Thariod St. Mary's U.P.S |
| 12 | Chinnamma U.P | LPSA | Mullankolly St.Thomas U.P.S |
| 13 | Hussian K | JLT (Arabic) | Ondayangadi St. Martin's L.P School |
| 14 | Mary K.J | HSA (Social Science) | Sulthan Bathery Assumption H.S |
| 15 | Chinnamma M.J | HM | Manimooly Christ King L.P.S |
| 16 | Aleyamma Thomas | LPSA | Manimooly Christ King H.S |
| 17 | Thresiamma T.D | HM | Kabanigiri, St.Mary's U.P.S |
| 18 | Michael V.C | HM (HS) | Kabinigiri Nirmala H.S |
| 19 | Thomas N.V | HSA (Social Science) | Kabinigiri Nirmala H.S |

| | | | |
|---|---|---|---|
| 20 | Thankamma K.T | LPSA | Pazhoor St. Antony's U.P.S |
| 21 | Lilly Abraham | LPSA | Mullankolly St.Thomas U.P.S |
| 22 | Elsy P.J | LPSA | Mullankolly St. Thomas U.P.S |
| 23 | I.M Devasia | HSA (English) | Sulthan Bathery Assumption H.S |
| 24 | Kuriakose T.J | JLT (Urdu) | Kommayad St. Sebastian's U.P. School |
| 25 | Ivachan.T.James | JLT (Urdu) | Mullankolly St. Thomas U.P.S |
| 26 | O.M.Marys | HM | Pazhoor St. Antony's U.P.S |
| 27 | Kurian K.U | HSA (Social Science) | Payyampally, St. Catherin's H.S |
| 28 | K.P Ramachandran | JLT (Urdu) | Ambayathode A.U.P.S |
| 29 | John Sebastian | PET | Mananthavady, St. Joseph's T.T.I |

### 3. ഫലപ്രദമായ കൗൺസിലിംഗ്

വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന പിരിമുറുക്കവും, വിഷാദരോഗ ലക്ഷണങ്ങളും, ദുശ്ശീലസ്വാധീനങ്ങളും അപകടകരമായ ഇതര പ്രവണതകളും വിദ്യാഭ്യാസ ലക്ഷ്യങ്ങളെ നശിപ്പിക്കുന്നതായി പരക്കെ ആശങ്കയും ആക്ഷേപവും ഉയർന്ന സാഹചര്യത്തിൽ നമ്മുടെ വിദ്യാലയങ്ങളിൽ 2009-10 വർഷം ആരംഭിച്ച കൗൺസിലിംഗ് പരിപാടി 2010 -11 വർഷവും ഫലപ്രദമായി നടന്നു. കൗൺസിലിംഗിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ 15 കന്യാസ്ത്രികളെയാണ് ഇതിനായി നിയമിച്ചത്. അവരുടെ ഇടപെടലുകളിലൂടെ വിദ്യാർത്ഥികളിലും വിദ്യാലയങ്ങളിലും നടക്കുന്ന ഞെട്ടിപ്പിക്കുന്ന സംഭവങ്ങളും അനുഭവങ്ങളും മനസിലാക്കാനും പരിഹാരം നിർദ്ദേശിക്കാനും കഴിഞ്ഞിട്ടുണ്ട്. ബഹു. സിസ്റ്റേഴ്സിന് നന്ദി.

### 4. W.W.W. Ceadom.Org. പ്രവർത്തനക്ഷമമായി

നമ്മുടെ രൂപതയിലെ എല്ലാ വിദ്യാലയങ്ങളെയും ബന്ധിപ്പിക്കുന്ന Portel നിലവിൽ വരികയും പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. സ്കൂൾ നടത്തിപ്പിന് ഏറെ സഹായകമായ ഈ സംവിധാനം നിലവിൽ വരുന്ന കേരളത്തിലെ ആദ്യ രൂപതയാണ് മാനന്തവാടി. എല്ലാ വിദ്യാലയങ്ങൾക്കും അദ്ധ്യാപകർക്കും പ്രത്യേകം പ്രത്യേകം Password ഉള്ള സംവിധാനം വഴിയാണ് ഇപ്പോൾ അവധി അപേക്ഷ

കളും, സ്ഥലമാറ്റത്തിനുള്ള അപേക്ഷയും, നിയമന ഉത്തരവുകളും സ്ഥലമാറ്റ ഉത്തരവുകളും ഭരണപരമായ നിർദ്ദേശങ്ങളും നൽകുന്നതും സ്വീകരിക്കുന്നതും. അദ്ധ്യാപനത്തിന് സഹായകമായ വിവിധതരം പരിപാടികൾ ഇതിലൂടെ ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**5.അദ്ധ്യാപകനിയമനം 2011-2014 - നടപടികൾ**

നിലവിലുണ്ടായിരുന്ന റാങ്ക്ലിസ്റ്റിന്റെ കാലാവധി അവസാനിച്ചു. പുതിയ റാങ്ക്ലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടവും സുതാര്യമാക്കാൻവേണ്ടി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും യഥാസമയം കോർപ്പറേറ്റിന്റെ Website ൽ പ്രസിദ്ധീകരിക്കുന്നു. നമ്മുടെ Site www.ceadom.org.

**6. സീറോ കാർബൺ & എവർ ഗ്രീൻ പദ്ധതി**

2010-11 വർഷം നമ്മുടെ വിദ്യാലയങ്ങളിൽ നടത്തിയ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനമാണ് സീറോ കാർബൺ & എവർഗ്രീൻ പദ്ധതി. ആഗോളതാപനവും പരിസ്ഥിതി നാശവും സംബന്ധിച്ച് സഭയുടെ നിലപാടുകളോട് ചേർന്ന് ചിന്തിക്കുകയും മേൽപ്പറഞ്ഞ രണ്ട് ഘടകങ്ങളും "ജീവന്" നേരെ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം ജനിപ്പിക്കാനും മേൽപ്പറഞ്ഞ വെല്ലുവിളികൾക്ക് പരിഹാരം തേടാൻ പരിശീലിപ്പിക്കുകയുമാണ് പദ്ധതി ലക്ഷ്യം. വിദ്യാലയത്തിന് ഒരു കീ. മീറ്റർ ചുറ്റളവിലും വീടിന് പരിസരത്തും പറമ്പിലും വൃക്ഷതൈകൾ നട്ട് വളർത്തുക - ഓരോ വ്യക്തിയും ഓരോ കുടുംബവും പുറത്തേക്ക് തള്ളുന്ന കാർബണിന്റെ അളവ് കണക്കാക്കുക അത് കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ ഒട്ടനവധി പ്രവർത്തനങ്ങളുള്ള ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്ന ഏക വിദ്യാഭ്യാസ ഏജൻസി നമ്മളാണ്. അടുത്ത വർഷത്തെ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ആസൂത്രണ ഘട്ടത്തിലാണ്.

**7. അധ്യാപനം ആധുനിക രീതിയിൽ**

Portel സംവിധാനം നിലവിൽ വന്നതോടെ അദ്ധ്യാപനരംഗത്ത് ഗുണപ്രദമായ പല മാറ്റങ്ങളും വന്നു കഴിഞ്ഞു. സ്വന്തമായി ലാപ് ടോപ്പ് ഉള്ള അദ്ധ്യാപകർ ലഭ്യമായ സൗകര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി അധ്യാപനം ഗുണപ്രദമാക്കുന്നു. ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നത് അധ്യാപനത്തിന്റെ നിലവാരം മെച്ചപ്പെടുത്തു

മെന്ന തിരിച്ചറിവ് സ്വന്തമായി ഒരു ലാപ് ടോപ്പ് വേണമെന്ന തീരുമാനത്തിലേക്ക് ഭൂരിപക്ഷം അദ്ധ്യാപകരേയും എത്തിച്ചിട്ടുണ്ട്. 2011-12 അവസാനിക്കുമ്പോൾ കോർപ്പറേറ്റിലെ എല്ലാ അദ്ധ്യാപകർക്കും സ്വന്തമായി ലാപ് ടോപ്പ് ഉണ്ടാകുമെന്നതിൽ സംശയമില്ല. ഇത് വളരെ വലിയൊരു നേട്ടമാകും, മാറ്റമാകും സഹകരിക്കുന്നവർക്കെല്ലാം നന്ദി.

**8. സ്കൂൾകെട്ടിടങ്ങളുടെ നിർമ്മാണം ദ്രുതഗതിയിൽ**

പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ പലതും പുതുക്കി പണിയേണ്ട അവസ്ഥയിലാണ്. ഒറ്റയടിക്ക് എല്ലാം സാധ്യമല്ലെങ്കിലും ഫിറ്റ്നസ് കിട്ടാൻ പ്രയാസമുള്ളതും പുതിയ നിയമമനുസരിച്ച് ഉണ്ടാകാവുന്ന ക്ലാസ്സുകളുടെ വ്യത്യാസത്തിനനുസരിച്ച് അധികം ഉണ്ടായിരിക്കേണ്ട കെട്ടിട സൗകര്യങ്ങളും പരിഗണിച്ച് അടിയന്തരമായി പൂർത്തീകരിക്കേണ്ട കെട്ടിടനിർമ്മാണം പുരോഗമിക്കുന്നു. അടുത്ത വർഷാരംഭത്തിനുമുമ്പ് പൂർത്തീകരിക്കണമെന്ന ചിന്തയിൽ കല്ലോടി, നടവയൽ, അമ്പായത്തോട്, പഴൂർ, തരിയോട്, ബത്തേരി എന്നിവിടങ്ങളിൽ കോർപ്പറേറ്റിന്റെയും അദ്ധ്യാപകരുടെയും, രക്ഷിതാക്കളുടെയും, ഇടവകക്കാരുടെയും സഹകരണത്തോടെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നു. ഇക്കാര്യത്തിലും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. സഹകരിക്കുന്ന എല്ലാവർക്കും നന്ദി.

സസ്നേഹം,

**ഫാ. റോബിൻ വടക്കൻചേരിൽ**

കോർപ്പറേറ്റ് മാനേജർ



# Programme

## Pastoral Centre, Dwaraka

### *March - 2011*

| | | |
|---|---|---|
| *04 Fri* | - | *Zion CRC : Night Vigil* |
| *05 Sat* | - | *Zion CRC : Prayer Day, Christeen Prayer Day* |
| *06 Sun* | - | *KCYM : Secretariat / Syndicate* |
| *13 Sun* | - | *Jesus Youth : Prayer Day* |
| *11Fri-13Sun* | - | *Catechism: Valuation Camp* |
| *11Fri-14Mon* | - | *Marriage Preparation Course* |
| *15 Tue* | - | *Marian Singles* |
| *20 Sun* | - | *CML : Executive* |
| *22 Tue* | - | *CMA : Executive* |
| *25Fri-28 Mon* | - | *Marriage Preparation Course* |
| *26 Sat* | - | *HDC; CML : Team Meeting* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



## Bishop's Programme

### 2011 March

| | | | |
|---|---|---|---|
| 1 | Tue | ............. | Thonichal : First Profession of SKD Novices and Final Profession of Sisters |
| 2 | Wed | ............. | Pulickal : Blessing of the Convent of LSDP Sisters |
| 3 | Thu | Morning | Deepthi Bhavan : 25th Anniversary of the Foundation of St. Mary's Province Mananthavady |
| | | Afternoon | Pattanikoopp, Blessing of Chapel |
| 4 | Fri | ............... | Out of Station |
| 5 | Sat | Morning | Dwaraka : Farm Wayanad Food Security Meet |
| | | Evening | Pulpally : Kripalaya Special School Anniversary |
| 6 | Sun | ............. | Cheengeri : Blessing of Chapel |
| 7 | Mon | ............. | Ash Monday |
| 8 | Tue | ............. | Engaged |
| 9 | Wed | ............. | Visitors' day |
| 10 | Thu | ............. | Engaged |
| 11 | Fri | ............. | Out of Station |
| 12 | Sat | ............. | Bethania, Pullоorampara: Teachers'Meet |

*13 Sun ............. Kadalmad: Pastoral Visit*

*14 Mon ............. Out of station*

*15 Tue ............. Thomattuchal : Blessing of CST House*

*16 Wed ............ Out of Station*

***March 17-April 14 :*** *Rome*

*April 17 Sun .... Cathedral : Palm Sunday*

*18 Mon ............ Minor Seminary : Minor Orders*

*21 Thu ............ Cathedral : Maundy Thursday*

*22 Fri ............ Cathedral : Good Friday*

*24 Sun ............ Cathedral : Easter*

*25 Mon ............ Minor Seminary : Interview*

*26 Tue ............ Rippon : First Communion and Confirmation*

*27 Wed ............ Kakkanad : Mount St. Thomas*

*28 Thu ............ Karackamala : Ordination of Dn.Sherit Kappiyarumalayil MST*

*29 Fri ............ Out of Station*

*30 Sat ............ Dwaraka : Vestition and First Profession of SABS Novices, Final Profession of SH Sisters, Silver & Golden Jubilee of SH & SABS Sisters*